3985

രാജ്ഞി സഫിറിയ.

ISLAMIC

ഗ്രന്ഥകർത്താവ്:

അബ്ദുൽഖാദർ ഖാദി.

വില 14ണ.
(87 നയാ പൈസ)

ഈ ബുക്കിലെ 63 പേജ് വാചകം

രാജ്ഞി സഫീറിയ.

AMINA BOOK STALL,
TRICHUR-1.

ഗ്രന്ഥകർത്താ:

അബ്ദുൽഖാദർ ഖാരി.



പ്രസാധകന്മാർ:

സി. എച്ച്. മുഹമ്മദ് & സൺസ്

(പകർപ്പവകാശം പ്രസാധകന്മാരിൽ.)

[കോപ്പി 1000]

ഒന്നാം പതിപ്പ്.

1957 മെയി 1-ാംതീ

ആമിനൽ ഇസ്ലാം പവർ പ്രസ്സ്, തിരൂരങ്ങാടി.

മുഖവുര.

ഈ പുസ്തകം എഴുതി തീർക്കുവാൻ സാധിച്ചതിൽ അല്ലാഹുവിനെ സ്തുതിക്കുന്നു.

മൂന്നു ചരിത്ര കഥകളാണ് ഇതിന്റെ ഉള്ളടക്കം.

യസീദിന്റെ അജ്ഞാത ഘാതകി— യസീദിനെ സംബന്ധിച്ച് ഏതാണ്ടൊരു വിവരം നമുക്കുണ്ടെങ്കിലും, യസീദിന്റെ മരണം, മരണത്തിനുഹേതുവായ വ്യക്തി ആദിയായവ നമുക്ക് അധികം പേർക്കും അജ്ഞാതമായിട്ടാണിരിക്കുന്നത്. യസീദിനെ വധിക്കുവാൻവേണ്ടി ഒരു വീര തരുണി ചെയ്ത സാഹസങ്ങളാണ് ആ കഥയിൽ വിശദമാക്കിട്ടുള്ളത്.

രണ്ടാമത്തെ കഥ "ബാഹദ്ദർഷായെ പാട്ടിലാക്കിയ പറങ്കിപെണ്ണ്" പോർത്തുഗീസുകാരുടെ കുതന്ത്രങ്ങളേയും, സ്വാർത്ഥ ലാഭത്തിനുവേണ്ടി അവർ കൈക്കൊണ്ടിരുന്ന നിർലജ്ജമായ പ്രവർത്തികളേയും വിളിച്ചോതുന്നു.

രാജ്ഞി സഫീരിയാ— ഹിജ്റ 403ൽ നടന്ന ഒരു ചരിത്ര സംഭവം. സഫീരിയാ രാജ്ഞി തന്റെ സുന്ദര്യം പ്രകടമാക്കിക്കൊണ്ട് യഅ്ഫൂരി നേതാവായ ഇംറാനോട്ടു പൊരുതുന്നതും, രണപട്ടവായ ഇംറാനിൽ പ്രേമബദ്ധയായവും ഇംറാനെ പരാജിതനാക്കുന്നതും, പിന്നെ രാജ്ഞിയുടെ സൗന്ദര്യത്തിൽ ഭ്രമിച്ച അയാൾ അന്തംവിട്ടുനിന്നു പോകുന്നതുമാണ് കഥയുടെ ആദ്യ ഭാഗത്തിൽക്കൂടി വിശദമാവുന്നത്. പിന്നെ രണാങ്കണത്തിൽ വെച്ച് ഒരു യമൻ ഭടൻ അയാളെ മുറിവേല്പിക്കുന്നു. വധിക്കരുതെന്നു രാജ്ഞി ശാസിക്കുന്നു. മുറിവേറ്റ ഇംറാൻ ചികിത്സയി

ലിരിക്കുന്നു. തദവസരത്തിൽ രാജ്ഞി അവിടെ പോവുന്നു. ആ സംഭവം യമൻ ജനതയെ സംശയ ഗ്രസ്തരാക്കിചമക്കുന്നു.

അവർ അവളെ അപലപിക്കുന്നു. അങ്ങനെയിരിക്കുമ്പോഴും ഇംറാൻ തൂക്കിലിടുവാൻ വിധിക്കപ്പെടുകയും ആ വിധിയെ രാജ്ഞി ശരിവെച്ചു് അയാളെ തടവിൽ പാപ്പിക്കയും ചെയ്യുന്നു. തൂക്കിലിടുന്നതിന്റെ മുൻ രാത്രി സഫീരിയാ രാജ്ഞി ജയിലിൽ എത്തി, ഇംറാനേയും കൊണ്ടു് ചാടിപ്പോവാൻ ശ്രമിക്കുന്നു. ആ ശ്രമം പരാജയത്തിൽ കലാശിച്ചു. കാമിനീ കാമുകന്മാർ ബന്ധസ്ഥരായി. അവരെ കല്ലെറിഞ്ഞു കൊല്ലുവാൻ യമൻ ജനത തീച്ചയാക്കുന്നു. കല്ലേറുകൊണ്ടു് അർദ്ധ പ്രജ്ഞരായി നിലം പതിച്ചുപോയ അവർ കൽ ക്കുമ്പാരത്തിനടിയിലാവുന്നു. അപ്പോഴേക്കും യങ്ഫൂരി ഭടന്മാർ അവിടെ എത്തി അവരെ രക്ഷിക്കുന്നു. താമസം വിനാ അവർ ദാമ്പത്യ ബന്ധത്തിൽ ഏർപ്പെടുകയും സഫീരിയാ യമൻ രാജ്ഞിയായി വാഴുകയും ചെയ്യുന്നു. അതാണു് മൂന്നാമത്തെ കഥ.

പുസ്തകത്തിനു "രാജ്ഞി സഫീരിയാ" എന്നു പേർ വെക്കുവാൻ കാരണം അതിലെ നല്ല കഥയും അവസാനത്തേതും രാജ്ഞി സഫീരിയാ ആയതുകൊണ്ടാണു്.

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഏറെറടുത്തു എന്റെ ഈ യത്നത്തെ സഫലമാക്കിത്തീർത്ത സി. എച്ചു്. മുഹമ്മദു് ആൻറു് സൺസിനു എന്റെ ഹൃദയംഗമമായ നന്ദിരേഖപ്പെടുത്തികൊണ്ടു് ഈ പുസ്തകം സമർപ്പിച്ചുകൊള്ളുന്നു.

എന്നു്, ഗ്രന്ഥകർത്താ:—

Abdul Khadar Qari.

യസീദിന്റെ അജ്ഞാത ഘാതകി.

സൗന്ദര്യത്തിന്റെ മണി മകുടമായി പരിലസിച്ചിരുന്ന ആ തരുണീ മണിയുടെ ദേഹകാന്തി; പ്രകൃതിയുടെ കലാ വൈഭവത്തിനു ഒരു മാതൃകയായിരുന്നു. ശില്പകലാ വൈഭവത്തിൽ അദ്വിതീയനായ ഒരു വ്യക്തി; ചുവന്ന മാർബിളും കല്ലിൽ കൊത്തി പ്രതിഷ്ഠിച്ച ഒരു ദേവീ വിഗ്രഹം കണക്കെ അവളാ രാജകീയ കൂളിപ്പുരയിൽനില്ക്കുയാണു്. അവളാരാണു്? സൽമ:- അതാണവളുടെ പേരു്. രാജോചിതമായ ഒരു സ്ഥാനം നൽകുവാനാണു് അവളെ അവിടെകൊണ്ടു വന്നിരിക്കുന്നതു്. വാസന ദ്രവ്യങ്ങളും കലർത്തിയ ശുദ്ധ ജലം അതിന്റെ സുഗന്ധം പരത്തിക്കൊണ്ടു ആ മൃദുല ദേഹത്തിൽ തുള്ളി തുള്ളിയായി പതിക്കുന്നു. അവളുടെ വ്യഥയെ തണുപ്പിക്കാനെന്നപോലെ നിപതിക്കുന്ന ആ ജല കണങ്ങളും അവളിൽ ഒളിഞ്ഞു കിടന്നിരുന്ന പ്രതികാരവഹ്നിയെ വർദ്ധിപ്പിക്കുന്നു. അവളെ കൂളിപ്പിച്ചു വിശേഷ വസ്ത്രങ്ങളും ധരിപ്പിക്കുന്നിൽ ജാഗ്രൂകരായ ഏതാനും ദാസിമാരും തൊട്ടടുത്തു തന്നെയുണ്ടു്. പ്രസ്തുത ദാസീഗണങ്ങളുടെ മദ്ധ്യത്തിൽ നില്ക്കുന്ന അവളും നക്ഷത്ര ജാലങ്ങളാൽ ചുറ്റപ്പെട്ട പൂർണ്ണേന്ദുവിന്റെ പ്രതീതിയാണുളവാക്കിയിരുന്നതു്.

സ്ത്രീലമ്പടനാണു് "യസീദു്." അയാളുടെ അഭിലാഷ പൂർത്തിക്കുവേണ്ടി എണ്ണമറ്റ യുവതികളെ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അങ്ങനെ കൊണ്ടുവന്ന ഓരോ യുവതിക്കും സ്നാനം നല്കി അവരുടെ ദയനീയാവസ്ഥക്കു സാക്ഷ്യം വഹിച്ചു നില്ക്കുകയാണു് ആ കൂളിപ്പുര. അവരെ സ്നാനകർമ്മം ചെയ്യിക്കുവാൻവേണ്ടി ഒരു സംഘം ദാസിമാരെ നിയമി

ച്ചിട്ടുണ്ട്. യസീദിന്റെ നിഷ്ഠുര കൃത്യങ്ങൾക്ക് ഒരു വേള അവരും സാക്ഷ്യം വഹിച്ചെന്നുവരാം. എന്നാൽ ഒരു കാര്യം സമ്മതിക്കാതിരിക്കാൻ അവക്കാവില്ല. എന്താണ് ആ സംഗതി? അതിനുമുമ്പ് അവിടെ കൊണ്ടുവരപ്പെട്ട യുവതികളിൽ സെൽമയോളം രൂപലാവണ്യമുള്ള മറെറാരു യുവതിയുമില്ല എന്നതുതന്നെ. അവളോളം രൂപലാവണ്യമുള്ള ഒരു തരുണീമണിപോലും ആ കുളിപ്പുരയിൽ കാലെടുത്തു കുത്തിയിട്ടില്ല. അങ്ങനെ രൂപലാവണ്യത്തിൽ അദ്വതീയയായ സൽമയെ അവിടെ കൊണ്ടുവന്നപ്പോഠം യസീദിന്റെ കൊട്ടാരത്തിലെ ദാസീഗണങ്ങഠം നിരാശാ ഭരിതരാവുകയാണുണ്ടായത്. എങ്ങിനെയാണ് നിരാശപ്പെടാതിരിക്കുവാൻ കഴിയുക? അതിനുമുമ്പ് അവിടെകൊണ്ടുവരപ്പെട്ട ഓരോ യുവതിയേയും യസീദിന്റെ വികാരേച്ഛകഠംക്ക് ഇരയാക്കിയശേഷം നാശഗർത്തത്തിൽ തള്ളിയിടുകയാണുണ്ടായിട്ടുള്ളത്. ചിലർ യമപുരിയ്ക്കു യക്കപ്പെട്ടു. മറെറ ചിലർ താരുണ്യം നഷ്ടപ്പെട്ട വഴിയാധാരമായി. പ്രസ്തുത അനുഭവങ്ങഠംതന്നെയാണ് സൽമക്കും ഉണ്ടാവുന്നതെങ്കിൽ അതു കഷ്ടാൽ കഷ്ടതരമാണ്. ആ സംഗതി ഓർക്കുവാൻപോലും ആ ദാസികഠം അശക്തരാണ്. ഇനി യസീദിനെ സംബന്ധിച്ചാണെങ്കിൽ മധുവിധു നകർന്നശേഷം അവരെ വധിക്കുന്നതു വെറും ഒരു വിനോദം മാത്രമായി കരുതിയിരുന്നു. വിദഗ്ധനായ ഒരു ശിക്കാരെപ്പോലെയാണ് അതൊക്കെ അദ്ദേഹം കാട്ടിക്കൂട്ടിയിരുന്നത്. തന്റെ ഭരണീയരായ സാധു ജനങ്ങളുടെ നിരപരാധികളും, ചാരിത്ര്യവതികളും സൗന്ദര്യ നിധികളുമായ സ്ത്രീ സന്തതികളെ ശിക്കാറടിക്കുകയും അവസാനം അവരെ ചവുട്ടി തേച്ചു പുറം തള്ളുകയും ചെയ്യുക യസീ

ദിന്നു ഒരു വിനോദം മാത്രമായിരുന്നു. താല്ക്കാലികമായ അഭിലാഷപൂർത്തിക്കുശേഷം ആ തരുണീമണികളെ വഴിയാധാരമാക്കുക യസീദിന്റെ നിത്യവിനോദങ്ങളിൽ ഒന്നായിരുന്നു. യസീദിനെ സംബന്ധിച്ചേടത്തോളം ഒരു സ്ത്രീയുടെ യുവത്വവും ചാരിത്ര്യവും അപഹരിച്ചെടുത്ത് അവളെ വെറും വഴിയാധാരമാക്കുക എന്നത് ഒരു നിസ്സാര കാര്യമായിരുന്നു. അതിനൊന്നും യാതൊരു വിലയും അയാൾ കല്പിച്ചിരുന്നില്ല. സ്ത്രീലമ്പടനായതുകൊണ്ട് സൗന്ദര്യവതികളെ ബാഹ്യമായി മാത്രം ആദരിക്കുന്ന ഒരു സ്വഭാവം അയാൾക്കുണ്ടായിരുന്നു. എന്നാൽ നായ, കുരങ്ങ് മുതലായ വളർത്തു മൃഗങ്ങൾക്ക് ലഭിച്ചിരുന്ന അത്രപോലും നിലയും വിലയും ശുശ്രൂഷകളും അവർക്ക് ലഭ്യമായിരുന്നില്ല. നായ, കുരങ്ങ് തുടങ്ങിയ മൃഗങ്ങളെ വളർത്തുന്നതിലുള്ള തല്പരത അയാളിൽ പ്രശോഭിച്ചിരുന്നു: അവയെ ശുശ്രൂഷിക്കുന്നതിൽ അയാളുടെ ശ്രദ്ധയിൽ നൂറുശതമാനവും പതിഞ്ഞിരുന്നു. എന്നാൽ ഇതുപോലുള്ള യാതൊരു സ്ഥാനവും ഈ സുന്ദരീമണികൾക്ക് കരഗതമായിരുന്നില്ല. ചാരിത്ര്യ ഹൂഷണാനന്തരം അവരെ പട്ടികളെപ്പോലെ ആട്ടിപ്പായിക്കയായിരുന്നു പതിവ്. അങ്ങിനെ നിർദ്ദാക്ഷിണ്യം അവരോട് പെരുമാറുന്നതിന്ന് ചില ന്യായങ്ങളും തട്ടി മൂളിക്കാറുണ്ട്. പല അവസരങ്ങളിലായി അയാളെ സമീപിച്ച ചില ലലനാ മണികൾ ആ സ്ത്രീപ്രേമിയെ വധിക്കാൻപോലും തുനിഞ്ഞിട്ടുണ്ട്. അതു കാരണത്താൽ സ്ത്രീ സമുദായത്തെ അവിശ്വസിക്കാൻ അയാൾ നിർബ്ബന്ധിതനായി. തന്റെ ആ ജന്മശത്രുക്കളാണ് ലലനാമണികൾ എന്നു അയാൾ കരുതിയിരുന്നു.

ഷാം, ഇറാഖ്, അറബ് തുടങ്ങിയ രാജ്യങ്ങളിൽനിന്നു വന്നവരായ സ്ത്രീകളാണ് യസീദിനെ വധിക്കാൻ തുനിഞ്ഞവരിൽ ഭ്രൂരിഭാഗവും. ആ പ്രദേശങ്ങളിൽനിന്നു വന്ന സ്ത്രീകൾക്ക് ഇങ്ങനെയൊരു നിഷ്ഠുണ്ടക മനസ്ഥിതിയുണ്ടാവാൻ ചില കാരണങ്ങളും, ഇല്ലായ്കയില്ല. യസീദിനെതിരായ പ്രചാര വേലകളുടെ കേന്ദ്ര പട്ടണങ്ങളായിരുന്നു അതൊക്കെയെന്നുവരികിൽ അവിടെനിന്നു വരുന്നവർ അയാളുടെ വൈരികളായിതീർന്നതിൽ അത്ഭുതത്തിന്നവകാശമില്ലല്ലോ. തന്നെയുമല്ല തന്റെ കൊട്ടാരം ജീവനക്കാരിൽതന്നെ വലിയ ഒരു വിഭാഗം തനിക്കെതിരായ പ്രവർത്തനങ്ങളിൽ പങ്കുവഹിക്കുന്നുണ്ടെന്നു യസീദിന്നു തന്നെ അറിയുന്ന പരമാർത്ഥമായിരുന്നു. എന്നാൽ വെറും ഭരണീയർ മാത്രമായ അവക്ക് തന്നോടെന്തു ചെയ്യുവാൻ കഴിയും? എന്നുള്ള പൈശാചിക ചിന്തക്ക് വിധേയനായ അയാൾ തന്റെ ഉർവ്വത്തികളിൽനിന്നു വിരമിക്കുവാൻ ശക്തനായില്ല. അതുപോലെ സ്ത്രീലമ്പടനായ അദ്ദേഹത്തിന്നു പരസ്ത്രീകളെ സ്വീകരിക്കാതിരിക്കുവാനും കഴിഞ്ഞില്ല. ദിനം ദിനം വസ്ത്രങ്ങൾ മാറി മാറി ധരിക്കുന്നതുപോലെ നവ നവങ്ങളായ തരുണീ മണികളെ വരുത്തി തന്റെ നിശാകാലത്തെ ആനന്ദ തുന്ദിലമാക്കുവാൻ യസീദ് വെമ്പൽ കൊണ്ടിരുന്നു. ഈ കാരണത്താലാണ് യൗവന യുക്തയും പൂനിലാവുപോലെ പുഞ്ചിരിക്കുന്നവളും സൗന്ദര്യ്യ ധാമവുമായ സൽമയെ കൊട്ടാരത്തിലേക്കാനായിക്കപ്പെട്ടുകയുണ്ടായത്. നായാട്ടുകാരനു കിട്ടിയ ഉരുകണക്കെ അന്നത്തെ തന്റെ ക്ഷുത്തു് മാറുവാൻ ആ സാധു യുവതിയെ സജ്ജമാക്കുകയാണ്.

II

അന്ന പ്രഭാത സൂര്യൻ പുഞ്ചിരി തൂകുമ്പോഴാണ് ആ സൂര്യ പ്രഭയെ വെല്ലുവിളിക്കുമാറു ദേഹ കാന്തിയുള്ള സൽമ അവിടെ എത്തിച്ചേർന്നത്. നിശാരതിക്രീഡകൾക്കുവേണ്ടി പ്രത്യേകം സജ്ജമാക്കിയ ഒരു മുറിയിലാണ് യസീദ് അപ്പോൾ ഉണ്ടായിരുന്നത്. അവർക്കിടം പ്രഥമമായി യസീദിനെ കാണുവാൻ ഇടവന്നത് അന്നാണ്. സ്നാനാശനാദികളും നിത്യ കർമ്മങ്ങളും കഴിഞ്ഞ് സൽമയെ രാജോചിതമായ വസ്ത്രങ്ങളും ആഭരണങ്ങളും അണിയിച്ച് യസീദിരിക്കുന്ന ആ മുറിയിൽകൊണ്ടുവരപ്പെട്ടു.

ചിരകാലത്തെ അക്ഷീണ പരിശ്രമഫലം ഒന്ന് കൊണ്ട് മാത്രമാണ് സൽമയെ തന്റെ കൊട്ടാരത്തിലേക്കുകൊണ്ടുവരുവാൻ യസീദിനു സാധ്യമായത്. ദായർ പ്രദേശത്തുവെച്ചാണ് അവളെ ആദ്യം കാണുവാൻ യസീദിന്ന് ഇടയായത് ആ നിമിഷം മുതൽ അവളുടെ ആകമനീയ മുഖം അയാളുടെ മനോ ഭാവപ്പണത്തിൽ പ്രതിബിംബിച്ചുകൊണ്ടേയിരുന്നു. ഏതുവിധേനയും അവളെ തന്റെ പള്ളിയറയിലേക്കുകൊണ്ടുവരണമെന്നുള്ള ഏക ചിന്തയായി അയാൾക്ക്. അതിന്നുവേണ്ടി അക്ഷീണം പരിശ്രമിക്കയായിരുന്നു അയാൾ. അങ്ങനെയുള്ള ആ ഉദ്യമം അന്നാണ് ലബ്ധപ്രതിഷ്ഠമായിത്തീർന്നത്.

യസീദിന്റെ കൊട്ടാരത്തിൽ വരുന്ന സമയം സൽമ ധരിച്ചിരുന്നത് കേവലം സാധാരണക്കാർ ധരിച്ചിരുന്ന വസ്ത്രമായിരുന്നു. എന്നാൽ അന്ന സായാഹ്നത്തിൽ രാജോചിതമായ ആർഭാടങ്ങളോടുകൂടി മുസ്ലിംകളുടെ ഖലീ

ഫയായ യസീദിന്റെ പള്ളിയറയിൽ പ്രവേശിക്കുവാൻ അവസരം കിട്ടി. അപ്പോൾ അവളെ കണ്ടാൽ വാനലോകത്തുനിന്നിറങ്ങിവന്ന ഏതോ ഒരു ദേവകന്യകയാണെന്നുതോന്നും.

ഏകാകിനിയായ സൽമ സംശയഗ്രസ്തയായി നാലുപാടും ആ മോഹന നേത്ര വീക്ഷണത്താൽ മോഹനമാക്കുന്നുണ്ടായിരുന്നു. അവളുടെ ചേഷ്ടകളും വല്ലവരും വീക്ഷിക്കുന്നുണ്ടോ എന്ന് സൂക്ഷിക്കും പോലെ ഒരു പ്രതീതി ആ കോമളനയന വീക്ഷണത്തിൽ തെളിഞ്ഞിരുന്നു. അല്പ സമയം അങ്ങനെ നോക്കിക്കൊണ്ടിരുന്ന അവളുടെ ധൈര്യം അവലംബിച്ചു. തന്നെ ആരും നോക്കുന്നില്ലെന്ന് ഉറപ്പായപോലെ ഏതാനും നിമിഷങ്ങളും അങ്ങനെയിരുന്നെങ്കിലും ക്രൂടി പെട്ടെന്ന് ആ കോമളവദനത്തിന്ന് ഒരു ഭാവഭേദമുണ്ടായി. അതോടൊപ്പം അവളുടെ അബലാഹൃദയമിടിപ്പും ശക്തിക്രൂടിവന്നു. അവളുടെ കനകമയമായ കരചരണങ്ങളും വിറയാലിലപോലെ കിടുകിടാ വിറച്ചു തുടങ്ങി. ഏതോ ഒരു ഭീകര കൃത്യം ചെയ്യുന്നതിന്നുള്ള പ്രാരംഭം എന്നപോലെ ഗാഢമായ ചിന്തയിൽ ആണ്ടുകിടക്കുന്നവളായിരുന്ന സൽമ മന്ദം മന്ദം മുന്നോട്ടുഗമിച്ചു. മുറിയിൽ വിരിച്ചിരുന്ന പച്ചപ്പരവതാനിയുടെ ഒരു തല ആ കോമളതളിരിളം കൈകളാൽ പിടിച്ചുപൊക്കി. കുളിപ്പുരയിലേക്കുപോകുന്നതിന്നുമുമ്പ് ഒളിച്ചുവെച്ചിരുന്ന കഠാരി അവിടെയുണ്ടോ എന്നു പരിശോധിച്ചു. നിരപരാധിയായ തന്റെ പിതാവിനെ വധിച്ചു തന്നെ അനാഥയാക്കിയ യസീദിന്റെ നിഷ്ഠുര ഹൃദയത്തിൽ കുത്തിയിറക്കി, അയാളോട് തനിക്കുള്ള പക പോക്കുവാൻ

വേണ്ടിയാണ് അവളാ കഠാരി പോരുമ്പോൾ ക്രൂടെ കരുതിയിരുന്നത്. എന്നാൽ സ്നാനം നൽകുവാൻവേണ്ടി കുളിപ്പുരയിലേക്കുതന്നെയും കൂട്ടിക്കൊണ്ടു പോവുന്ന ഭാസീഗണങ്ങൾ ആ മാരകായുധം കണ്ടു സംശയിക്കാനിടയാവുമെന്നു ഭയന്നാണ് അതു അവിടെതന്നെ ഒളിപ്പിച്ചുവെക്കാൻ ആ യുവതി നിർബ്ബന്ധിതയായി തീർന്നത്.

ആ കഠാരി അവിടെതന്നെയുണ്ടെന്നു കണ്ടതോടെ അവളുടെ ധൈര്യം ഇരട്ടിച്ചുവന്നീഭവിച്ചു. പിന്നെ ഭാവി പരിപാടികളെക്കുറിച്ചുള്ള ഓമ്മകൾ തളിരിടാൻ തുടങ്ങി. അങ്ങിനെ ചിന്താമഗ്നയായിരിക്കും മദ്ധ്യേ ഭ്രൂതകാല സ്മരണകൾ ഒന്നിനു പുറകെ മറെറാന്നായി അവളുടെ ഹൃദയകവാടത്തിൽ ക്രൂടി മുന്നോട്ടുഗമിച്ചുകൊണ്ടേയിരുന്നു. വെള്ളിത്തിരയിൽ കാണുന്ന ചിത്ര ലക്ഷങ്ങൾ കണക്കെ അവയങ്ങിനെ പാഞ്ഞുപോവുകയാണ്. ഇസ്ലാം മത പ്രവാചകരായ നബി തിരുമേനി (സ. അ)യുടെ പിൻഗാമികളാണ് അഹ്ലുബൈത്തുകൾ അവരെ ആദരിക്കയും ബഹുമാനിക്കയും ചെയ്യുണ്ട കടപ്പാട് ഒരോ സത്യ വിശ്വാസിയുടെയും തലയിലുണ്ട്. അങ്ങിനെയുള്ളവരോട് അനാദരവം പ്രകടിപ്പിക്കൽ യസീദിന്റെ ദൃഷ്ടിയിൽ നിയമവിരുദ്ധമാണ്. അവന്റെ അഭിപ്രായത്തിനു വിരുദ്ധമായി അഹ്ലുബൈത്തുകളോട് അനാദരവം പ്രകടിപ്പിച്ചതിനാണ് സൽമയുടെ പ്രിയ പിതാവിനേയും കുഞ്ഞുബാംഗങ്ങളേയും ബന്ധനസ്ഥരാക്കുകയും പിന്നെ വധിക്കുകയും ചെയ്യുവാൻ യസീദ് വിധിച്ചത്. അങ്ങിനെ നിരപരാധികളായ അവർ വധിക്കപ്പെട്ടു. താൻ വെറും അനാഥയായി അവശേഷിച്ചു. താനെന്തിനുവേണ്ടിയാണവശേഷിച്ചു

ത്? യസീദിനോട് പകവീട്ടുവാൻവേണ്ടി. പ്രസ്തുത ഉദ്ദേശത്തോടെയാണ് താനിപ്പോൾ ഇവിടെ വന്നിരിക്കുന്നത്. സൽമക്ക് ആരാധ്യനായി ഒരു യുവാവുണ്ട്. അബ്ദുറഹ്മാൻ അതാണയാളുടെ പേർ. ഒരു ദിവസം അദ്ദേഹത്തോടുക്രൂടിയിരുന്നുകൊണ്ട് യസീദിനോട് തങ്ങൾക്കുള്ള പകവീട്ടേണ്ടതെങ്ങിനെയാണെന്ന് ചർച്ച ചെയ്യുകയുണ്ടായി. മുസ്ലിംകൾക്ക പൊതുവിലും. അഹ്ലുബൈത്തുകൾക്ക് പ്രത്യേകമായും, നിരവധി കഷ്ടാരിഷ്ടതകൾ വരുത്തിതീർത്ത പരമദുഷ്ടനാണ് യസീദ്. അവനെ കൊലപ്പെടുത്തി. അവനെക്കൊണ്ട് ഈ ലോകത്തിനുള്ള ശല്യം തുടച്ചുനീക്കീട്ടല്ലാതെ നാം വിവാഹ ബന്ധത്തിൽ പെടരുതെന്ന് അന്നവർ ശപഥം ചെയ്യുകയുണ്ടായി. പ്രസ്തുത ശപഥം സാദ്ധ്യതയിൽകൊണ്ടുവരുവാൻ വെമ്പൽ കൊള്ളുകയായിരുന്ന അബ്ദുറഹ്മാൻ. അങ്ങനെയിരിക്കെയാണ് യസീദ് ശിക്കാർ ഗാഹിൽ (നായാട്ട സ്ഥലം) വരുന്ന വിവരം അബ്ദുറഹ്മാൻ അറിയാനിടവന്നത്. ആ സുവർണ്ണാവസരം പാഴാക്കരുതെന്നുകണ്ട അയാൾ കാലേക്കൂട്ടിതന്നെ ശിക്കാർ ഗാഹിലെത്തി പതിയിരുന്നു. താമസംവിനായസീദ് അവിടെവന്നു ചേരുകയും അബ്ദുറഹിമാൻ അയാളുടെ മേൽ മാരകായുധം പ്രയോഗിക്കുകയും ചെയ്തു. യസീദിന്റെ ആയുർബലംകൊണ്ടോ എന്തോ, അബ്ദുറഹ്മാന്റെ ഉന്നം പിഴക്കുകയും വിപത്തൊന്നും കൂടാതെ ആ ദുഷ്ടൻ രക്ഷപ്പെടുകയും ആണുണ്ടായത്. യസീദ് രക്ഷപ്പെട്ടതോടെ അബ്ദുറഹ്മാൻ ബന്ധനസ്ഥനാക്കപ്പെട്ടു. എന്നാൽ അധിക ദിവസമൊന്നും അവൻ അവിടെ കിടന്ന് നരകിക്കേണ്ടിവന്നില്ല. അതിനു മുമ്പെതന്നെ അയാൾ

ജയിൽചാടി രക്ഷ പ്രാപിച്ചു. പ്രസ്തുത ചിന്ത ഹൃദയത്തിൽ നാമ്പെടുത്തതോടെ സൽമയുടെ നയനങ്ങളാം അശ്രുപൂണ്ണങ്ങളായി. അവാംക്ക സംശയമായി അബ്ദുറഹ്മാൻ ജീവിച്ചിരിക്കുന്നുണ്ടോ? ബന്ധനത്തിലാക്കിയ വിവരം അവാംക്കറിവുകിട്ടി. എന്നാൽ പിന്നീടുണ്ടായതെന്തൊക്കെയാണെന്ന് യാതൊരു വിവരവും അവാംക്കില്ല. ഒരു പക്ഷെ ഈ ദുഷ്ടന്മാർ അദ്ദേഹത്തെ വധിച്ചിരിക്കുമോ. അതോടെ അബ്ദുറഹ്മാൻ തന്റെ മുമ്പിൽവന്നു നിൽക്കുന്നതുപോലെ അവാംക്ക് തോന്നി. അരോഗ ദൃഢഗാത്രനായ യുവകോമളൻ ഇടതൂർന്നതും കറുത്തിരുണ്ടതുമായ വട്ടത്താടി. വിരിഞ്ഞ മാറിടം. ഗൗരവം സ്ഫുരിക്കുന്ന വലിയ കണ്ണുകാം. അങ്ങനെയുള്ള അദ്ദേഹം സ്നേഹമസൃണമായി സൽമയെ നോക്കീട്ട് പറയുകയാണ്. അരോഗ ദൃഢഗാത്രനായ എന്റെ ഉരുക്കു മുഷ്ടികാംക്ക് അസാധ്യമായിതീർന്ന ഒരു മഹാകാര്യം. യുവതിയും സൗന്ദര്യനിധിയുമായ നിന്റെ മൃദുലഹസ്തങ്ങാംകൊണ്ട് സാധ്യതയിൽകൊണ്ടുവരേണ്ടിയിരിക്കുന്നു. അതിനാണ് നീയിവിടെ വന്നിരിക്കുന്നത്. എന്ന സംഗതി ഒരിക്കലും വിസ്മരിച്ചുപോവരുത്.

ഏവം വിധങ്ങളായ ചിന്തകാംക്കനുസരിച്ചു സൽമയുടെ ശ്വാസോച്ഛ്വാസത്തിന്നു വേഗതകൂടി. അവളിൽ ഒളിഞ്ഞുകിടന്നിരുന്ന പ്രതികാരാഗ്നി ആളിക്കത്തി. അജ്ഞാതമായ ഏതോ പ്രേരണകൊണ്ടെന്നപോലെ അവളുടെ വലം കൈ കഠാരത്തിന്റെ പിടിയിൽചെന്നുതൊട്ടു.

ആ മാരകായുധത്തിന്റെ സ്പർശനം ഏറ്റതോടെ ചിന്താഗതിക്കു ചില മാറ്റങ്ങാം സംഭവിച്ചു. അവളുടെ ഹൃദ

യത്തിൽ വച്ചിയൊരു വടംവലി നടക്കയാണ്. ജയാപജയങ്ങളുടെ വടംവലി. യസീദിനെ വധിക്കുവാൻവേണ്ടിയാണ് താനവിടെ വന്നിരിക്കുന്നത്. തന്റെ ആ ഉദ്യമം സാധ്യതയിൽ എത്താതെ പോയാലുള്ള സ്ഥിതി എന്തായിരിക്കും. അബ്ദുറഹ്മാന്റെ അനുഭവം തന്നെയല്ലേ തനിക്കും ഉണ്ടാവുക. താനും ബന്ധനസ്ഥയാവും ഒരു കുറവാളിയായിതീർന്നാൽ പിന്നെ കിംകർത്തവ്യതാമൂഢയായി യസീദിന്റെ മുമ്പിൽ ഓച്ഛാനിച്ചു നില്ക്കേണ്ടിവരികയില്ലേ? അതിനിടം നൽകുന്നത് തന്റെ സ്ത്രീത്വത്തിനു അരോഗ്യകരമാണോ? തന്റെ ഉദ്യമം സഫലീകൃതമായില്ലെങ്കിൽ പിന്നെ എന്താണ് വേണ്ടത്? തന്റേതായ സ്വത്വസ്വവും യസീദിന്റെ മുമ്പിൽ അടിയറവെക്കാൻ ഇടയാക്കാതെ സൂക്ഷിക്കണം. അതു അവശ്യം ആവശ്യമാണ്. അതു ക്രൂടാതെ കഴികയില്ല. അതിനൊന്നും ഇടം നൽകാതെ തന്റെ സ്ത്രീത്വം സുരക്ഷിതമാക്കാൻ എന്താണൊവഴി? ആത്മഹത്യ! അതല്ലാതെ മറ്റു യാതൊരു മാർഗ്ഗങ്ങളും ഇല്ല. യസീദിന്റെ മാറിടം പിളർന്നു അവനെകൊല്ലുവാൻ സന്നദ്ധമാക്കികൊണ്ടുവന്നിരിക്കുന്ന ഈ കഠാരിയുണ്ടല്ലോ? ഇതിന്റെതായ ഉദ്ദേശ ലബ്ധിയിൽ പരാജിതയാവുകയാണെങ്കിൽ പിന്നെ ഇതിന്റെ ഉടമസ്ഥയായ സൽമയുടെ അഭിമാനത്തിനും ഭംഗം വരുന്നതിനുമുമ്പെ അവളുടെ ചാരിത്ര്യത്തെ സുരക്ഷിതമാക്കിവെച്ചുംകൊണ്ട് അവളുടെ മാറിൽ കുത്തിയിറക്കുവാനും പര്യാപ്തമാണ്. ചുരുക്കിപറഞ്ഞാൽ യസീദിനെ അല്ലെങ്കിൽ സൽമയെ വധിക്കുവാനും അവരുടെ രക്തം ഊറ്റിക്കുടിച്ചു ഭാഹശമനം വരുത്തുവാനും ഉള്ള ഭാഗ്യം ഈ കഠാരിക്കുണ്ട്.

അങ്ങിനെയുള്ള ഒരു പോംവഴി ഹൃദയത്തിൽ തളിത്തതോടെ സൽമയെ അലട്ടിക്കൊണ്ടിരുന്ന അസ്വാസ്ഥ്യം ഒരു മിന്നൽപിണർ കണക്കെ മറഞ്ഞുപോയി. പരിപൂർണ്ണ ധൈര്യം കൈവന്നു. പിന്നെ തിളങ്ങുന്ന ആ കഠാരി രക്തം ഊറ്റിക്കുടിപ്പാൻ വെമ്പിക്കൊണ്ടു യസീദിന്റെ ആഗമനത്തെ പ്രതീക്ഷിച്ചുംകൊണ്ട് സ്വസ്ഥമായിരുന്നു. ആ മുറിയിൽതന്നെ അവൾ ഇരിപ്പുറപ്പിച്ചു.

III

അല്പ സമയം കഴിഞ്ഞു. സൽമയുടെ നായാട്ട മൃഗം അഥവാ യസീദ് അവളുടെ മുമ്പിൽ ആഗതനായി. സൗന്ദര്യ ദേവതയായ സൽമയുടെ സമീപത്തേക്ക് വന്ന യസീദ് അവളുടെ വദനത്തിൽ വിളങ്ങിയ വശ്യശക്തിയാൽ ആകൃഷ്ടനായി തരിച്ചങ്ങനെ നിന്നുപോയി. അയാളുടെ ആ നയനങ്ങൾ അവളുടെ ആ മനോഹര വദനത്തിൽ അങ്ങിനെ തറിച്ചുകളിക്കുകയാണ്. പരപുരുഷ സാന്നിദ്ധ്യം ഇതിനുമുമ്പ് ഒരിക്കലും അവൾക്കുണ്ടായിട്ടില്ല. തന്നെയുമല്ല മദ്യം എന്നത് എന്താണെന്നും അത് എങ്ങിനെയിരിക്കുമെന്നും അവൾ ഇത്വരെ അറിഞ്ഞിട്ടില്ല. അങ്ങനെയുള്ള സൽമ മദ്യശാലയിൽ വരുന്ന മദ്യപാനികൾക്ക് മദ്യം പകർന്ന്കൊടുത്തു തഴക്കവും പഴക്കവും സിദ്ധിച്ച ഒരു വേശ്യയെപോലെ യസീദിനു മദ്യം പകർന്ന് കൊടുക്കുവാൻ സന്നദ്ധയായി നില്ക്കുകയാണ്. കോപ്പുകൾ ഒന്നിനു പുറകെ മറെറാന്നായി നിറച്ചുകൊണ്ടിരുന്ന അവൾ പുത്ര വത്സലയായ ഒരു മാതാവു തന്റെ പിഞ്ചു പൈതലിനെ പാലൂട്ടുന്നതുപോലെ യസീദിന്റെ വായയിൽ മദ്യം ഒഴിച്ചുകൊടുത്തുകൊണ്ടിരുന്നു. അവളു

ടെതായ സ്വപ്നസ്വപ്നവും യസീദിന്റെ സ്വാതന്ത്ര്യത്തിനു വിട്ടുകൊടുത്തിരിക്കയാണെന്നും അപ്പോഴും ആ യുവതിയുടെ നിലപാടുകണ്ടാൽ; അനന്യ സഹജമായ ഒരു ആവ്ലാദത്തള്ളൽ ആ കോമള വദനത്തിൽ പ്രതി ബിംബിച്ചിരുന്നു. പുരുഷത്വം തീണ്ടുകക്കൂടി ചെയ്തിട്ടില്ലാത്ത ഒരു നപുംസകത്തെപോലും ആവേശം കൊള്ളിക്കത്തക്ക ഒരു ആകർഷണശക്തി അവളിൽ കളിയാടിയിരുന്നു.

സൽമയുടെ ലീലകളിൽ ആകൃഷ്ടനായ യസീദ് മദോന്മത്തനായി മുമ്പോട്ടടുത്തു. കാമചാപല്യങ്ങൾ കാട്ടിക്കൊണ്ട് അവളെ വാരിയെടുത്ത് മടിയിൽകിടത്തി. മദ്യത്തോടൊപ്പം അവളുടെ ലീലകളുംകൂടിയായപ്പോൾ യസീദിന്റെ ഉന്മത്തത ശതഗുണീഭവിച്ചു. ചുറ്റുപാടുകളെല്ലാം പാടെ വിസ്മരിച്ച അയാൾ മദം പൊട്ടി നില്ക്കുന്ന കൊമ്പനാനയെപോലെ മഞ്ചത്തിൽ ചെന്നുവീണു. കൂടി മൂത്ത കാമ ഭ്രാന്ത് കൊണ്ട് അയാൾ അന്തം വിട്ട കിടക്കയാണ്. ചിരകാലത്തെ പഴക്കമുള്ള യസീദിന്റെ അഭിലാഷം സാദ്ധ്യതയിൽ എത്തുവാൻ പോകുന്നതുപോലെ അയാൾക്കു തോന്നിയിരുന്നു. തന്റെ മടിയിൽ ശയിക്കുന്ന സൽമയുടെ സ്ത്രീത്വം അപഹരിക്കാൻ ശ്രമിക്കയാണ് യസീദ്. പെട്ടെന്ന് ഒരു ശബ്ദം കേട്ട അയാൾ ചാടി എഴുന്നേറ്റിരുന്നു. കവാടത്തിൽ തട്ടി ശബ്ദമുണ്ടാക്കികൊണ്ട് ആരോ വിളിക്കുകയാണ്.

"ആരാണീ അസമയത്ത് വന്നു വിളിക്കുന്നത്?" യസീദ് മുറുമുറുത്തു.

"ബഹുമാനപ്പെട്ട ഖലീഫാ! അങ്ങയുടെ എളിയ ദാസൻ സിയാദാണ് പടിക്കൽ വന്നിരിക്കുന്നത്."

"ഇബ്നുസിയാദോ? ഈ അസമയത്ത് നീയിവിടെ വന്നതെന്തിനാണ്?"

"അത്യാവശ്യമായ ഒരു സംഗതിയെ സംബന്ധിച്ച് രണ്ടുവാക്കുണത്തിക്കേണ്ടതുണ്ട്. അതാണ് ഇത്രതിടുക്കപ്പെട്ട് ഇവിടെ വരുവാനും തിരുമേനിയെ ശല്യപ്പെടുത്തുവാനും കാരണം." ഇബ്നുസിയാദ് പ്രതിവചിച്ചു.

യസീദ് ഗർജ്ജിച്ചു "എന്റെ നിദ്രക്കു ഭംഗം വരുത്താതെ വേഗം പോവുകയാണ് നിനക്കു നല്ലത്. സംസാരിക്കാനുള്ളത് എന്തുതന്നെയായാലും അത് നാളെ ദർബാറിൽ വെച്ചാവാം."

"ഉപേക്ഷ വരുത്താവുന്ന സംഗതിയല്ല. ഇപ്പോഠം തന്നെ കോംക്കയും അടിയന്തിര നടപടികഠം എടുക്കയും ചെയ്യേണ്ടതാണ് ഈ കാര്യം." ഇബ്നുസിയാദ് ഉണത്തിച്ചു. "ഒരു നിമിഷം പോലും പാഴാക്കി ക്രൂടാത്തതാണീ സംഗതി."

യസീദിന്റെ പുരികം ചുളിഞ്ഞു ഒട്ടും താമസിയാതെ അയാഠം കവാടത്തിൽ എത്തി. സൽമ ഒളിച്ചുവെച്ചിരുന്ന രഹസ്യങ്കഠം ധരിച്ചതുകൊണ്ടാണ് ആ അസമയത്ത് സിയാദ് അവിടെ വരുവാനും യസീദിനെ വിളിക്കുവാനും മുതിർന്നത്. അയാഠംക്കറിവുകിട്ടിയിരുന്ന സംഗതികഠം യസീദിന്റെ മുമ്പിൽ തുറന്നുപറഞ്ഞു. സംഗതി വാസ്തവമായിരിക്കുമെന്നു യസീദിനുതോന്നി. തന്റെ മുമ്പിൽ നില്ക്കുന്ന സൽമ ഒരു ഘാതകിയാണെന്ന് അയാഠംക്കുതോന്നി. അയാളുടെ നയനങ്ങഠം ചുവന്നു. പരുഷമായ നോട്ടങ്ങളോടെ അവളെ ഒന്നുനോക്കി.

യസീദ് മടങ്ങി വരുന്ന അവസരത്തിൽ ഇബ്ന സിയാദും കൂടെതന്നെ ഉണ്ടായിരുന്നു. അവരുടെ വദനം രൗദ്രതയുടെ നൃത്തരംഗമായി മാറിയിരുന്നു. ഇബ്നുസിയാദാവട്ടെ പരിഹാസപൂർവ്വമാണ് സൽമയെ നോക്കിയിരുന്നത്. അവർ എന്തോ സംസാരിക്കുന്നുണ്ടായിരുന്നു. സംസാരം ഗോപ്യമായിട്ടായിരുന്നു. എങ്കിൽക്കൂടി അവരുടെ സംസാര വിഷയം എന്താണെന്നു സൽമക്കു മനസ്സിലായി. താനൊളിച്ചു വെച്ചിരുന്ന ഗ്രന്ഥാലോചനകഥം പരസ്യമായി കഴിഞ്ഞെന്നു അവർക്കുറപ്പായി. അവരുടെ സംസംരം നിലച്ചതോടെ അയാൾ മുറിക്കകത്ത് ഒരു പരിശോധന നടത്തുകയാണ് ഇബ്നുസിയാദ് ചെയ്തത്. താമസം വിനാ പരവതാനിയുടെ അടിയിൽ ഒളിച്ചുവെച്ചിരുന്ന കഠാരി അയാൾ കണ്ടുപിടിച്ചു. അത്ഭുതകമായി സൽമയെ ഒന്നു നോക്കീട്ട് ആ കഠാരി യസീദിനെ ഏൽപ്പിച്ചു. അനന്തരം അയാൾ പറഞ്ഞു. "ഇതാണ് ഞാൻ പറഞ്ഞത്."

"സൽമാ! ഈ കഠാരി ആരുടെതാണ്?" യസീദിന്റെ അട്ടഹാസം അന്തരീക്ഷത്തിൽ അലകം നിർമ്മിച്ചു. യസീദിന്റെ ചോദ്യത്തിനു ഉത്തരം ഒന്നും പറയാതെവും മൗനം അവലംബിക്കയാണ് സൽമ ചെയ്തത്.

"എന്നെ വധിക്കാനുള്ള ദുരുദ്ദേശത്തോടെയല്ലേ ഈ മാരകായുധവുംകൊണ്ട് നീയിവിടെ വന്നത്?

"അതെ—" ദൃഢസ്വരത്തിൽ അവൾ പ്രതിവചിച്ചു. മുറിവേറ്റ കടുവാ കണക്കെ ക്രുദ്ധയായിരുന്നു അവളുടെ അപ്പോഴത്തെ സ്വഭാവം.

"നിനക്കിങ്ങനെയൊരു ദുഷ്ബുദ്ധി തോന്നുവാൻ കാരണം.....?" ഉൽക്കണ്ഠാകുലനായ യസീദ് പതിഞ്ഞ

സ്വരത്തിൽ ചോദിച്ചു.

"മുസ്ലിം സമുദായത്തോടും വിശിഷ്യാ പ്രവാചക സന്താനങ്ങളോടും നിന്ദ്യവും നീചവുമായ നിലയിൽ വർത്തിച്ച നിങ്ങൾ ദുഷ്ടന്മാരിൽ അഗ്രഗണ്യനാണ്." സൽമയുടെ മറുപടിയിൽ ധീരോദാത്ത കളിയാടിയിരുന്നു. അങ്ങനെയുള്ള ഒരു ദുഷ്ടനോട് പകവീട്ടുവാൻ കടമപ്പെട്ടവരാണ് മുസ്ലിം സമുദായത്തിലെ ഓരോ വ്യക്തിയും. പിന്നെ എനിക്ക് വ്യക്തിപരമായിട്ടും നിങ്ങളോട് വിദ്വേഷമുണ്ട്. എന്താണതിനു കാരണമെന്നോ.? എന്റെ പിതാവിനേയും കുടുംബത്തേയും വധിച്ചു എന്നെ അനാഥയാക്കിയത് നിങ്ങളായതുകൊണ്ടുതന്നെ."

"മുസ്ലിംകളുടെ ഖലീഫയായ യസീദിന്റെ സമീപത്തുനിന്നുകൊണ്ടാണ് നീ സംസാരിക്കുന്നതെന്നു വസ്തുതപ്രതേ്യകം ഓർമ്മയായിരിക്കട്ടെ." ഖലീഫ ഗർജ്ജിച്ചു.

"ഇവിടെനിന്നുകൊണ്ട് ഇങ്ങനെയുള്ള അസഭ്യങ്ങളൊക്കെ വിളിച്ചു പറഞ്ഞാൽ ഉണ്ടാവുന്ന അനുഭവം എന്തായിരിക്കുമെന്ന് നിനക്കറിയാമോ?"

"എന്റെ അസഭ്യങ്ങളുടെ അനന്തരഫലം നല്ലതോ ചീത്തയോ എന്തുതന്നെ ആയിക്കൊള്ളട്ടെ. അതിൽനിന്നുണ്ടാകാവുന്ന ഭവിഷ്യത്ത് എന്തുതന്നെ ആയാലും അതനുഭവിക്കുവാൻ സന്നദ്ധയായിട്ടുതന്നെയാണ് ഞാൻ ഇന്നിവിടെ വന്നിരിക്കുന്നത്. എന്നാൽ എന്റെ തോന്ന്യാസങ്ങളുടെ അനന്തര ഫലത്തെ സംബന്ധിച്ചു ക്ഷുദ്രതൽ ചിന്തിക്കാനുള്ള കടമ എന്നെ അപേക്ഷിച്ചു നിങ്ങൾക്കധികമുണ്ട്. സൽമയുടെ സംസാരത്തിൽ ഭയത്തിന്റെ ലാഞ്ഛനപോലും ഉണ്ടായിരുന്നില്ല.

യാതൊരു ക്രൂരതയും ക്രൂരതയും കാണിക്കാതെ അവളുടെ ആ പവിഴച്ചുണ്ടുകളിൽനിന്നുതിർന്നു വീണ ആ വാക്കുകൾ യസീദിന്റെ കോപാഗ്നി ആളിക്കത്തിപ്പിച്ചു. ആ വദനം ചുവന്നു ക്രൂരതൽ ഭീകരമായി. സൽമയുടെ കഠാരി അയാളുടെ മുഷ്ടികളിൽനിന്നങ്ങനെ മിന്നിതിളങ്ങി. തന്റെ സ്ഥാനമാനങ്ങളെ ഛോദ്യം ചെയ്യുമാറ് സംസാരിക്കുന്ന അവളുടെ കഥ ഉടൻ തന്നെ കഴിച്ചാലോ എന്നുപോലും അയാൾക്കുതോന്നിപോയി. അതു കഴിഞ്ഞിട്ടിനിയൊക്കെ കാര്യം, എന്നാറപ്പാക്കി അയാൾ കഠാരികൊണ്ടവളെ വധിക്കുവാൻ ആഞ്ഞടുത്തു.

അതെല്ലാം നോക്കികൊണ്ട് തൊട്ടടുത്തുതന്നെ നില്ക്കുകയാണ് ഇബ്നുസിയാദ്. യസീദിന്റെ ഉദ്ദേശം മനസ്സിലാക്കിയ അയാൾ ആപത്തിനിടം കൊടുക്കാതെ അവരുടെ ഇടയിൽ ചാടി വീണു. അങ്ങിനെ ആ അതൃാഹിതത്തിൽനിന്നു സൽമയെ രക്ഷിക്കുവാനും ക്രൂരകൃത്യത്തിൽനിന്നു യസീദിനെ പിന്തിരിപ്പിക്കുവാനും അയാൾക്കുകഴിഞ്ഞു. യസീദിനെ പിടിച്ചു മാറ്റികൊണ്ടയാൾ പറഞ്ഞു.

"മുസ്ലിംകളുടെ മതാധ്യക്ഷനും ഭരണകർത്താവുമാണ് അങ്ങ്. അങ്ങയോട് കിടനില്ക്കുത്തക്ക ഒരു വ്യക്തിപോലും ഇന്നീ ഭൂമുഖത്തിലില്ല. അങ്ങനെയുള്ള അങ്ങയുടെ പേരും പെരുമയും വിശ്വവിഖ്യാതങ്ങളാണെന്നു നിസ്സംശയം പറയാം. അങ്ങനെയുള്ള തിരുമേനിയുടെ തൊട്ടു മുമ്പിൽ നില്ക്കുന്ന ഇവളോ? വെറും അബലയും അനാഥയുമാണ്. ഇവളെ വധിക്കുവാൻ അങ്ങേക്ക് ഒരു പ്രയാസവുമില്ല. എന്നിരിക്കെ വീരശൂര പരാക്രമങ്ങളുടെ ഗർവ്വങ്ങൾ ഇവളെ വ

ധിക്കുവാൻ ഉയരുന്നതുകൊണ്ട്, അവയെ മലീമസമാക്കാ
മെന്നതല്ലാതെ യാതൊരു പ്രയോജനവും ഞാൻ കാണുന്നി
ല്ല. പിന്നെ ഇവാം ജീവിച്ചിരിക്കുന്നത് വിപത്താണെന്ന
അങ്ങു സംശയിക്കുന്നുണ്ടാവും. അങ്ങനെയൊരു സന്ദേഹം
അങ്ങയുടെ ഹൃദയത്തിൽ തളിത്തിട്ടുണ്ടെങ്കിൽ അത് വെ
റും മിഥ്യാ ബോധമാണ് എന്നേ എനിക്കു പറയാനുള്ളൂ.
അങ്ങയുടെ ഒരു രോമത്തിനു പോലും വിഷ്ണു വരുത്തുവാൻ
ഇവളെക്കൊണ്ടാവില്ല. എനി ഇവളെ വധിക്കണമെന്ന
അങ്ങേക്കു നിർബ്ബന്ധമുണ്ടെങ്കിൽ വലിയ പ്രയാസമുള്ള
സംഗതിയൊന്നുമല്ല അതും. നമ്മുടെ രാജകീയ വൈദ്യ
നെ വരുത്തി ഒന്നോ രണ്ടോ ഗ്ലാസ് സർബത്ത് ഉണ്ടാക്കി
ച്ചാൽ; ഇവളുടെ കഥകഴിക്കാൻ അതുമതിയാവും. ഇത്ര
നിസ്സാരമായ ഒരു സംഗതിക്കുവേണ്ടി അങ്ങയുടെ കയ്യും
കഠാരിയും മലീമസമാക്കുന്നതു ശരിയല്ലെന്നും, അപമാന
മാണെന്നുമാണ് എനിക്കു തോന്നുന്നത്."

തന്റെ ഹിതത്തിനെതിരായി വർത്തിക്കുന്നവർക്ക്
വിഷം കലർത്തിയ സർബത്ത് കൊടുക്കുകയും അങ്ങനെ
ശ്രുഡമായി അവരെ വധിക്കുന്നതും യസീദിന്റെ രാജധാ
നിയിലെ ഒരു പതിവായിരുന്നു. പ്രസ്തുത കൃത്യത്തിൽ
നിപുണനായ ഒരു വൈദ്യനും രാജധാനിയിൽ ഉണ്ട്.
കൊട്ടാരം വൈദ്യന്മാരിൽ ഒരാളായിട്ടാണ് അയാളെയും
എണ്ണിപ്പോരുന്നത്. അയാളുടെ കൈകൊം കൊണ്ടുണ്ടാ
ക്കിയ വിഷ സങ്കലിതമായ സർബത്തുമൂലം ആയിരക്കണ
ക്കിൽ നിർദ്ദോഷികളും നിരപരാധികളുമായ മുസ്ലിം സ്ത്രീ
പുരുഷന്മാരുടെ ജീവഹാനി വരുത്തുവാൻ യസീദിനും അ
നുചാരന്മാർക്കും കഴിഞ്ഞിട്ടുണ്ട്. എന്നിരിക്കെ സൽമക്ക

വേണ്ടി ഒരു പാത്രം സർബത്തുണ്ടാക്കാൽ വലിയ വിഷമ മൊന്നും ഇല്ലല്ലോ.

ഇബ്നുസിയാദിന്റെ നിർദ്ദേശം യസീദ് സ്വീകരി ച്ചു. കൊട്ടാരം വൈദ്യനെ വരുത്തി സൽമയെ ഹനിക്ക ത്തക്ക വീര്യമുള്ള ഒരു പാത്രം മധുരപാനീയം ഉടൻ ത ന്നെ ഉണ്ടാക്കുവാൻ ഏർപ്പാട് ചെയ്തു. ഏതാനും നിമിഷ ങ്ങൾക്കകം അതു തെയ്യാറായിവന്നു കഴിഞ്ഞു. ഖലീഫയു ടെ കല്പനയല്ലേ. അതിനു അമാന്തം വരുമോ?

യസീദിന്റെ പള്ളിയറയിൽ ഏകാകിനിയായി രിക്കുകയാണ് സൽമ. തന്റെ ജീവിതം അവതാളത്തിലാ യിരിക്കുകയാണെന്ന് അവൾക്കറിപ്പായികഴിഞ്ഞു. തന്നെ ഹനിക്കുവാൻവേണ്ടി അവിടെ നടക്കുന്ന കോലാഹലങ്ങൾ അവൾക്കും കാണാൻ കഴിയുന്നുണ്ട്. കശാപ്പുകാരന്റെ ക ത്തിക്കടിയിൽകിടന്നുപിടയുന്ന ആട്ടിൻ കുട്ടിയുടെ സ്ഥി തിയാണ് തനിക്കു കൈവന്നിരിക്കുന്നതെന്നു അവൾ കരു തി. താൻ മരിക്കുന്നതിൽ അവൾക്ക് സങ്കടമില്ല. ജനി ച്ചാൽ പിന്നെ ഒരിക്കൽ മരണത്തിന്നടിമപ്പെടാതെ കഴി കയില്ല. ജനനത്തിന്റെ നിഴലിന്റെ കൂടെ മരണത്തി ന്റെ നിഴലും കൂടെ ഉണ്ടാവും എന്നൊക്കെ അവൾക്കറി യാം. എന്നാൽ തന്റെ അഭിലാഷം പൂർത്തിക്കു മുമ്പ് മരി ക്കേണ്ടിവന്നല്ലോ എന്നൊരു സങ്കടമാണവൾക്കുള്ളത്. കൈവന്ന ശിക്കാർ വിട്ടുപോയതിലുള്ള നിരാശ! അതു നിറവേറ്റിയിട്ടു മരിച്ചെങ്കിൽ എന്നുമാത്രമാണ് അവ ൾക്കുള്ള ആഗ്രഹം.

ചിന്താമഗ്നയായിരിക്കുന്ന സൽമയുടെ മുമ്പിൽ വി ഷം കലർത്തിയ സർബത്തുനിറച്ച ആ പാത്രം കൊണ്ടുവര

പ്പെട്ട. വെറും ഒരു പാനീയം അല്ല അതെന്നും ജീവനെ വലിച്ചൂരിയെടുക്കുവാൻ ശക്തിയുള്ള വിഷം കലർത്തിയതാണ് അതെന്നും ഒക്കെ അവൾക്കറിയാം. മരണത്തെക്കാൾ ജീവിതത്തിനു മേന്മയുണ്ട്. എന്നാൽ ചില അവസരങ്ങളിൽ ജീവിതത്തെ തൃണവൽ ഗണിച്ചുംകൊണ്ട് മരണത്തെ വരിക്കുവാൻ മനുഷ്യൻ നിർബ്ബന്ധിതനാകാറുണ്ട് അങ്ങനെ മരണത്തിനു പ്രാഥമ്യം നൽകേണ്ട ഒരവസരമാണ് തന്നെ സമീപിച്ചിരിക്കുന്നതെന്നു സൽമ ധരിച്ചു. അപ്രകാരം ഒരു ധാരണ ഉദയം ചെയ്തതോടെ വിഷ സമ്മിശ്രമായ ആ പാനീയം എടുത്തു കുടിക്കുവാൻ അവൾക്കു യാതൊരു മടിയും തോന്നിയില്ല. നിസ്സങ്കോചം അവളാ സർബത്തെടുത്തു അധരപുടങ്ങളിൽ ചേർത്തു; ഒറ്റ നിശ്വാസത്തിനു അതു മുഴുവനും അകത്താക്കി. നിമിഷങ്ങൾക്കകം അവൾ ബോധരഹിതയായി നിലംപതിച്ചു. വെറും അബോധാവസ്ഥയിൽ ശയിക്കയാണവൾ. പിന്നീട് എന്തൊക്കെയാണുണ്ടായതെന്ന് യാതൊരു അറിവും സൽമക്കില്ല.

പ്രജ്ഞയറ്റ് വെറും മരപ്പാവ കണക്കെ കിടക്കുന്ന സൽമയുടെ ദേഹം യസീദിന്റെ പരിശോധനക്കു വിധേയമായി. സ്വബോധം ഉണ്ടാവാത്തവണ്ണം മരിച്ചു കിടക്കുകയാണ് അവളെന്ന് അയാൾ തീരുമാനിച്ചു. അടുത്ത പരിപാടി രഹസ്യമായി അവളെ മറവു ചെയ്യുക എന്നതാണ്. ഒരു ചെവിക്കൊരു ചെവി അറിയാതെ അതു മറവു ചെയ്യണം. അങ്ങനെയുള്ള രഹസ്യ സംഗതികൾ സാദ്ധ്യതയിൽ കൊണ്ടുവരുവാൻ അതിവിദഗ്ദ്ധനാണ് ഇബ്നു സിയാദ്. അതിനാൽ സൽമയുടെ ദേഹം മറവുചെയ്യേണ്ട

ചുമതലയും അയാളെ തന്നെ ഭരമേല്പിച്ചു. തേടിയവള്ളി കാലിൽ തടഞ്ഞതുപോലെ സംതൃപ്തനായ ഇബ്നുസിയാദ് ആ ജഡം അവിടെനിന്നെടുപ്പിച്ചു തന്റെ അരമനയിൽകൊണ്ടുവന്ന ഭദ്രമായി സൂക്ഷിച്ചു.

IV

ഇബ്നുസിയാദിന്റെ മണിമാളികയിൽ ശയിക്കയാണ് പ്രജ്ഞയറ്റ സൽമ. ഇബ്നുസിയാദ് തൊട്ടടുത്തിരുന്നുംകൊണ്ട് അവളെ ശുശ്രൂഷിക്കുകയാണു്. സൗന്ദര്യധാമവും കൃശഗാത്രിയുമായ ആ യുവതീരത്നത്തിന്റെ കോമള വദനത്തിൽ അയാളുടെ നയനങ്ങളും പതിഞ്ഞു കിടക്കയാണു്. തന്റെ നയനങ്ങളെ ആ വദനത്തിൽനിന്നും പറിച്ചെടുക്കുവാൻ അയാൾക്കു കഴിയുന്നില്ല. കറുത്തിരുണ്ട ചുരുണ്ടു നീണ്ടു പനങ്കുലപോലെ മറിഞ്ഞു കിടക്കുന്ന അവളുടെ ക്രുന്തൽ. അടഞ്ഞതാണെങ്കിലും നീണ്ടനയനങ്ങളും. പരുഷ ഹൃദയത്തെ അടിമപ്പെടുത്താൻ പര്യാപ്തമായ ആകാര സുഷുമ. ഒതുങ്ങിയ അര, വിരിഞ്ഞമാടിടം. ആ കപ്പാടെ ഒരു സൗന്ദര്യ ദേവത തന്നെയാണെന്നു് തോന്നിപ്പോകും വല്ലവരും കണ്ടാൽ. മഞ്ഞ മാർബിളം കല്ലിൽ കൊത്തിയെടുത്ത പ്രതിമ കണക്കെ ശയിക്കുന്ന അവളുടെ ദേഹം കണ്ടിട്ടും, കണ്ടിട്ടും സിയാദിന്നു് മതിവരുന്നില്ല. വികാരാവേശങ്ങളാൽ മതി മറന്നിരിക്കയാണ് അയാൾ. വികാരവും ആവേശവും തമ്മിൽ ഒരു വടംവലി നടത്തുകയാണ് അയാളുടെ ഹൃദയത്തിൽനിന്നു്.

ഭ്രുതകാല സ്മരണകളുടെ ഒരു നീണ്ടപട്ടിക വെള്ളിത്തിരയിലെന്നപോലെ സിയാദിന്റെ ഹൃദയത്തിൽക്കൂടി ഓരോന്നോരോന്നായി നീങ്ങികൊണ്ടിരിക്കയാണു്. യസീ

ദ് നായാട്ടിന്നായി ദിയർ പ്രദേശത്ത് പര്യടനം നടത്തി യിരുന്നു. താനംക്രൂടെ തന്നെ ഉണ്ടായിരുന്നു. അവിടെവെ ച്ചാണ് ഇദംപ്രഥമമായി സൽമയെ കാണ്മാൻ ഇടവന്ന ത്. പ്രഥമ ദൃഷ്ടിയിൽതന്നെ ആ വിശ്വത്രുപത്തിന്നു ത ന്റെ ഹൃദയാന്തർഭാഗത്ത് സ്ഥിര പ്രതിഷ്ഠ ലഭിച്ചു. പി ന്നെ അവളെ കരസ്ഥമാക്കാനുള്ള പങ്കപ്പാടുകളുമായി കെ ട്ടിമറിഞ്ഞുകൊണ്ട് അവിടെത്തന്നെ കുറെകാലം കഴിച്ചു ക്കൂട്ടി. യസീദിന്റെ ദൃഷ്ടി അവളിൽ പതിഞ്ഞിട്ടുണ്ടെ ന്നോ, അയാൾ അവളിൽ അനുരക്തനായിട്ടുണ്ടെന്നോ ഉള്ള വസ്തുതയൊന്നും താനറിഞ്ഞിരുന്നില്ല. അദ്ധ്വാനിച്ചു ക്ഷീണിച്ചതിന്നുശേഷം മാത്രമാണ് ആ രഹസ്യം തനി ക്കറിവ് ലഭിച്ചത്. ഖദീഫയുടെ പ്രണയ പാത്രമായിരി ക്കുന്ന അവസ്ഥക്കുവേണ്ടി താൻ അദ്ധ്വാനിക്കുന്നതു ദോഷ തപം മാത്രമാണെന്നു തോന്നി. അങ്ങിനെ അവളോട് ത നിക്കു ജനിച്ച അനുരാഗം ഹൃദയത്തിന്റെ ഇരുട്ടറയിൽ മൂടിവെക്കുവാൻ താൻ നിർബ്ബന്ധിതനായി."

അങ്ങനെ സൽമയെ സംബന്ധിച്ചുള്ള വിസ്മൃതിയി ൽ ആണ്ടുകിടക്കുന്ന വേളയിലാണ് അവൾ യസീദിന്റെ കൊട്ടാരത്തിലേക്കു ആനയിക്കപ്പെട്ടത്. പ്രസ്തുത സംഭവം ഇബ്നുസിയാദിനെ സംബന്ധിച്ചേടത്തോളം തലക്കു കൊണ്ട ഉൗക്കൻ ഒരു അടിയായിരുന്നു. അങ്ങനെയൊരു സംഭവം ഉണ്ടാവാൻ പോകുന്നുണ്ടെന്നു കാലേക്കൂട്ടി അറിവു കിട്ടിയിരുന്നെങ്കിൽ ഏതുവിധവും അവളെ ഒളിപ്പിക്കയും യസീദിനു പിടികൊടുക്കാതെ രക്ഷിക്കുകയും ചെയ്യാൻ തന്നൊക്കൊണ്ടാവുമായിരുന്നു. എന്നാൽ സമയം തെറ്റി പ്പോയ്കൊണ്ട് ഒന്നിനും സൗകര്യം കിട്ടാതെപോയി.

തന്നെയുമല്ല തന്റെ ഹൃദയാഭിലാഷങ്ങളും പൊന്തിവരാതെ, അതിന്റെ തലയിൽ ഒരു വലിയ കല്ല് കയറ്റിവെച്ച് അതിനെ അമർത്തിവെക്കുവാനുംകൂടി കടമപ്പെട്ടവനായി താൻ. മറുഗതിയൊന്നും അന്നുണ്ടായിരുന്നില്ല.

അങ്ങനെ ചിന്താസാഗരത്തിൽ ആണ്ടിരിക്കുന്ന അവസരത്തിൽ സൽമ യസീദിന്റെ കൊട്ടാരത്തിലെത്തിയതിനുശേഷമുണ്ടായ ചില സംഭവങ്ങളും സിയാദിനു ഓർമ്മവന്നു. സൽമയുടെ കഠാരി കണ്ടു കിട്ടിയതോടെ യസീദ് കോപാന്ധനാവുകയും അവളെ വധിക്കുവാൻ മുതിരുകയും ചെയ്തു. തദവസരത്തിൽതാനുംകൂടി അടുത്തുണ്ടായിരുന്നില്ലെങ്കിൽ; ആ ദുഷ്ടന്റെ നിഷ്ഠുര ഹസ്തങ്ങളാൽകൊണ്ട് ഈ പാവം വധിക്കപ്പെട്ടുമായിരുന്നു. അങ്ങിനെ ഇവളെ രക്ഷിച്ചതുകൊണ്ട് മതിയായോ? ഇല്ല. വിഷം കലർത്തി സർബത്തുണ്ടാക്കുന്ന വൈദ്യനെ സമീപിച്ചു. വിഷത്തിനു പകരം ബോധക്ഷയമുണ്ടാക്കുന്ന ഒരു ഔഷധം ചേർത്തു സർബത്തുണ്ടാക്കുവാൻ ഏർപ്പാട് ചെയ്തു. അങ്ങനെ അവളെ വിഴുങ്ങുവാൻവേണ്ടി ഓടിയടുത്ത മരണദേവതയുടെ വക്ത്രത്തിൽനിന്നു രണ്ടു തവണ രക്ഷപ്പെടുത്തുവാൻ തനിക്കുകഴിഞ്ഞു. പിന്നെ സൽമയുടെ ജഡം മറവുചെയ്യുവാനാണെന്നു പറഞ്ഞു കൊട്ടാരത്തിൽനിന്നു പുറത്തുകൊണ്ടുവരികയും ഖലീഫക്കു അറിവുകിട്ടാതെ തന്റെ വീട്ടിൽ എത്തിക്കുകയും ചെയ്തു. ഏവം വിധങ്ങളായ ഭഗീരഥ പ്രയത്നങ്ങളുംകൊണ്ടു സൽമയെ രക്ഷിച്ചുവാൻ അവർക്കു കഴിവു കിട്ടിയാൽ പിന്നെതന്നെ നിരസിക്കാൻ അവർക്കു കഴിയുമോ? ഇല്ല; ഒരിക്കലുമില്ല. പിന്നെ തന്റെ അധീനതയിലായിരിക്കുന്ന സ്ഥിതിക്കു തന്നെ ലംഘിച്ചു ഓടി

പ്പോവാനും അവർക്കു കഴിയില്ല." എന്നിങ്ങിനെ ചിന്തിക്കുന്നതിന്നിടയിൽ സിയാദു പറഞ്ഞുപോയി. "ഏതു വിധവും ഇവർക്കു സ്വബോധമുണ്ടായെങ്കിൽ....."

ഏവം വിധങ്ങളായ ചിന്തകളിൽ മുഴുകിയിരുന്ന സിയാദ് സമയം പോയതറിഞ്ഞതേയില്ല. വൈദ്യൻ പറഞ്ഞിരുന്ന സമയം ഏതാണ്ടവസാനിക്കാറായി. സൽമക്കു സ്വബോധം ഉണ്ടാകുവാനുള്ള സമയം അടുത്തടുത്തു വരികയാണ്. നിമിഷങ്ങൾ മണിക്കൂറു കണക്കെ ദീർഘിച്ചതായി തോന്നുകയാണ് സിയാദിന്ന് അവളൊന്നു കണ്ണു തുറന്നെങ്കിൽ എന്നോർക്കയാണയാൾ. നിമിഷങ്ങൾ പലതും ഇഴഞ്ഞിഴഞ്ഞുപോയി. നിശ്ചലയായി കിടന്നിരുന്ന സൽമയുടെ ദേഹത്തിന്ന് ഒരു ചലനം ഉണ്ടായ്തുപോലെ സിയാദിന്നുതോന്നി. അയാളുടെ ഹൃദയ മിടിപ്പിന്ന വേഗത കൂടിക്കൂടി വരികയാണ്. ഇബ്നുസിയാദ് ചില്ലറക്കാരനൊന്നുമല്ല. യസീദ് ചെയ്തു കൂട്ടിയ നിഷ്ഠുര കൃത്യങ്ങളുടെ കടിഞ്ഞാൺ പിടിച്ചിരുന്നത് അയാളാണ്. അയാളുടെ പ്രേരണകളാണ് യസീദിനെ ഇത്ര കണ്ടു ദുഷ്ടനാക്കി ചമച്ചതു എന്ന വസ്തുത തുറന്നു ഒരു പരമാർത്ഥം മാത്രമാണ്. എന്നാൽ ഇന്നയാളുടെ സ്ഥിതിയെന്താണ്? വെറും ഒരു അബലയായ സൽമക്കുവേണ്ടി തന്റെ സർവ്വസ്വവും ബലിയർപ്പിക്കുവാൻ സന്നദ്ധനായി മാറിയിരിക്കുകയാണ്. അയാളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ അജ്ഞാതമായ ഏതോ ചില വടംവലികൾ നടക്കുന്നുണ്ട്. അന്തഃകരണം എന്തൊക്കെയോ മന്ത്രിക്കുന്നുണ്ട്. സൽമയുടെ ജീവനെ രക്ഷിച്ചതു നീയാണ്. അതിനുവേണ്ടി നന്ദിയുണ്ടായിരിക്കും. നീ ചെയ്ത സേവനം അവളെ നിന്റെ

യൊരു കടക്കാരിയാക്കിയിരിക്കയാണ്. നിന്നോട് ചിലപ്പോൾ കടപ്പാടുകളൊക്കെ അവർക്കുണ്ട്. അന്ത്യശ്വാസംവരെ വിസ്മരിക്കാനാവാത്ത കടപ്പാടുകൾ—!

സൽമ നിൻറെതാവുന്ന കാര്യം പ്രയാസം. അഹ്മദിന്റെ മനസ്സൈര്യങ്ങളെ ആദരിക്കുന്ന അവൾ നിന്നെ പോലെയൊരു നീചൻറെതാവുക ഒരു പ്രകാരത്തിലും സാദ്ധ്യമല്ല. അവളുടെ പിതാവിനേയും കുടുംബത്തേയും ഹനിച്ചു അവളെ അനാഥയാക്കിയത് നീയും അനുചരന്മാരും ക്രൂരന്മാരുമാണ്. ആ ചിന്ത അവളുടെ ഹൃദയമുകുളത്തിൽനിന്നു വിട്ടുപോവുന്നതെങ്ങിനെയാണ്? പ്രസ്തുത നിഷ്ഠുര കൃത്യത്തിനു പ്രതികാരം ചോദിക്കുവാൻ സന്നദ്ധയാവുകയെന്നിയെ, ആ വൈരിയെ മാറോടണക്കുവാൻ അവൾ സന്നദ്ധയാവുമോ? പരിതസ്ഥിതികൾ അങ്ങനെയൊക്കെയിരിക്കെ സൽമയെ സ്വായത്തമാക്കാമെന്ന് നീ സ്വപ്നം കാണുന്നുണ്ടെങ്കിൽ അതു നിൻറെ മിഥ്യാബോധം മാത്രമല്ലേ? ഏവം വിധങ്ങളായ ചിന്താശകലങ്ങൾ ഇബ്നുസിയാദിൻറെ ഹൃദയത്തെയിട്ടു പന്താടിക്കൊണ്ടിരിക്കുകയാണ്. അയാൾ ഗാഢമായ ചിന്തയിൽ ആണ്ടിരിക്കയാണ്. അതിനിടയിൽ ഒരു മാന്ത്രികശക്തിപോലെ സൽമയുടെ നയനങ്ങൾ വിരിഞ്ഞു. പ്രസ്തുത കാഴ്ച ഇബ്നുസിയാദിനെ പുളകംകൊള്ളിച്ചെങ്കിൽക്കൂടി അയാളുടെ ഹൃദയമിടിപ്പിനു മാറ്റൊരുകയാണുണ്ടായത്.

മോഹാലസ്യത്തിൽനിന്നുണർന്ന സൽമ അത്ഭുത പരതന്ത്രരായി നാലുപാടും നോക്കിത്തുടങ്ങി. ഇത്ര വലിയ ഒരു മണിമാളികയുടെ മട്ടുപ്പാവിൽ താൻ എങ്ങിനെയെത്തി എന്നോർക്കയാണവൾ. യസീദിൻറെ കൊട്ടാരത്തിൽ

വു വിഷം കലർത്തിയ സർബത്ത് കുടിച്ചത് നല്ല ഓ
സേ ണ്ടവാംക്ക്. മരണത്തോട് സമീപിച്ചതുകൊണ്ട് ഇ
പട്ടി യാക്കെ തോന്നുന്നതാണോ. മരിച്ചശേഷം ആത്മാ
"സ്വർഗ്ഗത്തിൽ സഞ്ചരിക്കുന്നതിന്നിടയിൽ ഈ രമ്യ
ക്ഷേത്രത്തിൽ എത്തിയതായിരിക്കുമോ. എന്നൊക്കെ അ
ശങ്കിച്ചു. ഏതാനും നിമിഷം പ്രജ്ഞയായി കിടന്നി
രുന്ന സൽമ നിരവധി സംശയങ്ങളുമായി കെട്ടിമറിയുക
യായിരുന്നു. അപ്പോ സമയത്തിന്നുശേഷം അവഠംക്ക് സ
ബോധം തിരിച്ചു കിട്ടുകയും തൊട്ടടുത്തിരിക്കുന്ന ഇബ്നു
സിയാദിനെ കാണുവാൻ കഴിയുകയും ചെയ്തു. അപ്പോഴാ
ണ് മരണ വക്ത്രത്തിൽനിന്നു താൻ രക്ഷപ്പെട്ടിരിക്കുന്നു
എന്ന വസ്തുത അവഠംക്കുറപ്പായത്. മരണത്തിൽനിന്ന് ര
ക്ഷപ്പെട്ടെങ്കിൽക്കൂടി ഇബ്നുസിയാദിന്റെ ഭവനത്തിൽ
തന്നെ കൊണ്ടുവന്നത് എന്തോ ദുരുദ്ദേശത്തോടുകൂടിയാ
ണെന്ന് അവഠം ഊഹിച്ചു. മരിക്കാനുള്ള സർബത്ത് കു
ടിച്ചിട്ടും മരിക്കാതെ യസീദിന്റെ പിടിയിൽനിന്നു
രക്ഷപ്പെട്ടെങ്കിൽക്കൂടി ഇബ്നുസിയാദിന്റെ സ്വാധീനത
യിൽവന്നുപെട്ടത് തന്റെ നിർഭാഗ്യമെന്നല്ലാതെ മറെറാ
ന്നുമല്ലെന്നു അവഠംക്കുതോന്നി.

"ഞാൻ ഇവിടെ എത്തിയതെങ്ങനെ?" വളരെ പ
തിഞ്ഞ സ്വരത്തിൽ ആരോടെന്നില്ലാതെ അവഠം ചോ
ദിച്ചു. അത്യധികമായ ക്ഷീണവും സംഭ്രമവും അവഠംക്കു
ണ്ടെന്ന് ആ ശബ്ദത്തിൽനിന്നുതന്നെ മനസ്സിലാക്കാം.

"സൗഭാഗ്യവതിയായ സൽമാ! പരിഭ്രമിക്കേണ്ട
യാതൊരാവശ്യവും ഭവതിക്കില്ല. ഇവിടെവെച്ചു യാതൊ
രു വിധ ക്ലേശത്തിന്നും ഇടവരില്ലെന്ന് ഭവതിക്കു ഞാൻ

ഉറപ്പുതരുന്നു." സ്നേഹമസൃണമായ സ്വരത്തിൽ അയാൾ സാന്ത്വനപ്പെടുത്തിക്കൊണ്ട് ഇബ്നുസിയാദ് പ്രതി ചിച്ചു.

"യാതൊരു ക്ലേശവും ഇവിടെവെച്ചുണ്ടാവില്ലെന്ന് നിങ്ങളം പറഞ്ഞല്ലോ. അതിന്റെ അർത്ഥം എനിക്ക് മനസ്സിലായില്ല." സൽമ ജിജ്ഞാസുവായി. "ലോകാനുഭവനായ ഞാൻ ഇബ്നുസിയാദ് എന്ന പേരിൽ അറിയപ്പെടുന്നു. അങ്ങനെയുള്ള എന്റെ വീട്ടിൽ കടന്നുവന്ന ഭവതിയെ ശല്യപ്പെടുത്തുവാൻ ലോകത്തുള്ള ഒരു വ്യക്തിക്കും ധൈര്യം ഉണ്ടാവില്ല." സിയാദ് ഉറപ്പുപറഞ്ഞു.

"യസീദ് എവിടെ?"

"കൊട്ടാരത്തിലുണ്ട്" സിയാദ് തുടർന്നു.

"ഭവതി മരിച്ചുപോയെന്നും ഖബറടക്കം ചെയ്യുവാൻ കൊണ്ടുപോയിരിക്കയാണെന്നും ദൃഢമായി വിശ്വസിച്ചു അയാളിപ്പോഴും."

"നിങ്ങളം ഇവിടെ വന്നിരിക്കുവാൻ കാരണം?"

"നീണ്ട ഒരു കഥയാണത്, ചുരുക്കിപ്പറയാം." ഇബ്നുസിയാദ് വിശദമാക്കി. "ഞാൻ എന്നെ ആപത്തിന്റെ വായയിൽ തള്ളിക്കൊണ്ടാണ് ഭവതിയെ രക്ഷിച്ചത്." എന്നുപറഞ്ഞുകൊണ്ട് സൽമയിരിക്കുന്ന മഞ്ചത്തിലേക്ക് അയാൾ ചേർന്നിരുന്നു. എന്നിട്ട് ഒരു പരിചാരികയെ നമിക്കുന്നതുപോലെ ഉപവിഷ്ടനായി.

സൽമയാവട്ടെ ഗാഢാലോചനയിൽ മുഴുകിയിരിക്കയാണ്. ഒരു വിപത്തിൽനിന്നു തന്നെ രക്ഷപ്പെടുത്തിയ ദൈവം മറെറാരു മഹാവിപത്തിൽതന്നെ കൊണ്ടിടുകയാണോ ചെയ്തത്? എന്നോർക്കയായിരുന്നു അവൾ.

അവളെ രക്ഷപ്പെടുത്തുവാൻവേണ്ടി താൻ ചെയ്ത സേവനങ്ങളുടെയും ത്യാഗ പരമ്പരകളുടെയും നീണ്ട ഒരു പട്ടിക സൽമയുടെ മുമ്പിൽവെച്ചിട്ട് സിയാദ് തുടർന്നു. "യസീദിന്റെ ആത്മ ശത്രുവാണു് ഭവതിയെന്നു എനിക്കറിയാം. അങ്ങനെയുള്ള ഭവതിയെ വധിക്കാതെ അഭയം നല്കി രക്ഷിക്കയാണു് ഞാൻ ചെയ്തത് എന്നു വാർത്ത യസീദിനു അറിവുകിട്ടിയാൽ പിന്നെ എന്റെ അനുഭവം എത്ര കണ്ട് തിക്തതുല്യമായിരിക്കുമെന്ന് ഭവതിക്കു തന്നെ ഊഹിക്കാമല്ലോ? ഭവതി അന്യാധീനപ്പെട്ടുപോവുകയോ, ജീവഹാനിവരുന്നു നശിച്ചുപോവുകയോ ചെയ്യാതെ ചിരഞ്ജീവിയായി എന്റെ അധീനതയിൽതന്നെ ഉണ്ടായിരിക്കണം എന്നു വിചാരമാണ് ഏവം വിധങ്ങളായ സാഹസങ്ങൾക്കൊക്കെ എന്നെ പ്രേരിപ്പിച്ചതെന്നു പരമാർത്ഥം മറച്ചുവെക്കുവാൻ ഞാൻ ആളല്ല. ഇനി എന്റെ അഭിലാഷത്തെ സ്വീകരിക്കുകയും നിരസിക്കയും ചെയ്യാനുള്ള അധികാരം ഭവതിയിൽ ഞാൻ അർപ്പിച്ചിരിക്കുന്നു."

"ജീവിതാന്ത്യംവരെ വിസ്മരിക്കാനാവാത്തതാണ് താങ്കൾ എനിക്കു ചെയ്ത ഈ സഹായം. ഇതിനു പ്രതിവിധിയായി എന്താണ് ചെയ്യേണ്ടത് എന്ന് എത്രയോ ആലോചിച്ചിട്ടും എനിക്ക് മനസ്സിലാവുന്നില്ല. എന്നാൽ ആജീവനാന്തം നിങ്ങളോട് നന്ദിയുള്ളവളായിരിക്കും ഞാനെന്നപരമാർത്ഥം തുറന്നുപറയാതെ തന്നെ നിങ്ങൾക്കു ഗ്രഹിക്കാവുന്നതാണ്." കൃതജ്ഞതാ സൂചകമായി ഇബ്നു സിയാദിനെ നോക്കി പുഞ്ചിരിതൂകിക്കൊണ്ടു സൽമ പറഞ്ഞു.

"ഭവതിക്കുവേണ്ടി ഇതല്ല, ഇതിലും വലിയ ഏതു ത്യാഗവും ശിരസാവഹിക്കുവാൻ സർവ്വഥാ സന്നദ്ധനാണ് ഈയുള്ളവൻ." ഇബ്നുസിയാദ് പ്രസന്ന വദനനായി പ്രതിവചിച്ചു. ആ വദനത്തിൽ പ്രത്യാശയും നിഴലിച്ചു നിന്നിരുന്നു. വീണ്ടും അയാൾ തുടർന്നു.

"അത്യധികമായ ക്ഷീണമുണ്ട് ഭവതിക്കു ക്ഷീണം മാറുകയും പൂർണ്ണാരോഗ്യം വീണ്ടു കിട്ടുകയും ചെയ്യുന്നതു വരെ ഇവിടെത്തന്നെ വിശ്രമിച്ചാലും" എന്നു പറഞ്ഞു കൊണ്ട് അയാൾ ആ മുറിയിൽനിന്നു അടുത്ത മുറിയിലേക്കുപോയി.

സൽമയാകട്ടെ വീണ്ടും ചിന്താർണ്ണവത്തിന്റെ അടിത്തട്ടിൽ ആണ്ട് എന്തൊക്കെയോ മുങ്ങി തപ്പുകയാണു്. അതിനിടയിൽ അവൾക്കുതോന്നി. ഇബ്നുസിയാദിന്റെ സഹായഹസ്തം തനിക്കുവേണ്ടി ഉയർന്നിട്ടില്ലായിരുന്നുവെങ്കിൽ ഇതിനിടയിൽ താൻ മണ്ണിനാടിയിൽ ആയിക്കഴിഞ്ഞേനെ. പ്രസ്തുത ചിന്ത ഹൃദയാന്തർഭാഗത്ത് മുള്ളു പൊങ്ങിയതോടെ അവൾക്ക് ഇബ്നുസിയാദിനോട് തോന്നിയ അവജ്ഞ ക്രമേണ കുറഞ്ഞു കുറഞ്ഞുവന്നു. തന്നെയുമല്ല അത് മമതയും കൃതജ്ഞതയുമായി രൂപാന്തരപ്പെട്ടുകയുംചെയ്തു. എന്നാൽ നബി സന്താനങ്ങളായ അഹ്ലുബൈത്തിന്റെ കൂലങ്കഷോഹിയാണ് യസീദെന്നും അവന്റെ മാർഗ്ഗദർശകനാണ് ഇബ്നുസിയാദെന്നുമുള്ള പരമാർത്ഥം വിസ്മരിക്കുവാൻ സൽമക്കു കഴിഞ്ഞില്ല. അതിനാൽ ഹൃദയംഗമമായ സ്നേഹത്തോടെ അയാളെ വീക്ഷിക്കുവാൻ അവൾ അശക്തയായിതീർന്നു. ആ സാധ്വിയുടെ മനസ്ഥിതി അതിനു അനുവദിക്കാതിരുന്നിട്ടാവാം.

ഇബ്നുസിയാദിന്റെ അരമനയിൽ സൽമാ താമസമാക്കീട്ട് ദിവസങ്ങളും, ആഴ്ചകളുംതന്നെ യങ്ങനെനീങ്ങിക്കൊണ്ടിരുന്നു. അതിനിടയിൽ അവളിൽ ചില പരിവർത്തനങ്ങളുംവന്നുകൊണ്ടിരിക്കുന്നതു് ഇബ്നുസിയാദ് കാണുന്നുണ്ടായിരുന്നു. അതുകൊണ്ടു് അയാൾക്കു തോന്നി അവൾക്കു് തന്നോടു് പ്രേമം ജനിച്ചിരിക്കുന്നുവെന്നു്. പ്രസ്തുത തോന്നൽ അയാളെ ആനന്ദസാഗരത്തിൽ ആറാടിക്കാൻ ഉപകരിച്ചു. അവളുടെ ഹൃദയത്തിനു അങ്ങനെയൊരു പരിവർത്തനമുണ്ടാക്കാൻ കഴിയുമെന്നു് അയാൾ സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല. അവളെ തന്റെ പ്രേയസിയാക്കി തീർക്കണമെന്നുള്ള ആഗ്രഹം ഇബ്നുസിയാദിന്റെ ഹൃദയത്തെ അലട്ടി തുടങ്ങിയിട്ടു കാലം വളരെയായി. എന്നാൽ അതിനുള്ള സാദ്ധ്യതകളൊന്നും കണ്ടെത്താതെ ശ്വാസംമുട്ടി കഴിയുന്ന അവസരത്തിലാണു് അവളിൽ ഉണ്ടായ ആ മനപരിവർത്തനം ഇബ്നുസിയാദിനു കാണുവാൻ കഴിഞ്ഞതു്. അങ്ങിനെ ഒരു അവസരം കൈവന്നതിൽ അയാൾ പുളകംകൊണ്ടു. തന്റെ അഭിലാഷം അവളെ അറിയിക്കുവാൻതന്നെ അയാൾഉറച്ചു. എന്നാൽ അതിനുതകുന്ന ഒരു അവസരം കൈവരേണമല്ലോ, അതായതു്, അവൾ പ്രസന്നവദനയായി ഇരിക്കുന്ന ഒരു അവസരം പാത്തുംകൊണ്ടു് അക്ഷമനായി ദിവസം തള്ളിനീക്കുകയാണയാൾ. അങ്ങിനെയിരിക്കെ ഒരു ദിവസം അവളെ സമീപിച്ചു. എന്നിട്ടു തന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ ഒളിഞ്ഞുകിടക്കുന്ന ആ പരമരഹസ്യം അവളുടെ മുമ്പിൽ തുറന്നുവെക്കുവാൻ ഉറച്ചു. അതുകണ്ടു ആനന്ദകരമായ ഒരു സുവർണ്ണാവസരം അന്നിടം പ്രഥമമായിട്ടാ

ണ് ഇബ്നുസിയാദിൻ കൈവന്നത്.

പ്രസന്ന വദനായി തന്റെ മുറിയിലേക്ക് കടന്നു വരുന്ന ഇബ്നുസിയാദിനെ കണ്ടപ്പോൾ സൽമക്ക് എന്തൊക്കെയോ സംശയങ്ങൾതോന്നുകയുണ്ടായി. എന്നാൽ അതിനെയൊന്നും പ്രകടമാക്കാതെ അവൾ അല്പം ലജ്ജ അഭിനയിച്ചുംകൊണ്ട് എഴുന്നേറ്റുനിന്ന അയാളെ സ്വീകരിച്ചു. എന്നിട്ട് പരിഭവം നിറഞ്ഞ സ്വരത്തിൽതുടർന്നു.

"പ്രിയപ്പെട്ട ഇബ്നുസിയാദേ! നിങ്ങൾ എന്റെ കാര്യം തീരെ മറന്നിരിക്കയാണെന്ന് തോന്നുന്നല്ലോ, നിങ്ങളുടെ ആഗമനത്തേയും പ്രതീക്ഷിച്ചുംകൊണ്ട് എത്ര നാളായി ഞാനിങ്ങനെ കാത്തിരിക്കാൻ തുടങ്ങീട്ട്. ഇനിയും എത്ര കാലമാണ് ഇങ്ങനെ ഇരിക്കേണ്ടിവരികയെന്ന് എനിക്ക്തന്നെ മനസ്സിലാവുന്നില്ല. പിന്നെ ഹൃദയത്തിൽ ഒളിഞ്ഞുകിടക്കുന്ന അഭിലാഷങ്ങളെ അടിച്ചമർത്തിക്കൊണ്ട് വെറും ഒരു തടവു പുള്ളിയെപ്പോലെ ഇങ്ങിനെ ജീവിക്കുവാനും എനിക്കിനിശക്തിയില്ല. എന്റെ ക്ഷമ അതിന്റെ നെല്ലിപ്പടിയിൽ എത്തിക്കഴിഞ്ഞു. നിങ്ങളുടെ ഈ മൗനം കാണുമ്പോൾ എനിക്കുവല്ലാത്ത ഭയം തോന്നുകയാണു്. അതുകൊണ്ട് ഇനിയും ഇങ്ങിനെ സമയം ദീർഘിപ്പിക്കാതെ ഈയുള്ളവളുടെ ഭാവിയെ സംബന്ധിച്ച് ഒരന്ത്യ തീരുമാനം ഉണ്ടാക്കുവാനുള്ള അധികാരം താങ്കളിൽതന്നെയാണ് അർപ്പിച്ചിരിക്കുന്നത്. ഇനിയെല്ലാം നിങ്ങളുടെ ഇഷ്ടം പോലെ ചെയ്യാം."

സൽമയുടെ ആ വാക്കുകൾ ഇബ്നുസിയാദിനെ പുളകിത ഗാത്രനാക്കിച്ചമച്ചു. അയാളുടെ ചിരകാല അഭിലാഷത്തിനു സാഫല്യതയുണ്ടാവാൻ പോകുന്നതുപോലെ

അയാൾക്കുതോന്നി. പ്രസ്തുത ഉദ്ദേശത്തെ അടിസ്ഥാനമാക്കികൊണ്ട് അയാൾ തുടർന്നു. "പ്രിയപ്പെട്ട സൽമാ' നമ്മുടെ കഷ്ടകാലത്തിനു ഒരുതിവന്നതുപോലെയാണ് എനിക്ക് തോന്നുന്നത്. അതു ഏതാണ്ട് നീങ്ങിയെന്നതന്നെ പറയാം. ഖലീഫ തിരുമേനിയുടെ ഒരു കല്പന എനിക്ക് കിട്ടിയിട്ടുണ്ട്. എന്നെ 'ക്രഫാ'യിലെ ഗവർണ്ണരായി നിയമിച്ചുംകൊണ്ടുള്ളതാണ് ആ കല്പന. ആ കല്പനയുടെ സഹായംകൊണ്ട് ഈ തലസ്ഥാന നഗരിയിൽ ഖലീഫാ തിരുമേനിയുടെ ശല്യവും വിട്ട വിദൂരമായ ഒരു സ്ഥലത്ത് ചെന്ന് സമാധാനപൂർവ്വം താമസിക്കുവാൻ നമുക്കവസരം കിട്ടിയിരിക്കയാണിപ്പോൾ. ഭവതിയുടെ സാന്നിദ്ധ്യത്തിൽ താമസിക്കുവാൻ ഇങ്ങനെയൊരു അവസരം കൈവന്നത് എന്റെ ഭാഗ്യോദയമാണെന്നും തീർത്തുപറയാം. ചുരുക്കി പറഞ്ഞാൽ നമ്മുടെ വ്യാമോഹത്തെ ദൈവം സ്വീകരിച്ചു എന്നുവേണം കരുതുവാൻ."

"അല്ലാഹുവിന്റെ കാരുണ്യം കൊണ്ടാണ് ഇതൊക്കെ സാദ്ധ്യമായതെന്ന് നിസ്സംശയം പറയാം. അതിരിക്കട്ടെ. എപ്പോഴാണിവിടെനിന്നു പുറപ്പെടുന്നത് എന്നറിയുവാൻ തിടുക്കമായിരിക്കുകയാണ്?" ജിജ്ഞാസുവായ സൽമയുടെ ചോദ്യമാണത്. "കഴിയുന്നതുവേഗം പുറപ്പെട്ടെങ്കിൽ എന്നാണ് ഞാൻ ആശിക്കുന്നത്."

"നാളെ പുലരുന്നതിനു മുമ്പ് തന്നെ ഇവിടം വിടേണമെന്നാണ് ഉദ്ദേശം" ഇബ്നുസിയാദ് പ്രതിവചിച്ചു. "പിന്നെ.....ക്രഫായിൽ എത്തിയാൽ ഉടൻ തന്നെ നമ്മുടെ....."

"അവിടെ എത്തിയാൽ പിന്നെ ഒട്ടും തന്നെ താമ

സിക്കേണ്ട ആവശ്യമില്ല. നമ്മുടെ അഭീഷ്ടങ്ങളും പൂത്തി കരിക്കുവാൻ." ഇബ്നുസിയാദിന്റെ വാചകം പൂർത്തിയാ ക്കുന്നതിനു ഇടം കൊടുക്കാതെ, സൽമ കയറിപറഞ്ഞു.

"ഞാനും അതുതന്നെയാണ് പറയാൻ ഭാവിച്ചത്. നമ്മളുടെ രണ്ടു പേരുടെയും ഉന്നം ഒന്നു തന്നെയാണ്." പ്രസന്ന വദനനായ ഇബ്നുസിയാദ് സമ്മതിച്ചു.

"ഈ സംഗതികളൊക്കെ ഖലീഫക്കു അറിവു കിട്ടി യാലത്തെ സ്ഥിതി എന്തായിരിക്കുമെന്നോർക്കുമ്പോൾ എ നിക്കു ഭയം തോന്നുകയാണ്."

സൽമ സംശയിച്ചു. അവളിൽനിന്നുയർന്ന ആ സംശ യം ഏതാണ്ടു് അർത്ഥവത്താണെന്നു് ഇബ്നുസിയാദിനു തോന്നി. അവളുടെ ആ സംശയത്തിനു നിവാരണമുണ്ടാ ക്കാനെന്നോണം അയാൾ തുടർന്നു.

"സൽമാ! നീ ഇവിടെയുണ്ടെന്നു് ഖലീഫ തിരുമേ നിക്കറിവുകിട്ടുക എന്നതുതന്നെ പ്രയാസം. ഇനി അഥ വാ അറിവു കിട്ടിയാൽതന്നെ സൽമ എന്ന പേരിൽ നീ ഒരുത്തി മാത്രമല്ല. വേറെയും നിരവധി യുവതികൾ ലോക ത്തുണ്ടായിരിക്കുമെന്നു് അദ്ദേഹം കരുതാതിരിക്കില്ല. ഇ നി സൂക്ഷ്മവിവരം അദ്ദേഹത്തിനു കിട്ടാൻ ഇടവരുമെന്നു കണ്ടാൽ ഉടൻ തന്നെ നിന്റെ പേർ ഒന്നു മാറ്റിവെക്കാ നും, വേണ്ടി വന്നാൽനിന്നെതന്നെ ഇവിടുന്നു മാറ്റിതാമ സിപ്പിക്കുവാനും വിഷമമില്ലല്ലൊ. ഇതിനെല്ലാം പുറമെ വിഷം കൊടുത്തുകൊന്ന സൽമ ജീവിച്ചിരിക്കുന്നുണ്ടെന്നു പറഞ്ഞാൽതന്നെ അതു വിശ്വാസയോഗ്യമാണെന്നു് ആ ർക്കെങ്കിലും തോന്നുമോ. വിശേഷിച്ചു് രാജകൊട്ടാരത്തിൽ മരിച്ചു കിടക്കുന്ന സൽമയുടെ ദേഹം അദ്ദേഹം പരിശോ

ധിക്കയും പിന്നീടതിനെ മറവുചെയ്യുവാൻ കല്പിക്കയും കൂടി ചെയ്തിട്ടുണ്ട്.”

“ഈ കാരാഗൃഹത്തിൽനിന്നു രക്ഷപ്പെടുകയാണ് ആദ്യം വേണ്ടത്. പിന്നെ ഏതു വിപത്തുവന്നാലും അതിനെ ചെറുത്തു നില്ക്കുവാൻ അനായാസേന സാധിക്കും.” സൽമ പരിഹാരം കണ്ടു.

“പ്രഭാതത്തിനു മുമ്പ് പുറപ്പെടാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. അതിനായി മറു പ്രതിബന്ധങ്ങളൊന്നും ഉണ്ടാവുമെന്ന് ഭയപ്പെടേണ്ടതില്ല.” ഇബ്നുസിയാദ് സാന്ത്വനപ്പെടുത്തി.

ആനന്ദവും പ്രത്യാശയും അയാളുടെ വദനത്തിൽ കളിയാടിക്കൊണ്ടിരുന്നു. അടുത്ത ഭാവിയിലുണ്ടാവാൻ പോവുന്ന ആനന്ദ തുന്ദിലമായ ദാമ്പത്യ ജീവിതം ഒരു ദേവകന്യകയെപ്പോലെ അയാളുടെ മുമ്പിൽ നൃത്തം ചവിട്ടുകയായിരുന്നു. സൽമയോടുകൂടിയുള്ള ദാമ്പത്യബന്ധത്തിനു തന്റെ ജീവനെക്കാൾ വില കല്പിച്ചിരിക്കയാണയാൾ. അങ്ങനെ ആ സുന്ദര ജീവിതത്തിലേക്കു കാലെടുത്തു കുത്തുവാൻ വെമ്പൽകൊള്ളുന്ന ഇബ്നുസിയാദ് അവിടെയൊക്കെ ഓടിച്ചാടിനടന്നുകൊണ്ട് തന്റെ ഭൃത്യന്മാരെ ഒഴിക്കയും സഞ്ചാരത്തിനുള്ള സന്നാഹങ്ങൾ ചെയ്യുവാൻ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തുകൊണ്ടിരുന്നു. അരുണോദയത്തിനു മുമ്പ് തന്നെ കൂഫയിലേക്കുള്ള സഞ്ചാരത്തിന് വേണ്ട എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. താമസംവിനാ ഒരു കാഫില ദിമശ്ക്കിൽനിന്നു പുറപ്പെട്ട് കൂഫയെ ലക്ഷ്യമാക്കിയാണ് അവർ സഞ്ചരിക്കുന്നത്.

ഒരു പെൺ ഒട്ടക പുറത്ത് പട്ട വസ്ത്രങ്ങൾകൊണ്ടു ആച്ഛാദനം ചെയ്ത ഒരു അമ്പാരിയിലാണ് സൽമ ഇരിക്കുന്നത്. നിരവധി ചിന്തകൾക്കു വിധേയയായി അങ്ങിനെയിരുന്ന അവൾ സമയം പോയതൊന്നും അറിഞ്ഞതേയില്ല. ഏതാണ്ടു മദ്ധ്യാഹ്നമായപ്പോൾ ആഹാരാദികൾക്കായി ഒരു സ്ഥലത്ത് ആ കാഫില താവളമടിച്ചു. അപ്പോൾ മാത്രമാണ് അവൾ അറിഞ്ഞത് ഭിമശ്ക്കുവിട്ടു വളരെ അകന്ന ഒരു സ്ഥലത്താണ് താനിപ്പോൾ എത്തിയിരിക്കുന്നതെന്ന്.

അല്പ സമയത്തിനുശേഷം വീണ്ടും സഞ്ചാരം തുടങ്ങി. സായാഹ്നത്തോടുകൂടി പൗരാണികവും ഇപ്പോൾ വിജനവുമായ ഒരു ഗ്രാമത്തിന്റെ അടുത്തെത്തി കാഫില താവളമടിച്ചു. അവിടെ തൊട്ടടുത്തു തന്നെയുള്ള മൈതാനത്തിലാണ് അന്നത്തെ നിശാകാലം കഴിച്ചുകൂട്ടുവാൻ അവർ ഉറപ്പിച്ചിരുന്നത്. സൽമയും ഇബ്നുസിയാദും മറ്റും എത്തിച്ചേരുന്നതിനു മുമ്പുതന്നെ ഭൃത്യന്മാർ അവിടെ എത്തിച്ചേരുകയും അവരുടെ കാഫിലക്കന്നത്തെ നിശാകാലം കഴിച്ചുകൂട്ടുവാനാവശ്യമായ കൂടാരം മുതലായവ തെയ്യാറാക്കുകയും ചെയ്തിരുന്നു.

വിജനമായ ആ ഗ്രാമത്തിൽനിന്നു വലിയ അകലത്തല്ല പ്രസ്തുത മൈതാനം; ഏതാണ്ടൊരു സമുദ്രം കണക്കെ നീണ്ടുനിവർന്നു കിടക്കയാണ്. സന്ധ്യമയങ്ങിയതോടെ അന്ധകാരം ആ മണലാരണ്യത്തെ കറുത്ത മൂടുപടമിട്ടുമൂടി. അന്തരീക്ഷം കാർമേഘപടലങ്ങളാൽ ആവൃതമായിരുന്നത്കൊണ്ട് അന്നത്തെ നിശാകാലം ഒരു കാളരാത്രിക്കു തുല്യമായി തോന്നിയിരുന്നു. കൂടാരങ്ങളിൽ മിന്നി

പ്രകാശിക്കുന്ന ദീപനാളങ്ങളും കാവൽക്കാരുടെ ശബ്ദവും കൂടിയില്ലായിരുന്നെങ്കിൽ അങ്ങിനെയൊരു യാത്രാ സംഘം അവിടെ വന്നു താവളമടിച്ചിട്ടുണ്ടെന്നുപോലും ഊഹിക്കാൻ സാദ്ധ്യമായിരുന്നില്ല. അത്രയുംകൂടി ഇല്ലായിരുന്നുവെങ്കിൽ വെറും ശ്മശാന തുല്യമായ നിശ്ചലതയും മരണതുല്യമായ മൂകതയും മാത്രമാണു് അവിടെ കളിയാടിയിരുന്നതു്.

ഏതാണ്ടു് അർദ്ധരാത്രി കഴിഞ്ഞു. തന്റെ ക്രൂരത്തിൽ കിടക്കുന്ന ഇബ്നുസിയാദു് ഗാഢനിദ്രയിൽ ആണ്ടുകിടക്കയാണു്. പ്രജ്ഞയറ്റ ഉറക്കം. വളരെ ദിവസമായി സൽമയെ കാത്തുകൊണ്ടിരുന്ന അയാൾക്കു സമാധാനത്തോടെ അല്പമൊന്നുറങ്ങുവാൻ അന്നു മാത്രമാണു് അവസരം കിട്ടിയതു്. സൽമയാവട്ടെ ഉണർന്നിരിക്കയാണു്. അവളുടെ ക്രൂരത്തിലെ വിളക്കു അണഞ്ഞിട്ടില്ല. നിദ്രാദേവി അവളെ തലോടുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടായിരുന്നില്ല. നിദ്രക്കതീനയാവാതെ വിളക്കിന്റെ തൊട്ടടുത്തിരിക്കുന്ന അവൾ എന്താണു് ചെയ്യുന്നതു്. ഒരു സന്ദേശം രചിക്കുകയാണു്. ഇബ്നുസിയാദിനു് കൊടുപ്പാനുള്ളതാണു് ആ സന്ദേശം. അവൾ എഴുതിയിരിക്കയാണു്.

"ഇബ്നുസിയാദേ' യസീദിനെ യമപുരിക്കയച്ചു ചാരിതാർത്ഥ്യം അടയുവാനാണു് ഞാൻ ദിമശ്ക്കിൽ വന്നതു്. എന്നാൽ എന്റെ ദുർഭാഗ്യവും അവന്റെ ഭാഗ്യവും കൊണ്ടെന്നതന്നെ പറയട്ടെ എന്റെ ഉദ്ദേശം സാദ്ധ്യതയിൽ കൊണ്ടുവരാൻ അവസരം കിട്ടാതെപോയി എന്നാൽ യസീദിന്റെ വലം കൈയ്യും അഹ്ലുബൈത്തിന്റെയും വിശിഷ്യാ ഹസ്രത്തു് അലിയുടെയും ബദ്ധ

വൈരിയുമായ നിന്റെ കയ്യിൽ ഞാൻ അകപ്പെട്ടപോയി. എങ്കിലും ദൈവാനുഗ്രഹംകൊണ്ട് നിന്റെ വലയത്തിൽനിന്നു രക്ഷപ്പെടുവാൻ എനിക്കവസരം കിട്ടിയിരിക്കയാണിപ്പോൾ. വേണമെന്നുണ്ടെങ്കിൽ നിന്റെ കഥ കഴിച്ചിട്ടു ഇവിടം വിടുവാൻ സൗകര്യമുള്ള ഒരവസരമാണിത്. ഈ അവസരം വേണ്ടതുപോലെ ഉപയോഗിക്കുവാൻ ഞാൻ തുനിയുന്നില്ല. എന്തുകൊണ്ടാണ്— ഈ അവസരത്തെ ഞാൻ പാഴാക്കുന്നത്? എന്നു ചോദ്യത്തിനു ഉത്തരം നീതന്നെ കണ്ടുപിടിക്കുക. എന്റെ ജീവനെ രക്ഷിച്ചതു നീയാണ്. അതിനു പ്രതികാരമെന്നോണം നിന്റെ ആത്മാവിനെ നശിപ്പിക്കാതിരിക്കേണ്ട ഒരു കടമ എനിക്കുണ്ട്. വെറും ഒരു സൃഷ്ടിമാത്രമല്ല ഞാൻ. നിനക്കു മാപ്പുതരുന്നുണ്ടെങ്കിലും സർവ്വശക്തനായ ദൈവം നിനക്കു മാപ്പുതരികയില്ലെന്നു മാത്രമല്ല നീ ചെയ്ത ഓരോ തെറ്റിനും പ്രത്യേകം, പ്രത്യേകം ശിക്ഷ നൽകുന്നതും കൂടിയാണ്. ഏതാനും ആഴ്ചകൾ നിന്നോടു കൂടി താമസിക്കുവാൻ ഞാൻ നിർബ്ബന്ധിതയായി. മറ്റുപോംവഴികളൊന്നും ഇല്ലാതിരുന്നതുകൊണ്ടാണ് അതിനു ഞാൻ സന്നദ്ധയായതു്. ആ താമസവേളയിൽ നിന്നോടു സ്നേഹപൂർവ്വം പെരുമാറുകയാണു ഞാൻ ചെയ്തതു്. എന്റെ ആ പ്രവൃത്തികൾ കണ്ടു നീ ധരിച്ചുകാണും; എനിക്കു നിന്നോടു പ്രേമം ജനിച്ചിരിക്കയാണു്. അതുകൊണ്ടാണു് ഞാനങ്ങനെയൊക്കെ പെരുമാറുന്നതു് എന്നൊക്കെ. അങ്ങനെ വല്ല സംശയവും നിനക്കുള്ളവയിട്ടുണ്ടെങ്കിൽ അതു നിന്റെ ഭോഷത്വം കൊണ്ടാണെന്നു പരമാർത്ഥം തുറന്നു പറയുവാൻ ഞാൻ ഈ സമയത്തെ ഉപയോഗപ്പെടുത്തുന്നു. അതായതു്.—അലി (റ)യുടെയും അഹ്‌ലുബൈത്തിന്റെയും ബദ്ധവൈരിയാണു് നീ— ഞാനോ, അവരെ ആദരി

ക്കുന്ന ഒരു വ്യക്തി. അങ്ങനെയുള്ള നിന്നോട് എനിക്ക് പ്രേമം ജനിക്കുന്നത് കീരിക്ക് പാമ്പിനോട് പ്രേമം ജനിക്കുന്നതിനു തുല്യമല്ലേ? എന്ന് നിങ്ങൾ തന്നെ ഒന്നാലോചിച്ചുനോക്കിയാലും. പിന്നെ നിന്നോട് സ്നേഹം പ്രകടിപ്പിക്കയും അവസാനം നീയുമായി വിവാഹ ബന്ധത്തിലേപ്പെട്ടുവാൻ സന്നദ്ധത പ്രകടിപ്പിക്കയും ചെയ്തുവെങ്കിൽ അത് വെറും വന്യമൃഗപ്രായനായ നിന്റെ പീഡനത്തിൽനിന്ന് എന്റെ ദേഹത്തെ രക്ഷിക്കുവാൻവേണ്ടി മാത്രമായിരുന്നു. ക്രൂരനായ നിന്റെ വലയത്തിൽനിന്ന് രക്ഷനേടുവാൻ ഒരവസരം പാർത്തുകൊണ്ട് കാത്തിരിക്കയാണ് ഞാനിതുവരെ ചെയ്തത്. ഇപ്പോൾ ഇതാ ആ സമയം കരഗതമായിരിക്കുന്നു. ഈ സുവർണ്ണാവസരത്തെ ഒട്ടും പാഴാക്കാതെ പൂർത്തിയായ വിധത്തിൽ ഉപയോഗപ്പെടുത്തുവാനാണ് ഞാനുദ്ദേശിക്കുന്നത്. അതായത് ഇനി ഒരു നിമിഷംപോലും ഇവിടെ താമസിക്കാതെ ഉടനെ പുറപ്പെടാനാണ് തീർച്ചപ്പെടുത്തിയിരിക്കുന്നത്. എവിടേക്കാണ് ഞാനിപ്പോൾ പോകുന്നത് എന്ന് നിജപ്പെടുത്തി പറയുക സാധ്യമല്ല. അതുകൊണ്ട് എന്നെ കണ്ടുപിടിക്കാൻവേണ്ടി അലഞ്ഞുതിരിഞ്ഞു നടക്കേണ്ട ആവശ്യം നിനക്കില്ല. അഥവാ അലഞ്ഞു നടന്നാൽതന്നെ അതുകൊണ്ട് ഫലപ്പെടാനും പോകുന്നില്ല. ഇനി ഇതൊന്നും വകവെക്കാതെ എന്നെ തിരഞ്ഞുപിടിക്കുവാനാണ് നീ ശ്രമിക്കുന്നതെങ്കിൽ—അതെനിക്ക് ശല്യമായിത്തീരുകയാണെങ്കിൽ—ഉടൻതന്നെ നിന്റെ യജമാനനായ യസീദിനെ സമീപിക്കുവാനും നീ ചെയ്ത വഞ്ചനകളുടെ നീണ്ട ഒരു ചരിത്രം അവന്റെ മുമ്പിൽ തുറന്നുവെയ്ക്കുവാനും ഞാൻ നിർബ്ബ

സ്ഥിതയാവുന്നതാണ്. നിന്റെ വഞ്ചനകളെ സമർത്ഥിക്കുവാൻവേണ്ടി, എന്നെ പാട്ടിലാക്കുവാൻവേണ്ടി, നീയെടുത്ത കൃപ്രവൃത്തികളെ ചൂണ്ടിക്കാണിക്കുവാനും ഞാൻ മടിക്കില്ല. ഈ വക രഹസ്യങ്ങളുടെയെല്ലാം ചരിത്രം യസീദിന്റെ ചെവിയിൽപെട്ടാൽ പിന്നെ നിനക്കുണ്ടാവുന്ന അനുഭവം എന്തായിരിക്കുമെന്ന് നിങ്ങളൂഹിക്കുന്നതിനെ ഊഹിക്കാവുന്നതാണല്ലോ. ഈ വക വൈഷമ്യങ്ങളൊന്നും ഇടയാക്കാതെ നിന്റെ ആരാധനക്ക് വിധേയയായിരുന്ന സൽമ മരിച്ചുപോയി എന്ന് കരുതി സമാധാനപ്പെടുകയാണ് നിനക്ക് നല്ലത്. ഇനിയും പലതും എഴുതാനുണ്ട്. സമയം ദീർഘിക്കുന്നതിനെ ഭയന്ന് അതിനൊന്നും ഇപ്പോൾ തുനിയുന്നില്ല.

എന്ന്,

നിന്റെ സൽമ.

പ്രസ്തുത കത്തും കൊണ്ട് അവൾ ഇബ്നുസിയാദിന്റെ ക്രൂരത്തിൽകടന്നു. മഞ്ചത്തിൽ നീണ്ടുനിവർന്നു കിടക്കുന്ന സിയാദ് അതൊന്നും അറിയാതെ കുംഭകർണ്ണസേവ നടത്തുകയാണ്. അയാൾ ഉണരുന്നതുവരെ കാണത്തക്കവിധത്തിൽ ആ കത്ത് മഞ്ചത്തിൽ വെച്ചു. എന്നിട്ട് പുറത്തുവന്ന സൽമ വീടും ഒരു നിഴൽ കണക്കെ ആ അന്ധകാര തരണ്യാഴിയിൽ തിരോധാനം ചെയ്തു.

നേരം നന്നേ പുലർന്നശേഷമാണ് ഇബ്നുസിയാദ് ഉണർന്നത്. കണ്ണു തുറന്ന ഉടനെ തന്നെ തുറന്നു നോക്കിക്കൊണ്ട് കിടക്കുന്ന ആ കത്താണ് അയാളുടെ ദൃഷ്ടിയിൽപെട്ടത്. കത്തു വായിച്ച ഇബ്നുസിയാദ് നിരാശാരഹിതനും കോപാന്ധനുമായിച്ചമഞ്ഞു. എന്നാൽ ആ

കത്തിൽ കൂടി സൽമ നല്കിയിരുന്ന താക്കീതുകൾ അയാളുടെ വൻ കോപത്തെ വെറും ഭീരുത്വമാക്കി മറിച്ചു. അതു കാരണം അവളെ ആരാഞ്ഞു പോകുവാൻ അയാൾക്ക് ധൈര്യം വന്നില്ല. അങ്ങിനെ നിരാശനായിത്തീർന്ന ആ വങ്കൻ ഗത്യന്തരമില്ലെന്ന് കണ്ട് സ്വയം മന്ത്രിച്ചു. "അവളെന്നെ കബളിപ്പിച്ചു. വെറും ഒരു പെൺകൊടിയുടെ സൌന്ദര്യത്തിൽ ഭ്രമിച്ചിരുന്ന ഞാൻ സ്വയം വഞ്ചിതനായി."

യസീദിന്റെയും തന്റെയും ബദ്ധവൈരിയായിരുന്ന സൽമ. അവളുടെ സൌന്ദര്യത്തിൽ ഭ്രമിച്ചു അവളുടെ മധുരവാക്കുകൾ കേട്ട മതിമറന്നിരുന്ന താൻ വെറും ഭോഷനാണെന്ന പരമാർത്ഥം അപ്പോൾ മാത്രമാണ് ഇബ്നുസിയാദിന്ന് മനസ്സിലായത്. അങ്ങനെ അയാൾ ചിന്തിച്ചു. അവളുടെ മേൽ കൾനമായ മേൽ നോട്ടവും പാറാവും വേണ്ടതായിരുന്നു. എന്നാൽ ഈ വക ഭവിഷ്യത്തുകളുണ്ടാവുമെന്ന് ലവലേശം സംശയിക്കാതിരുന്നതാണ് ഈ കണ്ട മഹാ നഷ്ടങ്ങൾക്കൊക്കെ കാരണം. ഏതുവിധവും അവളെ പിടി ക്രുടണമെന്ന് അയാൾക്കാശയുണ്ടായിരുന്നു. എന്നാൽ അതിന്നു തുനിയുന്നതുകൊണ്ടുണ്ടായേക്കാവുന്ന അനിഷ്ട സംഭവങ്ങളെ ഭയന്ന് അടങ്ങിയിരിക്കയാണ് അയാൾ ചെയ്തത്. അങ്ങനെ ഒന്നും സംഭവിച്ചില്ലെന്നമട്ടിൽ മൌനമായി കഴിയുകയാണ് ഇബ്നുസിയാദ്.

ക്രമേണ അതൊക്കെ ഒരു സ്വപ്നം മാത്രമായിരുന്നു എന്ന കരുതി സമാധാനപ്പെടുവാൻ സിയാദ് നിർബ്ബന്ധിതനായി. സൽമയുടെ വേർപാടോടുക്രുടി ഇബ്നുസിയാദ് അതുവരെ പണിപ്പെട്ട കെട്ടിപ്പടുത്തുയർത്തിയ സുഖസുന്ദര

മായ ആ ദാമ്പത്യ ജീവിത സൌധം പാടെതകർന്നു വീണു. സൽമയുടെ തിരോധാനം ഇബ്നുസിയാദിന്റെ ജീവിതത്തെ അടിയാമൂടി തകർക്കുവാൻ പര്യാപ്തമായ ഒരു പീരങ്കിയുണ്ടക്കു തുല്യമായിരുന്നു.

V

ഇബ്നുസിയാദിന്റെ ക്രൂരതയിൽനിന്നു് രാത്രിയിൽ ഒളിച്ചോടിപ്പോയ സൽമ 'ദിയർ' എന്ന സ്ഥലത്തു് ഒരു കന്യകാ സ്ത്രീ മഠത്തിൽചെന്നുചേർന്നു. ലോക സംഗപരിത്യാഗിയായി അഭിനയിച്ചുംകൊണ്ടു് അവളവിടെ താമസമാക്കിയിട്ടു് മാസങ്ങളും കഴിഞ്ഞു. അവളെപോലെയുള്ള തരുണികളും അനവധിയുണ്ടവിടെ. വെറും ബ്രഹ്മചാരിണികളാണു് അവരൊക്കെയെന്നാണു് പൊതുവായ ധാരണ. പിന്നെ യസീദിന്റെ ഖജാനാവിൽനിന്നു കിട്ടിപ്പോന്നിരുന്ന സഹായ ധനമാണു് ആ സ്ഥാപനത്തിന്റെ നടത്തിപ്പിനു് നിദാനമായിരുന്നതു്.

അവിടത്തെ അന്തേവാസികളിൽ ഭ്രൂരിഭാഗവും സൌന്ദര്യനിധികളായ തരുണീ രത്നങ്ങളായിരുന്നു. സൌന്ദര്യവതികളായ യുവതികൾക്കു് അവിടെ പ്രവേശനം അനായാസേന കിട്ടിയിരുന്നു. അങ്ങനെയുള്ളവരെ അവിടെ താമസിപ്പിച്ചു് പഠിപ്പിക്കുന്നതിൽ സ്ഥാപനത്തിന്റെ മേലധികാരിയും സ്ഥാപകനുമായ വൃദ്ധ പുരോഹിതൻ അതീവ ശ്രദ്ധപതിപ്പിച്ചിരുന്നു. അങ്ങനെ സൌന്ദര്യത്തിന്റെ പ്രദർശനശാലയായിത്തീർന്നിരുന്ന ആ ആശ്രമത്തെയാണു് സൽമ അഭയം പ്രാപിച്ചതു്. സൽമയുടെ രൂപലാവണ്യം കണ്ടു് അന്തം വിട്ടുപോയ പാതിരിയാവട്ടെ അവളുടെ വിശദ വിവരമോ വിലാസമോ ഒന്നും

തന്നെ ചോദിക്കാതെ അവർക്കവിടെ പ്രവേശനം നല്കി. അപ്രകാരമാണ് അവർ അവിടെ ചേർന്നത്. അതിനു ശേഷം അവിടത്തെ അന്തഃജ്ജനങ്ങളുടെയും വിശിഷ്യ വൃദ്ധപാതിരിയുടെയും സ്നേഹാദരങ്ങൾക്ക് വിധേയയായി തീരുവാൻ അനായാസേന അവർക്ക് സാധിച്ചു.

യസീദിന്റെ പ്രീതിക്കുവേണ്ടി ഏതു നീച പ്രവൃത്തിക്കും ലവലേശം മടിയില്ലാത്ത ഒരു വ്യക്തിയാണ് ആ പാതിരി. യസീദിന്റെ ഭരണീയരായ ക്രൈസ്തവ ജനങ്ങളുടെ മതാധിപനായിരുന്ന അദ്ദേഹം യസീദിന്റെ ഭരണ സമിതിയിലെ ഒരു അംഗവും കൂടിയാണ്. തന്റെ മിത്രമായ പാതിരിയെ കാണുവാൻ യസീദ് പലപ്പോഴും വരാറുണ്ട്. അങ്ങനെ വരുന്ന അവസരങ്ങളിൽ അയാൾക്കാവശ്യമായ മദ്യതരങ്ങളും സൌന്ദര്യ നിധികളായ തരുണീ രത്നങ്ങളേയും കാഴ്ചവെക്കുക അയാൾക്കൊരു പതിവായിരുന്നു. അതാണ് യസീദിന്ന് അയാളോട് അതിയായ സ്നേഹം ജനിക്കുവാൻ കാരണം.

നായാട്ടിന്റെ പേരിൽ ദിയർ പ്രദേശത്തേക്കു പോവുകയും, കന്യാസ്ത്രീ മഠത്തിൽ പാതിരിയുടെ ആതിഥ്യം സ്വീകരിച്ചു താമസിക്കുകയും ചെയ്തുക യസീദിന്റെ ഒരു പതിവായിരുന്നു. അങ്ങനെ ശിക്കാറിനു വരുന്ന ഖലീഫയെ സ്വീകരിക്കയും അദ്ദേഹത്തിന്റെ അഭിലാഷത്തെ ആദരിച്ചുവേണ്ടതെല്ലാം ഒരുക്കിക്കൊടുക്കുകയും ചെയ്തുക തന്റെ കടമകളിൽ ഒന്നായിട്ടാണ് പാതിരി കണക്കാക്കിയിരുന്നത്.

യസീദിന്റെ സ്വഭാവവും അയാൾക്ക് ആ കന്യാ

സ്ത്രീ മഠത്തോടുള്ള അടുപ്പവും കാലേക്കൂട്ടിത്തന്നെ സൽമ ഗ്രഹിച്ചിരുന്നു. അതാണ് പ്രസ്തുത ആശ്രമത്തെ അഭയം പ്രാപിക്കുവാൻ അവൾക്ക് പ്രചോദനമേകിയ സംഗതി. അനുഭവമായ ക്ലേശങ്ങൾ സഹിച്ചില്ലാതെ അവിടത്തെ താമസം സുസാദ്ധ്യമാവില്ലെന്നു ആദ്യമേ തന്നെ അവൾ അനുമാനിച്ചിരുന്നു. അങ്ങനെ താമസിക്കുന്നതായാൽ തനിക്കു കൈ വിട്ടുപോയ ശിക്കാറിനെ വീണ്ടും കാണുവാനും കൈ കൊണ്ടുതന്നെ അതിനെ വേട്ടയാടി അതിന്റെ മരണ വേദന കണ്ടാനന്ദിക്കുവാനും സാദ്ധ്യതയുണ്ടെന്നും അവൾ കണ്ടു. അപ്രകാരമുള്ള ചില പരിപാടികളൊക്കെ ഉണ്ടാക്കിക്കൊണ്ടാണ് അവിടെ താമസിക്കുവാൻ അവൾ വന്നത്.

കന്യാ സ്ത്രീമഠത്തിൽ അവൾ അറിയപ്പെട്ടിരുന്നത് 'മറിയം' എന്ന അപരനാമത്തിലാണ്. മറിയം അവിടെ താമസമാക്കീട്ട് അധിക ദിവസം കഴിഞ്ഞില്ല. അങ്ങനെയിരിക്കുമ്പോഴാണ് ഖലീഫ യസീദ് നായാട്ടിന്നായി വരുന്നുണ്ടെന്നും കന്യാസ്ത്രീമഠത്തിലാണ് താമസിക്കാൻ പോവുന്നതുമെന്ന ഒരു വാർത്ത അവളുടെ കർണ്ണപുടങ്ങളിലെത്തിയത്.

ഒരു ദിവസം യസീദ് ദിയർ പ്രദേശത്തെത്തി. കാലേക്കൂട്ടി അറിവുകൊടുത്തിരുന്നതനുസരിച്ച് ഖലീഫയുടെ താമസത്തിന്ന് കന്യാസ്ത്രീ മഠത്തിൽതന്നെ ഏർപ്പാട് ചെയ്തു.

യസീദിന്റെ താമസത്തിനും മറ്റും വേണ്ട സജ്ജീകരണങ്ങൾ ചെയ്യുന്നതിൽ ബദ്ധശ്രദ്ധനായിരിക്കയാണ്

വൃദ്ധപാതിരി. മതപരമായ ഏതോ ഒരു മഹാകാര്യമാണ് അവിടെ നടക്കാൻ പോവുന്നതെന്ന് തോന്നും അയാളുടെ പരക്കം പാച്ചിൽ കണ്ടാൽ.

കന്യാസ്ത്രീ മഠത്തിലെ സൌന്ദര്യ നിധികളായ ചിലരെ തിരഞ്ഞെടുത്തു. എന്നിട്ട് അവരിൽനിന്ന് ഒരു സൌന്ദര്യ റാണിയെ പുനഃ പരിശോധന നടത്തുകയാണയാൾ. അങ്ങനെയൊരുത്തിയെ കണ്ടുപിടിച്ചിട്ടുവേണം, ഖലീഫക്ക് മദ്യം പകർന്നുകൊടുക്കുവാനും, പള്ളിയിലെ ശുശ്രൂഷകൾക്ക് അവളെ നിയമിക്കുവാനും ഒക്കെ.

അയാളുടെ ഉദ്ദേശം എന്താണെന്ന് സൽമക്ക മനസ്സിലായി. അവൾ പാതിരിയുടെ അടുത്തേക്ക് ചെന്നു. എന്നിട്ട് വിനീതയായി അറിയിച്ചു. "വിശുദ്ധ പിതാവേ? അങ്ങിതു ബദ്ധപ്പെടുന്നതിന്റെ രഹസ്യമെന്താണെന്ന് ഞാൻ ധരിച്ചിരിക്കുന്നു. ഖലീഫയെ ശുശ്രൂഷിക്കുവാൻ അനുയോജ്യയായ ഒരു യുവതിയെ കണ്ടുപിടിക്കാൻ വെമ്പൽകൊള്ളുകയാണങ്ങ്."

"പ്രിയപ്പെട്ട മകളേ! നമ്മുടെ മതത്തേയും മത സ്ഥാപനങ്ങളേയും സുരക്ഷിതമാക്കി സംരക്ഷിച്ചുപോരുന്ന മഹാ മനസ്സുനാണ് ഖലീഫാ തിരുമേനി. അങ്ങനെയുള്ള അദ്ദേഹത്തെ വേണ്ട വിധത്തിലെല്ലാം പ്രീതിപ്പെടുത്തേണ്ടത് നമ്മുടെ കടമയാണ്." സൽമയുടെ സംസാരത്തിനിടയിൽക്കൂടി വൃദ്ധപുരോഹിതൻ പറഞ്ഞു. "അദ്ദേഹത്തിന്റെ കടാക്ഷമില്ലെങ്കിൽ പിന്നെ ക്രൈസ്തവ മതത്തിന്ന് ഇവിടെ നിലയുണ്ടാവില്ലെന്ന പരമാർത്ഥം വിസ്മരിക്കാവതല്ല. മതത്തിന്നുവേണ്ടിയാണ് നാം അദ്ദേഹത്തെ ശുശ്രൂ

ഷിക്കുന്നതും ശുശ്രൂഷിക്കേണ്ടതും. അങ്ങിനെ ശുശ്രൂഷിക്കുന്നതിൽ മതദൃഷ്ട്യാ പാപമെന്ന് കരുതുന്ന ചിലതൊക്കെ വന്നുപെട്ടു എന്നുവരാം. അങ്ങിനെ വല്ലതും സംഭവിക്കുകയാണെങ്കിൽ, വിശ്വേശ്വരനും പുരുഷനും കൂടെ തോന്നിനുക്കതിനെ പൊറുത്തുതരട്ടെ. അതിന്നായിക്കൊണ്ട് എനിക്കും നിങ്ങൾക്കുംകൂടി ഉള്ളുഴിഞ്ഞു പ്രാർത്ഥിക്കാം."

കരുതിക്കൂട്ടി ചെയ്ത മഹാപാതകങ്ങളെ മതമാവുന്ന മൂടുപടത്തിൽ പൊതിഞ്ഞുവെക്കാനാണ് പാതിരി ശ്രമിക്കുന്നതെന്ന് സൽമക്ക മനസ്സിലായി. വിദ്യാഭ്യാസത്തിന്റെ പേരിലാണ് അവിടെയുള്ള യുവതികളും കന്യാസ്ത്രീമഠത്തിൽതന്നെ കഴിയുന്നത്. എന്നാൽ മതത്തിന്റെയും പുണ്യത്തിന്റെയും പേരുപറഞ്ഞിട്ട് അവരുടെ ചാരിത്ര്യത്തെ യസീദിനു് വിറ്റഴിച്ചു അയാളിൽനിന്നു പണം പിടുങ്ങുകയായിരുന്ന വൃദ്ധന്റെ പതിവ്. ആ പരമാർത്ഥം കന്യാസ്ത്രീകളായി താമസിക്കുന്ന യുവതീജനങ്ങൾക്ക് അറിവ് കിട്ടാതിരിക്കുവാൻ ആശ്രമ ഭാരവാഹികൾ വേണ്ടത്ര ശ്രദ്ധിച്ചിരുന്നു.

അവിടെ നടക്കുന്നതൊക്കെ പാപമാണെന്നും, വൃദ്ധപാതിരി കാപടട്യ മൂർത്തിയാണെന്നും ഒക്കെ അവിടത്തെ വിദ്യാർത്ഥിനികളിൽ വളരെ പേർ ധരിച്ചിരുന്നു. എന്നാൽ യസീദുമായി അടുത്തു പെരുമാറുന്നതിന്നും അങ്ങനെ തങ്ങളുടെ അന്തക്കരണത്തിൽ തിളച്ചുമറിയുന്ന വികാരാഗ്നിക്ക് ശമനമുണ്ടാക്കുന്നതിനും അവസരം കിട്ടുമല്ലോ എന്നകരുതിയാണ് അവരിൽ പലരും മൌനം അവലംബിച്ചത്.

സൽമയുമായി സംസാരിച്ചുകൊണ്ടിരുന്ന പാതിരി പ്രസ്തുത അഴിമതികളെ മൂടിവെക്കുവാൻ ശ്രമിച്ചുംകൊണ്ട് സുദീർഘമായ ഒരു പ്രസംഗത്തിന്ന് മുഖവുരയിട്ടു.

"നമ്മുടെ ഭരണാധിപനും, കാണപ്പെട്ട ദൈവവുമാണ് ഖലീഫാ തിരുമേനി അദ്ദേഹത്തെ പ്രസാദിപ്പിക്കുവാൻ ഉപകരിക്കുന്ന ഏതുത്യാഗവും ശിരസാ വഹിക്കുവാൻ സന്നദ്ധരാവേണ്ട കടമ നമുക്കുണ്ട്." പുരോഹിതൻ പറഞ്ഞു.

"മതത്തിന്റെ പരിരക്ഷണത്തിനുവേണ്ടി ചെയ്യുന്നതെന്തായാലും അതൊക്കെ ധർമ്മമാണെന്നുവേണം കരുതുവാൻ." സൽമ പിന്താങ്ങി.

അവളുടെ ആ സംസാരം വൃദ്ധ പുരോഹിതനെ ആനന്ദ സാഗരത്തിലാറാടിച്ചു. സന്തോഷംകൊണ്ട് അയാളുടെ നയനങ്ങൾ മിന്നിത്തിളങ്ങി. അയാളുടെ അഭിലാഷം അനായാസേന സാദ്ധ്യതയിലെത്തിയിരിക്കയാണ്. യസീദിനെ ശുശ്രൂഷിക്കുവാൻ ഏറ്റവും പ്രാപ്തയായ ഒരു യുവതി സൽമയാണെന്ന് ആദ്യം തന്നെ അയാൾ കണ്ടിരുന്നു. അതു കണ്ടു ശുപവതിയായ മറെറാരു സ്ത്രീ, അവിടെയില്ലാത്ത സ്ഥിതിക്ക് പ്രാധാന്യം നൽകേണ്ടതു് അവശ്യംക്കാണല്ലോ. എന്നാൽ അടുത്ത അവസരത്തിലാണ് അവളവിടെ വന്നത്. പെട്ടെന്നവളെ ഒരു അന്യ പുരുഷന്റെ മുമ്പിൽ പോകുവാൻ നിർബ്ബന്ധിക്കുന്നതെങ്ങനെ? അങ്ങനെ നിർബ്ബന്ധിക്കുന്നതുകൊണ്ട് അവശ്യംക്ക് ചില സംശയങ്ങളൊക്കെ ജനിച്ചുകൂടെന്നുണ്ടോ? ഏവം വിധങ്ങളായ സന്ദേഹങ്ങൾ അയാളുടെ മനസ്സിനെ അലട്ടുന്നുണ്ടാ

യിരുന്നു. അതാണ് ആദ്യം തന്നെ അവളോട് ആ രഹസ്യം പറയുവാൻ അയാൾക്ക് ധൈര്യം വരാതിരുന്നത്. തന്റെ അഭിലാഷം ഏതാണ്ടു സാദ്ധ്യതയിൽ എത്തിയെന്നു കണ്ടപ്പോൾ അതീവ സംതൃപ്തനായിച്ചമഞ്ഞു. എന്നിട്ട് അവളെ അഭിനന്ദിച്ചുംകൊണ്ട് തുടർന്നു. "പ്രിയപ്പെട്ട മകളേ! നിന്റെ ബുദ്ധിയും സാമർത്ഥ്യവും അനന്യസഹജം തന്നെ. ക്രൈസ്തവ ലോകത്തിനു പൊതുവിലും നമ്മുടെ ഈ ആശ്രമത്തിനു വിശേഷിച്ചും ഒരു അഭിമാനസ്തംഭമായിട്ടാണ് നീ വിലസുന്നത്. അങ്ങനെയുള്ള നിനക്ക് ഖലീഫാ തിരുമേനിയെ സംതൃപ്തനാക്കുവാൻ സാധിക്കുമെന്നതിൽ ലവലേശം സംശയത്തിന്നു അവകാശമില്ല. പിന്നെ ആ സ്ഥാനത്തിനനിന്നെപോലെ അഹതയുള്ള മറെറാരു യുവതി ഇവിടെയില്ലെന്നുള്ള പരമാർത്ഥവും വിസ്മരിക്കാവതല്ല. മതത്തിന്നുവേണ്ടി ഇത്ര മഹത്തായ ഒരു സേവനമനുഷ്ഠിക്കുവാൻ സന്നദ്ധയായ നിന്നെ അനുഗ്രഹിക്കുവാൻ ബഹുമാനപ്പെട്ട പിതാവും പരിശുദ്ധ പുരുഷനും നിർബ്ബന്ധിതരാണ്. അതിനു അവരോട് ശുപാർശ ചെയ്യുവാനുള്ള ഭാരം ഞാനേറെറടുത്തിരിക്കുന്നു." എന്നിങ്ങനെ പറഞ്ഞിട്ട് സൽമയിൽനിന്നുള്ള മറുപടിയെ പ്രതീക്ഷിച്ചുംകൊണ്ട് നില്ക്കയാണ് പുരോഹിതൻ. "അങ്ങയുടെയും വിശുദ്ധ പുണ്യവാളന്റെയും പ്രീതി സമ്പാദിക്കുവാൻവേണ്ടി ഏതു ത്യാഗത്തിനും സന്നദ്ധയാണീ മറിയം?" എന്നിങ്ങനെ പറഞ്ഞിട്ട് ലജ്ജാനമ്രവദനയായ അവൾ തല താഴ്ത്തിനിന്നു.

അതുകേട്ട പുരോഹിതൻ പുളകിത ഗാത്രനായിച്ചമ

ഞു. ആ വദനം പ്രസന്നതയുടെ വിളനിലമായി പ്രകാശിച്ചു. അവളുടെ തലയിൽ കൈവെച്ചനുഗ്രഹിച്ചിട്ട് അദ്ദേഹം ആശീർവ്വദിച്ചു. "കത്താവിന്റെ അനുഗ്രഹം നിനക്കുണ്ടാവട്ടെ."

VI

അന്നു രാത്രിതന്നെ യസീദ് ആശ്രമത്തിൽ എത്തി. കന്യാസ്ത്രീയുടെതിനു പകരം രാജോചിതമായ വസ്ത്രാഭരണങ്ങളും ധരിച്ച സൽമയെ അയാൾക്കായി പ്രത്യേകം തയ്യാറാക്കപ്പെട്ടിരുന്ന പള്ളിയറയിലേക്ക് ആനയിക്കപ്പെട്ടുകയും ചെയ്തു.

ഇത്തം ചവിട്ടുന്ന ഏതാനും ദാസികളാൽ ആവരണം ചെയ്യപ്പെട്ട അവൾ ഒരു രാജകന്യകയാണെന്നോ ഒറ്റനോട്ടത്തിൽ തോന്നുകയുള്ളൂ. ഏതാണ്ടൊരു അപ്സര സ്ത്രീയെ അതിലംഘിക്കുന്ന സൌന്ദര്യകാന്തി ആ വദനത്തിൽ കളിയാടിയിരുന്നു. രൂപലാവണ്യനിധിയായ അവളുടെ ആഗമനം, പള്ളിയറയിലിരിക്കുന്ന യസീദിനെ അത്ഭുത പരതന്ത്രനാക്കിച്ചമച്ചു. അയാളുടെ ഹൃദയമിടിപ്പിനുവേഗതകൂടി.

അങ്ങനെയൊരു യുവതീരത്നത്തെ ഇതിനുമുമ്പ് എവിടെ വെച്ചോ താൻ കണ്ടിട്ടുണ്ട് എന്നു ഒരു ഓർമ്മ യസീദിന്റെ ഹൃദയാന്തർഭാഗത്ത് തലയുയർത്തി. ഏതോ ഒരു ഭ്രാതകാല സംഭവത്തെ വിസ്മൃതിയുടെ അടിത്തട്ടിൽ നിന്നു തപ്പിപ്പിടിച്ചെടുക്കുവാൻ വെമ്പൽകൊള്ളുകയാണയാൾ. അത്ഭുതവും ജിജ്ഞാസയും അയാളുടെ വദനത്തിൽ

നിഴലിച്ചുനിന്നിരുന്നു. തന്റെ മുമ്പിൽ ലജ്ജാനമ്രയായി നില്ക്കുന്ന ആ കോമളാംഗനയെ നോക്കി അയവിറക്കുകയാണ് യസീദ്. അയാളുടെ ആ നോട്ടം കണ്ട സൽമയാവട്ടെ സംശയത്തോടെയാണ് ആ വീക്ഷണമെന്ന് അനുമാനിച്ചു. സ്വബുദ്ധിയോടെയിരിക്കുന്ന അയാൾക്ക് കൂടുതൽ ചിന്തിക്കുവാൻ അവസരം നല്കുന്നത് അപകടമാണെന്ന് അവൾ കണ്ടു. പിന്നെയൊട്ടും താമസിച്ചില്ല. നിസ്സങ്കോചം അയാളിരിക്കുന്ന മഞ്ചത്തിനടുത്തേക്കുചെന്നു. എന്നിട്ട് മേശപ്പുറത്തിരിക്കുന്ന ക്രൂരയിൽനിന്നു മദ്യം പകർന്നുകൊടുത്തു തുടങ്ങി. മദ്യത്തിന്റെ മാദകത്വം അധികരിക്കുന്നതുകൊണ്ട് അയാളുടെ ഓമ്മശക്തിക്ക് മന്ദതഭവിക്കുമെന്നാണ് അവർ കരുതിയിരുന്നത്. ഏതാണ്ടത് അർത്ഥവത്തായിക്കുകയും ചെയ്തു. എന്നാൽ അവളെ സംബന്ധിച്ചു ചിന്ത അയാളുടെ ഹൃദയത്തിൽനിന്നു വിട്ടുപോകാതെ ഉറച്ചു നില്ക്കുകതന്നെ ചെയ്തു. "ഇവളെ ഇതിനു മുമ്പും കണ്ടിട്ടുണ്ടല്ലോ? എവിടെവെച്ചായിരിക്കും കണ്ടത്? വളരെ അടുത്ത് പെരുമാറിയതുപോലെയാണ് തോന്നുന്നത്." ഏവം വിധങ്ങളായ നൂറു ചോദ്യങ്ങൾ മദോന്മത്തനായ അയാളുടെ ഹൃദയത്തിൽ ഫണമുയർത്തിക്കൊണ്ടിരുന്നു.

അയാളുടെ ചലനങ്ങളെ സസൂക്ഷ്മം പഠിക്കയായിരുന്ന സൽമ. തന്നെ മനസ്സിലാക്കാൻ വെമ്പൽകൊള്ളുകയാണ് അയാളെന്ന് അവൾക്ക് മനസ്സിലായി. എന്നാൽ അതൊന്നും മനസ്സിലായതുപോലെ പോലും നടിക്കാതെ മേശപ്പുറത്തിരിക്കുന്ന മദ്യ ക്രൂര കാലിയാക്കാനും അതു മുഴുവനും യസീദിന്റെ വയറ്റിലാക്കാനുമാണ് അവൾ ശ്രമിക്കുന്നത്. അങ്ങിനെ മദ്യക്കോപ്പകൾ ഒന്നിനു പിറ

കെ ചിന്നൊന്നായി കുറെയധികം കൊടുക്കുന്നതായാൽ അയാളുടെ ചിന്താ ശക്തിയെ തീരെ നശിപ്പിക്കാമെന്ന് അവർ അനുമാനിച്ചു.

സൽമയെ ആ മുറിയിലേക്ക് ആനയിക്കുവാൻവേണ്ടി അകമ്പടി സേവിച്ചിരുന്ന യുവതികളുടെ നാട്യപ്രകടനം അപ്പോഴും തുടർന്ന്കൊണ്ടേയിരിക്കയാണ്. താളമേളങ്ങളോടുകൂടിയുള്ള ആ നൃത്തവും, അസാധാരണമായ മദ്യപാനവും കൂടി യസീദിന്റെ ലഹരിയെ ശത ഗുണീഭവിപ്പിച്ചു.

മദോന്മത്തനായ യസീദിന്റെ വിഷയാസക്തിക്ക് കാഠിന്യം കൂടിയിരിക്കയാണ്. സുസ്മേര വദനയായി തൊട്ടടുത്തു നില്ക്കുന്ന സൽമയെ കണ്ടുംകൊണ്ട് വെറുതെയിരിക്കുവാൻ അയാൾക്ക് കഴിവില്ലാതായി. അയാൾ അവളെ വാരിയെടുത്ത് മടിയിൽകിടത്തി. മദ്യത്തിന്റെ മാദകത്വത്തിനുപുറമെ ലൈംഗികാസക്തിയും കൂടിയായാലത്തെ കഥ ചോദിക്കാനുണ്ടോ? രണ്ടു ലഹരികളാണ് അയാളെ ഇട്ടലട്ടുന്നത്. അയാളുടെ തല നേരെ നില്ക്കാതെയായി. കണ്ണുകൾ പകുതി മാത്രമെ തുറന്നിട്ടുള്ളു. പിച്ചും പേയും പറയുന്നതിനോടൊപ്പം പല ഗോഷ്ടികളും കാട്ടിക്കൂട്ടുന്നുണ്ട്.

സൽമയാവട്ടെ മദ്യം പകർന്നുകൊടുക്കുന്നതിന്റെ ജോലിയിൽതന്നെ ലയിച്ചിരിക്കയാണ്. യസീദോ? യാതൊരു ലക്ഷ്യം, ലഗാനുമില്ലാതെ അങ്ങിനെ കിടക്കുന്നുണ്ട്. മദ്യപാനം അതിന്റെ അതിരും കടന്ന് അതിക്രമിച്ചിരിക്കയാണ്. താൻ ധരിച്ചിരിക്കുന്ന വസ്ത്രങ്ങളെ നിയന്ത്രി

ക്കാനുള്ള കഴിവുപോലും അയാളിൽ അവശേഷിച്ചിട്ടില്ല. നടന പ്രകടനത്തിൽ ലയിച്ചിരുന്ന യുവതികൾക്ക് അയാളുടെ നിർലജ്ജമായ ചാപല്യങ്ങൾ കണ്ടു നില്ക്കാൻ അശക്തരായിത്തീർന്നു. യസീദിനെ ഒന്നു നോക്കുവാൻ പോലും അശക്തരായിത്തീർന്ന അവർ ചുമരിനോട് മുഖം ചേർത്തങ്ങനെ നില്ക്കുകയാണ്. ഗത്യന്തരമില്ലാത്തതുകൊണ്ടാണ് അവരങ്ങനെ നില്ക്കുന്നതെന്ന് സൽമക്ക് മനസ്സിലായി. അവളുടെ ആജ്ഞയനുസരിച്ചു അവർ ആ മുറി വിട്ടു പോയി.

മദോന്മത്തനായിക്കിടക്കുന്ന യസീദും കോമള ഗാത്രയായ സൽമയും മാത്രമാണ് ആ മുറിയിൽ അവശേഷിച്ചിരിക്കുന്നത്. അദ്ധ പ്രജ്ഞനായിക്കിടക്കുന്ന ഖലീഫ സൽമയുടെ ദയാഭാക്ഷിണ്യങ്ങൾക്ക് വിധേയനായിത്തീർന്നിരിക്കയാണ്. അപ്പോൾ അവൾ തന്റെ അഭിലാഷത്തെ സാദ്ധ്യതയിൽ കൊണ്ടുവരുവാനുള്ള ഉപായങ്ങൾ ആരായുന്നതിൽ നിമഗ്നയായിരിക്കയായിരുന്നു. യസീദിന്റെ ജീവനെ നശിപ്പിക്കാനുതകുന്ന മാരകായുധം ഏതാണെന്നുള്ള ഒരു ഒറ്റ ആലോചനയാണ് അവളുടെ മസ്തിഷ്കത്തിൽ ഉറച്ചുനില്ക്കുന്നത്. അവസാനം സൽമ ഒരു അന്ത്യതീരുമാനത്തിലെത്തി. ഈ പ്രാവശ്യം തന്റെ കഠാരിക്കു പകരം മദ്യത്തിൽ വിഷ ഭസ്മം കലർത്തിക്കൊടുക്കയാണ് ഉത്തമമെന്ന് അവൾ കണ്ടു.

അവളുടെ സഖികൾ പുറത്തുപോയ ഉടനെ മദ്യക്കോപ്പയിൽ വിഷഭസ്മമിടുകയും പിന്നെ ആ കോപ്പനിറയെ മദ്യം പകർന്നുവെക്കയും ചെയ്തു.

അദ്ധ പ്രജ്ഞനായ യസീദ് യാതൊരു വെളിവുമി ല്ലാതങ്ങനെ ശയിക്കയാണ്. എന്നാലും എന്തോ ചില സംശയങ്ങൾ അയാളുടെ ഹൃദയത്തെ പിച്ചിച്ചീന്തുന്നുണ്ടെ ന്ന് അയാൾ പറയുന്ന വാക്കുകളിൽനിന്നാമാനിക്കാൻ കഴിഞ്ഞിരുന്നു. അയാളിൽബോധാവസ്ഥ അവശേഷിച്ചി ട്ടുണ്ടോ എന്നൊരു സംശയം സൽമയെ അല്പം അലട്ടാതി രുന്നില്ല. പ്രസൂത ചിന്ത ഉദയമെടുത്തതോടെ അവളുടെ ഹൃദയത്തിൽ അസാധാരണമായ ഒരുഉൾക്കിടിലം തലയു യർത്തി. താൻ എന്തോ ഒരു ഭീകരകൃത്യത്തിന്ന് മുതിരുക യാണ്. അതാരെങ്കിലും കണ്ടുപിടിച്ചാൽ പിന്നെ തന്റെ കഥ കഴിയുകയല്ലാതെ ഗത്യന്തരമില്ലയെന്നൊക്കെ ഓ ർത്ത അവൾ ഇതികർത്തവ്യതാ മൂഢയായി അല്പം പി ന്നോട്ട് മാറിനിന്നു.

അദ്ധ പ്രജ്ഞനായി കിടക്കുന്ന യസീദാവട്ടെ വിഷ യാസക്തനായിചമഞ്ഞിരുന്നു. അയാളുടെ ഹൃദയം സൽമ യുടെ ചാരിത്ര്യ മധുപാനം ചെയ്യുന്നതിന്ന് വെമ്പൽ കൊള്ളുകയാണ്. ബലവത്തായ ആ ഹസ്തങ്ങൾ മുമ്പോട്ട് നീണ്ടു. അനായാസേന അവളെപിടിച്ചുമാറോടണക്കുവാൻ അവയ്ക്ക് കഴിഞ്ഞു. ആ ഉരുക്കു മുഷ്ടികളിൽനിന്ന് മോച നം ലഭിക്കുവാൻവേണ്ടി അവൾ വളരെയൊക്കെ പാടുപെ ട്ടുനോക്കി. എന്നാൽ അതൊന്നും സാധിച്ചില്ലെന്ന്തന്നെ യുമല്ല വാടിത്തളർന്ന ഒരു കൊടുന്നിലപോലെ അയാളുടെ വിരിമാറിലേക്ക് വീഴുവാൻ നിർബ്ബന്ധിതയാവുകയുംകൂടി ചെയ്തു.

"ഇതിനുമുമ്പും നിന്നെ ഞാൻ കണ്ടിട്ടുണ്ട് എവിടെ വെച്ചാണെന്ന് ഓർമ്മതോന്നുന്നില്ല." എന്നിങ്ങനെ പറയു

ന്നതിന്നിടയിൽ അവളുടെ മുഖത്തെ തന്റെ വദനത്തിൽ ചേർത്തു ചുംബിക്കുവാൻ ശ്രമിക്കയായിരുന്ന യസീദ്. ആ വദനത്തിൽനിന്ന് വമിക്കുന്ന മാദകമായ ഉത്സ്ഥം അസഹ്യമായിട്ടാണ് അവർക്ക് തോന്നിയത്. "നീ ആരുടെ മകളാണ്? നീ ഏതുദേശക്കാരിയാണെന്ന് എന്നോട് പറയൂ." അവളെ മാറിൽചേർത്തമർത്തിക്കൊണ്ട് യസീദ് ചോദിച്ചു.

"ഒരു അനാഥ ബാലികയാണ് ഞാൻ. എന്റെ മാതാപിതാക്കൾമരിച്ചുപോയി. വിദ്യാഭ്യാസത്തിന്നു വേണ്ടി ഇവിടെവന്ന് താമസമാക്കിയിട്ട് കുറച്ചു കാലമായി." വീർപ്പ് മുട്ടുന്നുണ്ടായിരുന്നുവെങ്കിലും സൽമ പ്രതിവചിച്ചു.

"അല്ല—അല്ല. നീ പറഞ്ഞതൊക്കെ ശുദ്ധമൈ കള്ളമാണ്. എന്റെ വൃദ്ധയേശ്വരിയാണ് നീ." മദോന്മത്തനായ യസീദ് തുടർന്നു. "പറയൂ. നീ എന്റെ വൃദ്ധയേശ്വരിയല്ലെ?" അങ്ങിനെയൊക്കെ പറയുന്നുണ്ടെങ്കിലും അയാളുടെ ദേഹശക്തി ക്ഷയിച്ചു വരികയാണെന്നും മദ്യത്തിന്റെ ലഹരി അയാളെ തളർത്തിക്കളയുന്നുണ്ടെന്നും സൽമ മനസ്സിലാക്കി. അങ്ങിനെ അയാൾം ബോധം കെട്ടും ഉണർന്നും കിടക്കയാണ്.

അതിന്നിടയിലുണ്ടായ അബോധാവസ്ഥ അല്പ സമയത്തേക്ക് നീണ്ടുനിന്നു. അതിന്നിടയിൽ അവൻ കാട്ടിക്കൂട്ടിയ ഗോഷ്ടികൾക്ക് കണക്കും കയ്യുമില്ല. അവയുടെ സ്വഭാവം ഏതാണെന്നോരു ഭ്രാന്തനെ അപേക്ഷിച്ച് നിന്ദ്യവും നികൃഷ്ടവുമായിരുന്നു എന്നുതന്നെ പറയാം. അവൻ ചെയ്തുകൂട്ടുന്ന നിർലജ്ജമായ പ്രവർത്തികൾ തന്റെതായ

എന്തോ ചിലതൊക്കെ നഷ്ടപ്പെട്ടുത്തുമെന്നും അവയ്ക്ക് നഷ്ടം വന്നാൽ പിന്നെതാൻ ജീവിച്ചിരുന്നിട്ട് പ്രയോജനമില്ലെന്നും കണ്ട സൽമ അവന്റെ പിടികളെ വിടുവിച്ചു അപ്പം അകന്നുനിന്നു.

"ഇങ്ങടുത്ത് വരൂ. നീയെന്റെ ഹൃദയേശ്വരിയല്ലേ?" എന്നിങ്ങനെ പറയുന്ന യസീദ് അവളെ തന്റെ അടുത്തേക്ക് വിളിക്കയാണ്. അവളാവട്ടെ മദ്യം നിറച്ചുവെച്ചിരുന്ന ആ കോപ്പയെടുത്ത് യസീദിന്റെ ചുണ്ടിൽചേർത്തു പിടിച്ചു. ഒരൊറ്റശ്വാസത്തിന്നു് അയാളക്കോപ്പയിലുണ്ടായിരുന്ന അവസാനത്തെ തുള്ളിയും ക്രൂടി വലിച്ചുകുടിച്ചു. അങ്ങിനെ അയാളുടെ മരണദേവത ഒളിഞ്ഞിരിക്കുന്ന മദ്യം അയാളെക്കൊണ്ട് സേവിപ്പിക്കുവാൻ അവർക്ക് കഴിഞ്ഞു. അതുയും കാര്യങ്ങൾ നിർവ്വഹിക്കുവാൻ കഴിഞ്ഞെങ്കിലും അതോടെ അവളുടെ അന്തക്കരണം വല്ലാതെ മിടിച്ചുതുടങ്ങി. ഹൃദയാന്തർഭാഗത്ത് വലിയൊരു വിപ്ലവം നടക്കുന്നതുപോലെ തോന്നുന്നുണ്ടായിരുന്നു. അവളിൽ അവശേഷിച്ചിരുന്ന ധൈര്യവും ക്രൂടി നശിച്ചു.

"എന്റെ ഹൃദയേശ്വരീ!" എന്നു വിളിച്ചുംകൊണ്ട് അവൻ ആ മഞ്ചത്തിൽനിന്നു് ചാടിയെഴുന്നേറ്റു. ഏതാണ്ടൊരു ഭ്രാന്തന്റെ ഭീകരതയുണ്ടായിരുന്നു ആമുഖത്തിന്നു്. ഒരൊറ്റ ചാട്ടത്തിന്നുതന്നെ അവളെ വാരിയെടുക്കുവാൻ അവന്നു് കഴിഞ്ഞു. എന്നിട്ടവളെ മാറോടണച്ചു് പിടിച്ചുംകൊണ്ട് ചുംബിക്കുവാൻ മുതിരുകയാണ്.

"എന്നെ വിടണം. എനിക്ക് ഭയമാകുന്നു." ഗദ്ഗദത്തോടെ സൽമ യാചിച്ചു. എന്നാൽ അവളുടെ മൃദുലവാക്കുകളും യസീദിന്റെ മുമ്പിൽ ശോഭിക്കുകയുണ്ടായില്ല.

തന്റെ ശ്രമം വ്യർത്ഥമായിത്തീരുന്നതു കണ്ട സൽമ കോപാന്ധയായി ചമഞ്ഞു. ഒരു പെൺപുലിയെപ്പോലെ ചീറിക്കൊണ്ട് അവൾ തന്റെ ബലം മുഴുവനും പ്രയോഗിച്ചു. അതോടെ ആ ഉരുക്കു മുഷ്ടികൾതാനെ വിട്ടുകയും അവൾ രക്ഷപ്പെടുകയും ചെയ്തു.

മഞ്ചത്തിൽനിന്നുകൊണ്ടു നില്ക്കുന്ന സൽമയെക്കണ്ടപ്പോൾ യസീദിന്നുരിശം മുഴുത്തു. "നിന്നെ വിടില്ല. യസീദിന്റെ കയ്യിൽവന്ന ഒരു പെൺകൂട്ടി പോലും അവളുടെ ചാരിത്ര്യം അവന്റെ പാദങ്ങളിൽ അർപ്പിക്കാതെ പോയിട്ടില്ല." എന്നിങ്ങനെ എന്തൊക്കെയോ വീരവാദങ്ങൾ പറഞ്ഞുകൊണ്ട് മഞ്ചത്തിൽ നിന്നെഴുന്നേൽക്കുവാൻ ഭാവിക്കുകയായിരുന്നു യസീദ്. എന്നാൽ തല ചുറ്റുന്നതു പോലെതോന്നുകയും കൈകാലുകൾ വിറക്കുകയും ചെയ്യുന്നുണ്ടായിരുന്നു. വിഷം കലർത്തിയ മദ്യം അതിന്റെ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണെന്നു പരമാർത്ഥം ആ കാമഭ്രാന്തൻ മനസ്സിലാക്കിയിരിക്കുകയില്ല. അതൊട്ടു മനസ്സിലാവുകയുമില്ലല്ലോ. പിന്നെ ലഹരി പരമാർത്ഥം അധികമായിപ്പോയതാണ് ആ അവശതയ്ക്ക് കാരണമെന്നുമാത്രമെ അയാൾ കരുതിയിരുന്നുള്ളൂ. ഏതു വിധവും സൽമയെ പിടിച്ചു് അവളുടെ സ്നേഹം ആസ്വദിക്കണമെന്നുള്ള ഏകോന്നം മാത്രമാണ് യസീദിന്ന് അപ്പോളുണ്ടായിരുന്നത്.

വെറും പിച്ചുംപേയും പറഞ്ഞുകൊണ്ട് അയാൾ എഴുന്നേറ്റുനിന്നു. അയാളുടെ വദനത്തിൽ കാണപ്പെട്ട ഭീകരതയ്ക്ക് കാഠിന്യം കൂടിക്കൂടിവരികയാണ്. നിമിഷങ്ങൾ ചെല്ലുന്തോറും ആ ഭീകരത വർദ്ധിച്ചുകൊണ്ടിരുന്നു. അതൊക്കെ കണ്ട്കൊണ്ട് അവിടെ നിന്നിരുന്ന

സൽമ നരിയെക്കണ്ട ഒരു പേടമാനപ്പോലെ കിടുകിടാ വിറക്കുന്നുണ്ടായിരുന്നു. യസീദാവട്ടെ സർവ്വശക്തിയും പ്രയോഗിച്ച് മുമ്പോട്ടാഞ്ഞു. അതിനിടയിൽ അവന്റെ ആത്മാശയത്തിൽകിടക്കുന്ന വിഷം അതിനു സ്വതസിദ്ധമായ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിരുന്നു. അങ്ങിനെ അയാൾ അബോധാവസ്ഥയിൽ നിലംപതിച്ചു. മരണ ഗോഷ്ടികൾ കാട്ടിത്തുടങ്ങി.

"മുസ്ലിം സമുദായത്തിനു് യസീദിനോടുണ്ടായിരുന്ന പക സമുദായത്തിന്റെ ഒരു എളിയ സേവകയും പ്രതിനിധിയുമെന്ന നിലയിൽ ഞാനിതാ വീട്ടിയിരിക്കുന്നു." എന്നു പറഞ്ഞിട്ട് മരണ വേദനയാൽ പിടച്ചുകൊണ്ടിരിക്കുന്ന യസീദിന്റെ ഭീകര വദനത്തിലേക്ക് അവൾ ഒന്നു നോക്കി. ഏതാണ്ടൊരു പിശാചിനെപ്പോലെ ഭീകരമായിരുന്ന ആ വദനം. പുറത്തേക്കുന്തിനിൽക്കുന്ന പല്ലുകളും അവയുടെ ഇടയിൽക്കൂടി നീണ്ടുകിടക്കുന്ന തടിച്ചനാവും, ഉന്തിത്തുറിച്ച കണ്ണുകളും എല്ലാംകൂടി ആ വദനത്തിന്റെ പൈശാചികതയ്ക്ക് ഭീകരതയും ക്രൂരതയും കൂടിയിരുന്നു. അവന്റെ ദേഹത്തിന്നും മുഖത്തിന്നും പെട്ടെന്ന് വന്ന ഭീകരതകണ്ട സൽമ ഒന്ന് ഞെട്ടി. എങ്കിലും അയാളുടെ അന്ത്യസ്ഥിതിയൊന്നു നോക്കാതെയിരിക്കുന്നതു് ശരിയല്ലെന്നു തോന്നി അവൾ യസീദിനെ ഒന്നുനോക്കി. ഒറ നോട്ടത്തിൽതന്നെ അവൾക്കുറപ്പായി യസീദിന്റെ അന്ത്യയാമമാണിതെന്നു്. പെട്ടെന്ന് അവിടം വിടാനാണ് അവൾ ഉറച്ചതു്. അടുത്തതായിട്ട് അവൾ ചെയ്തതു് താൻചെയ്ത ആ ഭീകരകൃത്യത്തിന്നു് മൂടുപടമിടുകയാണു്. ആ മുറിയിൽ എരിഞ്ഞുംകൊണ്ടിരുന്ന വിളക്കുക

ല്ലെല്ലാം അണച്ചു. അങ്ങനെ അതിനകം അന്ധകാരം നിബിഡമായി. അപ്പോൾ അവൾക്ക് തോന്നി. യസ്വീദിന്റെ പ്രേതം കൈപ്പിടിച്ചു വിടർത്തി പല്ലുകൾ ഇളിച്ചുംകൊണ്ട് തന്റെ അടുത്തേക്ക് പാഞ്ഞടുക്കുകയാണെന്ന്.

ചാരിത്ര്യവതികളായ ഒട്ടനവധി യുവതികളുടെ നാശകാരിയും അഹ്‌ലുബൈത്തിന്റെ ബദ്ധവൈരിയും ആയ യസീദിന്റെ ദേഹം ആ മുറിയിൽ വിട്ടിട്ട് അവൾ പുറത്തേക്ക് ഇറങ്ങി. അവളെ ആരും തന്നെ കാണുന്നില്ലെന്ന് ഉറപ്പാക്കിയശേഷം വെറും ഒരു മിനാൽപിണർ കണക്കെ അവൾ പുറത്തേക്ക് ഓടി. കന്യാസ്ത്രീ മഠത്തിന്റെ പരിധിക്ക് പുറത്ത് വന്ന ആ സാധ്വി ഏതോ ഒരു ഭാഗത്തേക്ക് പോവുകയാണ്. യാതൊരു ലക്ഷ്യവുമില്ലാത്ത ഒരു പ്രയാണമാണ് അവളുടേത്. ഏകനായി ആ മുറിയിൽകിടന്ന് ചക്രശ്വാസം വലിക്കുന്ന യസീദ് സ്വയം ചിന്തിച്ചിരിക്കണം. "ദുഷ്ടന്മാർക്കുണ്ടാകുന്ന അനുഭവം ഇതാണ്. തന്റെ അന്ത്യദശ ലോകത്തിനൊരു പാഠമായിത്തീരട്ടെ." എന്നൊക്കെ.

അന്ധകാര നിബിഡമായ ആ നിശയിൽ കന്യാസ്ത്രീമഠം വിട്ടിറങ്ങിയ സൽമ സമുദ്രത്തിൽ വീണ ഒരു തുള്ളി വെള്ളം പോലെ അവിടെ അടുത്തുണ്ടായിരുന്ന വനങ്ങളിൽ തിരോധാനം ചെയ്തു. അതീവ ഭീകരമായ ആ വനപ്രദേശത്തുകൂടി അവൾ മുമ്പോട്ട് നീങ്ങുകയാണ്. അവളുടെ ആ സഞ്ചാരം എവിടെച്ചെന്നാണ് അവസാനിക്കുകയെന്ന് അവൾക്ക് തന്നെ അറിവില്ല. എത്തുന്നോടത്ത് എത്തട്ടെ. എന്നാ നിലക്കാണ് അവൾ പോവുന്നത്.

VII

അടുത്ത പ്രഭാതത്തിൽതന്നെ യസീദിന്റെ മരണ വാർത്ത നാടെങ്ങും പരന്നു. രാജധാനിയിൽ വലിയ ഒരു കോളിളക്കം ഉണ്ടാക്കിയ ഒരു വാർത്തയായിരുന്നു അത്. അവിടെയുണ്ടായിരുന്ന ജനങ്ങളും പട്ടാളക്കാരുംക്രൂടി കന്യാസ്ത്രീമഠത്തിലേക്ക് ഓടി. കന്യാസ്ത്രീമഠം പട്ടാള നടപടിക്ക് വിധേയമായി. അവരുടെ ആക്രമണങ്ങൾക്ക് വശംവദനായ പാതിരി നിർദ്ദോഷിയായിരുന്നെങ്കിൽക്രൂടി പടയോട്ടത്തിന്നിടയിൽപെട്ട് അകാലമരണം പ്രാപിച്ചു. മതത്തിന്റെ പേരിൽ അവിടെ താമസിച്ചിരുന്ന യുവതികൾ നിത്യബ്രഹ്മചര്യത്തിന്റെ അഴിക്കൂട്ടിൽനിന്ന് പുറത്ത് ചാടി നാലുഭാഗത്തേക്കും ഓടിത്തുടങ്ങി. മഠത്തിന്റെ ഒരു മുറിയിൽ കിടന്നിരുന്ന യസീദിന്റെ ജഡം രാജധാനിയിലേക്ക് നീക്കം ചെയ്തു.

പെട്ടെന്നുണ്ടായ യസീദിന്റെ മരണവാർത്ത കാട്ടുതീ കണക്കെ നാടെങ്ങുംപരന്നു. ഷാം, ഇറാഖ്, ഹിജാസ് ആദിയായ സ്ഥലങ്ങളിലെ ജനങ്ങൾ ആ വാർത്തകേട്ട് അത്ഭുതപരതന്ത്രരായി ചമഞ്ഞു. അയാളുടെ ദുഷ്പ്രവൃത്തികളെ പ്രകീർത്തനം ചെയ്യാത്തവരായി നന്നേക്കുറച്ച് ജനങ്ങൾ മാത്രമാണ് ആ സ്ഥലങ്ങളിൽ ഉണ്ടായിരുന്നത്. യസീദിന്റെ വധത്തിന്ന് കാരണഭൂതൻ ആരായിരിക്കും? ബലവത്തായ ഏതു ഹസ്തങ്ങളാണ് യസീദിനെ വധിക്കുവാൻ ധൈര്യപ്പെട്ടത്? എന്നിങ്ങനെയുള്ള നിരവധി ചോദ്യങ്ങൾ അന്തരീക്ഷത്തിൽ ഉയർന്നു. ഉത്തരമില്ലാത്ത ചോദ്യങ്ങൾ! യസീദിന്റെ വൈരികളാണെന്ന് സംശയിക്കപ്പെ


ട്ടിരുന്ന ചിലരാണ് ആ വധത്തിന്ന് സന്നദ്ധരായത് എന്ന് അവർ പറയുകയുണ്ടായി. എന്നാൽ യസീദിനെ കൊന്ന അജ്ഞാത ഘാതകൻ ആരാണെന്ന് തീർത്തുപറയുവാൻ അവരിൽ ആർക്കുംതന്നെ സാദ്ധ്യമായില്ല. ആ പരമാർത്ഥം ശ്രദ്ധാജനങ്ങളായ അവർ അറിഞ്ഞിരിക്കാനിടയില്ലല്ലോ.

ഏതാനും ദിവസത്തെ അക്ഷീണ സഞ്ചാരത്തിന്നു ശേഷം സൽമാ മക്കാ പട്ടണത്തിലെത്തി. ആ സഞ്ചാര വേളയിൽ അവർക്ക് അനുഭവിക്കേണ്ടിവന്ന യാതനകൾ നിരവധിയാണ്. ഏതു വിധവും യസീദിന്റെ ഭരണാതിർത്തിക്കു പുറത്ത് ചാടണമെന്ന ഏക ഉദ്ദേശമാണ് അവർക്കുണ്ടായിരുന്നത്. മക്കാപട്ടണം യസീദിന്റെ ഭരണപരിധിക്ക് പുറത്തുള്ള ഒരു പട്ടണമായിരുന്നു. അവിടത്തെ ജനങ്ങൾക്ക് യസീദിനോട് യാതൊരു വിധ ആനുകൂല്യവും ഉണ്ടായിരുന്നില്ല. ആ ദുഷ്ടന്റെ അകാല മൃത്യുവിൽ അനുമോദിക്കയായിരുന്നു അവിടത്തെ ജനസഞ്ചയം.

സൽമയുടെ ആരാധനാ മൂർത്തിയായ അബ്ദുറഹിമാനും അവിടെ ഉണ്ടായിരുന്നു. യസീദിന്റെ മൃത്യുവിൽ അയാൾക്കുണ്ടായ ആനന്ദം അവർണ്ണനീയമായിരുന്നു. അവിചാരിതമായി അവിടെ എത്തിയ സൽമയെ സപ്രീകരിക്കയും അനുമോദിക്കയും ചെയ്തുകൊണ്ട് ആ യുവാവ് പറഞ്ഞു. "പ്രിയപ്പെട്ട സൽമാ ധീരവീരന്മാരായ അറബി മുസ്ലിം യുവാക്കളിൽനിന്ന് ഒരാൾക്കുപോലും സാദ്ധ്യമാവാതിരുന്ന ഒരു മഹാകാര്യമാണ് വെറും ഒരു അബല മാത്രമായ നീയിന്ന് സാധിപ്പിച്ചിരിക്കുന്നത്. ഈ മഹാ

സേവനത്തിന്ന് മുസ്ലിം സമുദായം ഭവതിയോട് എന്നും കടപ്പെട്ടിരിക്കയാണ്."

സൽമയിൽ കാണപ്പെട്ട ആഹ്ലാദം അനന്യ സഹജമായിരുന്നു. അഹ്ലുബൈത്തിന്റെ വൈരിയോട് പക വീട്ടുവാൻ സാധിച്ചതുകൊണ്ടുള്ള ചാരിതാർത്ഥ്യവും തന്റെ കാമുകനെ പ്രാപിക്കുവാൻ സാധിച്ചതുകൊണ്ടുള്ള ആനന്ദവുംകൂടി അവളെ പുളകംകൊള്ളിച്ചു. ചിരകാല പ്രതീക്ഷയായ അബ്ദുറഹ്മാനോട്ടുകൂടിയുള്ള ദാമ്പത്യ ജീവിതം യസീദിന്റെ മരണത്തോടുകൂടി അവസാനിക്കുകയും ചെയ്തു. അതാണ് യസീദിന്റെ അജ്ഞാത ഘാതകിയുടെ ചരിത്രം.



ബഹദൂർഷായെ പാട്ടിലാക്കിയ പറങ്കിപ്പണ്ണ്.

ഇതൊരു കെട്ടുകഥയല്ല. ഏതാണ്ട് 1530ലും അതിനോടനുബന്ധിച്ചും ഉണ്ടായ ചരിത്രലക്ഷ്യങ്ങളാണ് ഈ കഥയുടെ വിഷയം. ഇന്ത്യയിൽവന്ന പോർത്തുഗീസുകാർക്ക് ഇവിടെ സ്ഥിരപ്രതിഷ്ഠ ഉണ്ടാക്കിക്കൊടുത്ത ഒരു സംഭവം. ഇന്ത്യൻ ചരിത്രദൃഷ്ട്യാ അവർ ചെയ്തിരുന്ന അപഹാസ്യമായ ചില നയങ്ങളും എന്തൊക്കെയാണെന്നു ഈ കഥയിൽനിന്നു അനുമാനിക്കാം.

ബഹദൂർഷാ ഗുജറാത്തിലെ സുൽത്താനായിരുന്നു. ഇന്ത്യയിൽവന്ന പറങ്കികൾ ദിയൂ തുറമുഖത്ത് ഒരു പാണ്ടികശാല സ്ഥാപിച്ചു കച്ചവടം നടത്തിവരികയാണ് അങ്ങിനെയിരിക്കെ ഗുജറാത്ത് അതിർത്തിക്കുള്ളിൽ ഒരു ചന്ത നടത്തുവാൻ അവർക്ക് അനുവാദം കിട്ടി. ബഹദൂർഷാ തന്നെയാണ് അനുമതി നൽകിയത്. നിരവധി പറങ്കി സാധനങ്ങളുംകൊണ്ട് ചന്ത സ്ഥലത്ത് അവർ വന്നുചേർന്നു. പഞ്ചസാരപോലുള്ള ചൊരിമണലിൽ തീരപ്രദേശംവിട്ട് അല്പം അകത്തോട്ടുമാറി ഒരു തെങ്ങിൻതോപ്പുണ്ട്. അവിടെയാണ് പറങ്കിസാമാനങ്ങളും പ്രദർശനത്തിനുവെച്ചിരിക്കുന്നത്. പറങ്കി ചന്തക്രൂടിയിരിക്കയാണവിടെ. പെട്ടികളും, കുട്ടകളും, പെട്ടകങ്ങളും മുതലായവയിൽ നിറച്ചുകൊണ്ടുവന്ന സാധനങ്ങളും ഓരോ സ്ഥലത്തായി നിരത്തിവെച്ചിട്ടുണ്ട്. വളരെ അടുക്കായിട്ടും ചിട്ടയോടുംക്രൂടിയാണാ

സാമാനങ്ങളൊക്കെ നിരത്തിവെച്ചിരിക്കുന്നത്. മുത്തുകൾ, പവിഴങ്ങൾ, കൂപ്പിവിളക്കുകൾ, പളുങ്കുസാമാനങ്ങൾ, അങ്ങിനെ ആ സാധനങ്ങളുടെ പട്ടിക നീണ്ടുപോകുന്നു. ഗുജറാത്ത് വ്യാപാരികളുടെ ഒരു പൊടിപോലും അവിടെയില്ല. ബഹദൂർഷാ പറങ്കിച്ചന്ത കാണാൻ എഴുന്നെള്ളിയിരിക്കയാണ്. ഉൻട്ടലൂസ് അറബികളുടെ കലാപാടവത്തെ വിളിച്ചോതുന്ന രത്നകംബളങ്ങൾ, മൺപാത്രങ്ങൾ, ചിത്രപണികൾചെയ്ത തോലുകൊണ്ടുണ്ടാക്കിയ വിരികൾ ആദിയായ സാധനങ്ങളാണ് ബഹദൂർഷായുടെ കൗതുകത്തിനു വിധേയമായത്. പ്രസ്തുത സാധനങ്ങളിൽ ചിലത് അദ്ദേഹം വാങ്ങി. പകരം ഭണ്ഡാരത്തിൽനിന്നു ഭീമമായ ഒരു തുക വാരികോരി കൊടുക്കുകയും ചെയ്തു. യുവാവായ അദ്ദേഹത്തിനു പണത്തിന്റെ മൂടെന്താണെന്നു അറിയുകയില്ലല്ലൊ.

ഉൻട്ടലൂസ് അറബികളെ വലിയ ഭയമാണ് പോർത്തുഗീസുകാക്ക്. അറബിഭടന്മാരുടെ മിന്നിത്തിളങ്ങുന്ന ഖഡ്ഗംകൊണ്ട് നിരവധി പോർത്തുഗീസുകാരെ കൊന്നൊടുക്കീട്ടുണ്ട്. അറബികളുടെ ആയുധത്തിനുമുമ്പിൽ ഉറച്ചുനിൽക്കുവാൻ പോർത്തുഗീസുകാക്കിതുവരെ കഴിഞ്ഞിട്ടില്ല. മുസ്ലിംകൾ തങ്ങളുടെ കുലവൈരികളാണെന്നു ഒരു ധാരണ പറങ്കികളിൽ ഉടലെടുക്കുവാൻ അതു പ്രചോദനമേകി. എന്നാൽ ഇന്ത്യയിൽ കച്ചവടത്തിനുവന്ന അവർ അതൊന്നും പ്രകടമാക്കാതെ അന്തകരണത്തിൽ പൂഴ്ത്തിവെച്ചിരിക്കയായിരുന്നു. അങ്ങിനെയവർ ദിയൂവിൽ എത്തി. ഒരു പാണ്ടികശാല സ്ഥാപിച്ചു കച്ചവടം ഊർജ്ജിതപ്പെടുത്തി വരികയാണ്. സ്ഥലസൗകര്യം വളരെ

കുറവാണവിടെ. കൂട്ടത്തൽ പോർത്തുഗീസുകാർ വന്നാൽ താമസിക്കുവാൻ അവിടെ സ്ഥലമില്ല. അതിനു സൗകര്യമുള്ള ഒരു സ്ഥലം അവക്കാവശ്യമുണ്ട്. ദാമൻ, അതിനു പറ്റിയ ഒരു സ്ഥലമാണ്. ദാമൻ സ്വാധീനമാവണമെങ്കിൽ ബഹദൂർഷായെ പാട്ടിലാക്കണം. അദ്ദേഹത്തെ വശീകരിക്കാൻ അടുത്തുകൂടിയിരിക്കയാണവർ. പോർത്തുഗീസ് പ്രതിനിധികളിൽ പലരും അദ്ദേഹത്തെച്ചെന്നുകണ്ടു. വിവരം പറഞ്ഞുനോക്കി. യാതൊരു പ്രയോജനവും ഉണ്ടായില്ല. ഇനിയെന്താണ് വേണ്ടത്? പുതിയ ഒരു അടവ് പ്രയോഗിക്കാൻ അവർ ഉറച്ചു. അത് പ്രവൃത്തിരൂപത്തിൽകൊണ്ടുവരുവാനാണ് അങ്ങനെ ഒരു പ്രദർശനം നടത്തുവാനും അതിനോടനുബന്ധിച്ചു ഒരു ചന്ത സമ്മേളിക്കുവാനും അവർ ഉറച്ചത്. പണത്തിനുപണവും കാര്യസാദ്ധ്യതയും അതുകൊണ്ടുണ്ടാക്കാമല്ലോ.

ചന്ത സ്ഥലത്തിന്റെ ഒരു ഭാഗത്ത് ഒരു ക്രൂരമുണ്ട്. രത്നങ്ങൾ വിൽക്കുന്ന ഒരു സ്ഥലമാണ് അത്. തടിച്ചുകൊഴുത്ത ഒരു മത്തങ്ങാവയറൻ പറങ്കിയാണ് രത്നവ്യാപാരി. അയാൾ ആ ക്രൂരത്തിന്റെ ഒരു ഭാഗത്തിരുന്നുംകൊണ്ട് ക്രയവിക്രയം നടത്തുന്നു. കൃത്രിമ രത്നങ്ങളാണധികവും

ബഹദൂർഷാ ആ ക്രൂരത്തിനു മുമ്പിൽ എത്തി. അവിടെ നിരത്തിവെച്ചിരുന്ന രത്നങ്ങൾ പരിശോധിച്ചു നല്ലതൊന്നും ഇല്ല. അവിടെ കണ്ടതൊന്നും അദ്ദേഹത്തിനു ബോധിച്ചില്ല. "ഇതിലും നല്ലതുണ്ടോ?" സുൽത്താൻ ചോദിച്ചു.

"ഒന്നുണ്ട്—ഒന്നുമാത്രം" പറങ്കി പ്രതിവചിച്ചു. "നല്ല ഒരു സാധനം. നിങ്ങളിതുവരെ കണ്ടിരിക്കാനിടയില്ല. അങ്ങനത്തെ ഒന്ന്."

"എന്നാൽ അതൊന്നു കാണട്ടെ. കൊണ്ടുവരൂ—" ബഹദൂർഷാ ആവശ്യപ്പെട്ടു.

ആ മദ്ധ്യവയസ്കൻ ക്രൂരത്തിന്റെ ഉള്ളിലേക്കു പോയി. എന്തോ പറഞ്ഞിട്ട് മടങ്ങിവന്നു എന്നിട്ട് ബഹദൂർഷായുടെ മുമ്പിൽ ഓച്ഛാനിച്ചുനിന്നു.

അതീവ സുന്ദരിയായ ഒരു പോർത്തുഗീസ് യുവതി പുറത്തേക്കിറങ്ങിവന്നു. സ്വർണ്ണ ചങ്ങലയിൽ ബന്ധിച്ച ഒരു കുരിശ് അവളുടെ കഴുത്തിൽപറ്റിക്കിടക്കുന്നുണ്ടായിരുന്നു. ആ കുരിശ് അവർക്ക് വേദോപദേശം ചെയ്യുകയാണോ എന്നു തോന്നിപ്പോവും. അവളുടെ ചെമ്പൻകണ്ണുകൾ വികാരാവേശങ്ങളുടെ നൃത്തരംഗമായിരുന്നു. നേർത്തതും മൃദുലവുമായ വസ്ത്രാഞ്ചലത്തിനിടയിൽക്കൂടി വെളുത്തുതുടുത്ത ആ ദേഹത്തിന്റെ മിക്കഭാഗവും പുറത്തുകാണാനുണ്ടായിരുന്നു. ബഹദൂർഷായുടെ ദൃഷ്ടികൾ അവളിൽപതിഞ്ഞു. ആ ദൃഷ്ടികളെ പിന്തിരിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിക്കുന്നില്ല. അവളുടെ രൂപകാന്തിയെ വിട്ടിട്ടകന്നുപോകാൻ ആ നയങ്ങൾ കൂട്ടാക്കുന്നില്ല.

രത്നവ്യാപാരിയായ ആ തടിയൻ അവളെ നോക്കിപറഞ്ഞു. "മകളേ! മേരീ!! ഗുജറാത്തിലെ സുൽത്താൻ ബഹദൂർഷാ തിരുമേനിയാണ് എന്റെ കുട്ടിയെ കാണുവാൻ വന്നിരിക്കുന്നത്. അദ്ദേഹത്തെ അഭിവാദ്യം ചെയ്യുക." പിന്നെ അവളെ മൂണ്ടി കാണിച്ചുകൊണ്ട് ബഹദൂർഷായെ അറിയിച്ചു. "ഇതാണ് എന്റെ പക്കലുണ്ടെ

ന്നുപറഞ്ഞ അ രത്നം, വിലമതിക്കാനാവാത്ത രത്നം.”

അ യുവതി അദ്ദ്യംതന്നെ അദ്ദേഹത്തിനൊരു കടാക്ഷവും ഒപ്പം തന്നെ ഒരു പുഞ്ചിരിയും സമ്മാനിച്ചു. പിന്നെ അന്നാനടയോട്ടക്രൂടി അദ്ദേഹത്തിന്റെ മുമ്പിൽവന്നു നിന്നു ലജ്ജാനമ്രയായ അവർം സലാം ചെയ്തു.

മേരിയുടെ നിറഞ്ഞ യൌവ്വനവും, തുടുത്ത അവയവങ്ങളും വിശേഷിച്ച് വശ്യശക്തിയേറിയ കടാക്ഷവീക്ഷണവും എല്ലാംക്രൂടി ബഹദ്ദൂർഷായുടെ ഹൃദയത്തിൽ കിക്കിളിയുളവാക്കി അവളിൽനിറഞ്ഞുനിന്നിരുന്ന യൂറോപ്യൻ സൌന്ദര്യം ബഹദ്ദൂർഷായുടെ ഹൃദയത്തിൽ ശരിക്കുതറച്ചു. അവളുടെ വിശദവിവരം അറിയുവാനുള്ള ആശ അദ്ദേഹത്തെ ജിജ്ഞാസുവാക്കിചമച്ചു. അ രത്നവ്യാപാരിയോട് അദ്ദേഹം ചോദിച്ചു. “ഈ യുവതി നിങ്ങളുടെ ആരാണ്?”

“എന്റെ ആരും അല്ല.” അ രത്ന വ്യാപാരി വിശദമാക്കി. “പോർത്തുഗീസുകാരുടെ ഒരു കപ്പലിലെ കപ്പിത്താനായിരുന്ന ഇവളുടെ പിതാവ്-അടുത്ത അവസരത്തിലാണ് കപ്പലിൽനിന്നു വീണു അദ്ദേഹം മരിച്ചതു്. അങ്ങനെ വെറും ഒരു അനാഥയായിത്തീർന്നിരിക്കയാണിവർം. മറു വേണ്ടപ്പെട്ടവരാരും ഇവിടെ ഇല്ലാത്തതുകൊണ്ടാണ് എന്നോട്ടക്രൂടി ഇവിടെ താമസിക്കുന്നതു്. കപ്പിത്താൻ എന്റെ ഒരു സ്നേഹിതനും ക്രൂടിയായിരുന്നു. വിവാഹപ്രായം ആയിരിക്കുന്ന ഇവർംക്കു അനുയോജ്യനായ ഒരു വരൻ ഇവിടെയില്ല. ദിയൂവിൽവന്നു താമസിക്കുന്നപോർത്തുഗലിലേക്കു് അയക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നതു്.

അതിനുമുമ്പ് തിരുമേനിയെ കാണാൻ സാധിച്ചത് മേരിയുടെ ഭാഗ്യം കൊണ്ടാണെന്നതന്നെ പറയാം."

അവളെസ്സംബന്ധിച്ചു ഏതാണ്ടൊരുവിവരം ധരിച്ചതോടെ ബഹദൂർഷാ ചിന്താകുലനായിച്ചമഞ്ഞു. ലിസ്ബണിലേക്ക് പോകാനിരിക്കുന്ന മേരിയെ അങ്ങനെ വിട്ടയക്കുന്നത് ശരിയല്ലെന്നു അദ്ദേഹത്തിനു തോന്നി. ഏതുവിധവും അവളെ പാട്ടിലാക്കി തന്റെ കൊട്ടാരത്തിൽ കൊണ്ടുചെന്നു താമസിപ്പിക്കണമെന്നു ഒരു ആഗ്രഹം അദ്ദേഹത്തിന്റെ ഹൃദയത്തിൽ നാമ്പെടുത്തു. എന്നാൽ പെട്ടെന്നു അതു തുറന്നുപറയുന്നതു ശരിയല്ലല്ലോ എന്നുതോന്നിയതിനാൽ ഗൗരവം നടിച്ചുകൊണ്ടദ്ദേഹം ആ കച്ചവടക്കാരനോട് പറഞ്ഞു. "എന്നോട് ആലോചിച്ചിട്ടുവേണം ഇവളെ മടക്കി അയക്കുവാൻ." അതുയും പറഞ്ഞിട്ട് ഒരു വലിയ തുക ആ വർത്തകനു സമ്മാനമായി കൊടുക്കയുംക്രടി ചെയ്തു.

2

കൊട്ടാരത്തിൽ എത്തിയ ബഹദൂർഷാക്കു തീരെ സ്വസ്ഥതയില്ല. ഉറങ്ങുവാൻ കഴിയുന്നില്ല. നിദ്രാദേവി അയാളെ വിട്ടകന്നകന്നുപോവുകയാണ്. ആ യുവതിയെപ്പറ്റിയുള്ള ചിന്തതന്നെയാണ്. അവളെ ക്രടാതുള്ള ജീവിതം വെറും ശ്മശാനതുല്യമായിത്തോന്നുന്നുണ്ടയാൾക്ക്. അവളെ തന്റെതാക്കാൻ പല വഴികളും അയാൾ ആലോചിച്ചു. ഏതു ത്യാഗം വരിച്ചിട്ടും അവളെ സ്വാധീനമാക്കാൻതന്നെ ഉറച്ചു.

അടുത്ത പ്രഭാതത്തിൽ ആ രത്ന വ്യാപാരിയെവരുത്തി. ഭീമമായ ഒരു തുക അയാൾക്കുകൊടുത്തു. അങ്ങനെ

ആ ചെമ്പൻമുടിക്കാരിയെ ബഹദൂർഷാ വിലക്കുവാങ്ങി. ഗുജറാത്ത് അതിർത്തിയിൽ കച്ചവടത്തിനുവന്നിരുന്ന പറങ്കി വാണിക്കകം ദിയൂവിലേക്കുമടങ്ങി. ചുവന്ന ചുരുളൻമുടിയും ചെമ്പൻ കണ്ണുകളുമുള്ള മേരിക്കു മറിയം എന്നു നാമകരണംചെയ്തു. അവളുടെ ലീലകളിൽ ലയിച്ചുവെറും ഒരു ഭ്രാന്തനെപ്പോലെ കഴിയുകയാണ് ബഹദൂർഷാ. ഭരണകാര്യങ്ങളിൽ ചിന്തിക്കുവാൻപോലും അവസരമില്ല അദ്ദേഹത്തിനു്.

ബാബറിന്റെ ആക്രമണ കാലമാണതു്. ഇന്ത്യയിലെ പട്ടാണി രാജാക്കന്മാർ ബാബറിന്റെ പടയോട്ടത്തെ ഭയന്നു പരക്കം പായുകയാണു്. ആത്മ രക്ഷക്കുപായം തേടി അലയുകയാണവർ. ബങ്കാളം, ബീഹാർ, ഡക്കാൻ ആദിയായ വൻശക്തികളും മുഗളപടയൊഴുക്കിനെ തടയുവാനുള്ള ശ്രമത്തിൽ പരാജിതരായികഴിഞ്ഞു. ഇന്ത്യയിൽനിന്നുള്ള വലിയ ഒരു വിഭാഗം ബാബറിനു് അധീനമായിരിക്കയാണു്. അങ്ങനെയിരിക്കവേ ബാബർ മരണപ്പെടുകയും തൽസ്ഥാനം പുത്രനായ ഹുമയൂണിനു സ്വാധീനമാവുകയും ചെയ്തു. ഹുമയൂണാവട്ടെ ബാബർ പിടിച്ചടക്കിയ സ്ഥലങ്ങളുംക്കു് പുറമെ തന്റെ ഭരണപരിധിയെ കൂടുതൽക്കൂടി വിസ്തൃതമാക്കുവാൻ ശ്രമിക്കയാണു്. അയാളുടെ ദൃഷ്ടി ഗുജറാത്തിൽ പതിഞ്ഞു. എന്നാൽ ആ വക കാര്യങ്ങളൊന്നും ആ പറങ്കിപെണ്ണിൽ ലയിച്ചിരുന്ന ബഹദൂർഷാ അറിഞ്ഞതേയില്ല.

മറിയത്തിന്റെ പാവയായിതീർന്നിരിക്കയാണദ്ദേഹം. അവളുടെ അഭിപ്രായത്തിനു എതിരായി ഒന്നും

തന്നെ ചെയ്യുവാൻ അയാളെകൊണ്ടാവില്ല. അവളുടെ സ
ജാതീയരായ പറങ്കികൾക്ക് ആവശ്യമുള്ള എന്തും ബഹ
ദൂർഷായിൽനിന്നു വാങ്ങികൊടുക്കുവാൻ അവർക്ക് കഴി
യും. അങ്ങനെ പലതും അവർ വാങ്ങികൊടുത്തുകഴിഞ്ഞു.
തദ്ഫാരാ ഗുജറാത്ത് ഭരണക്രൂടത്തിനു അനുഭവിക്കേണ്ടി
വന്ന കഷ്ടനഷ്ടങ്ങൾ നിരവധിയാണ്. എന്നുതന്നെ അയി
ട്ടും മറിയത്തിന്റെ അത്യാർത്തിക്ക് ഒരു അറുതി വന്നി
ട്ടില്ല. ഗുജറാത്തിലെ വാണിജ്യം മുഴുവനും പറങ്കികൾക്കാ
ക്കികൊടുക്കണമെന്നാണ് അവളുടെ ആഗ്രഹം. അതാണ്
വിഷം നിറഞ്ഞ ആ കന്യകയെ ഗുജറാത്തിലേക്കവർ
അയച്ചതിന്റെ ഉദ്ദേശവും.

കാമചാപല്യം, അതൊരു ലഹരിയാണ്. മനുഷ്യ
ന്റെതായ കഴിവുകളെയെല്ലാം അടിച്ചമർത്തുവാൻ അതി
നു സാധിക്കും. രണ്ടോ മൂന്നോ ദിവസമായി വലിയ മൌന
മാണ് മറിയത്തിനു്. മുഖം വീർപ്പിച്ചങ്ങനെ ഇരിക്കയാ
ണു്. യുവതികളും സുന്ദരികളുമായ തരുണികളുടെ ആവ
ശ്യങ്ങളും ഊഹിച്ചറിയുവാനുള്ള പ്രാപ്തി ഭാരതീയർക്ക്
സ്വതസിദ്ധമാണു; അവരിൽനിന്നു ഒട്ടുംതന്നെ വിഭിന്നമല്ല
ബഹദൂർഷായുടെ സ്ഥിതി. മറിയത്തിനുവേണ്ടതും കൂറേ
ക്രൂരതലും അയാൾ നൽകിക്കഴിഞ്ഞു. എന്നിട്ടും അവളുടെ
വദനം പ്രസന്നമായിട്ടില്ല. അതിന്റെ കാരണം എന്താ
യിരിക്കും? അദ്ദേഹം ചിന്തിച്ചുനോക്കി. ഒന്നും മനസ്സിലാ
വുന്നില്ല. അവസാനം അവളോടു് ചോദിച്ചു നോക്കി.
വളരെയൊക്കെ നിർബ്ബന്ധിച്ചു ചോദിച്ചു. അതിനുശേഷം
മാത്രമാണ് സംഗതി മനസ്സിലായതു. "വിദേശ സാധന
ങ്ങളുടെ മേൽ ഗുജറാത്ത് ഭരണക്രൂടം ചുമത്തുന്ന നികുതി

ഉപേക്ഷിക്കണം." അതാണ് ആ തരുണിയുടെ ആവശ്യം. നികൃതിപരമായ സംഗതിയാണ് മറിയത്തിന്റെ മനോവ്യഥക്ക് കാരണമെന്ന് ഊഹിക്കാനുംകൂടി സുൽത്താന് സാദ്ധ്യമായില്ല. വെറും ഒരു യുവതിയായ അവർക്ക് വാണിജ്യത്തോടൊ അതിനേൽ ചുമത്തപ്പെട്ടുന്ന നികൃതിയോടൊ ബന്ധമുണ്ടാവേണ്ട ആവശ്യവുമില്ല. അവളുടെ നിത്യാഭിലാഷങ്ങൾക്ക് സാദ്ധ്യതയുണ്ടാവേണ്ട കാര്യം മാത്രമേ ചിന്തിക്കേണ്ടതുള്ളൂ.

കൊട്ടാരത്തിനു തൊട്ടടുത്തുള്ള ഉദ്യാനത്തിൽ ഒരു പൊയ്കയുണ്ട്. അതിന്റെ കരയിൽവെറും മൗനമായിട്ടങ്ങനെയിരിക്കയാണവർ. തൊട്ടടുത്തുതന്നെ ബഹദൂർഷായും ഉപവിഷ്ടനായിട്ടുണ്ട്. തന്റെ പ്രേമഭാജനമായ ആ കന്യകയെ സാന്ത്വനപ്പെടുത്തുവാൻ ശ്രമിക്കയാണദ്ദേഹം. "എന്റെ ഓമനേ! ഭരണക്രമവുമായി ബന്ധപ്പെട്ട സംഗതികളല്ലേ ഇതൊക്കെ? ഇതിൽ കൈകടത്തേണ്ടവല്ല ആവശ്യവും നിനക്കുണ്ടോ? നീയിങ്ങനെ ശാഠ്യം പിടിച്ചാൽ പിന്നെ ഞാൻ എന്തുചെയ്യും? ഇവിടുത്തെ വണിക്കുകൾക്ക് അപാരമായ നഷ്ടമുണ്ടാകുന്നുക്ക ഒരു സംഗതി അനുവദിക്കുവാൻ തുനിയുന്നത് എനിക്ക് ചേർന്നതാണോ. ഇനി ഞാനത് നടപ്പിൽവരുത്തിയാൽതന്നെ വലിയ ഒരു വിപ്ലവം സൃഷ്ടിച്ചുവിടുകയല്ലേ അതിന്റെ ഫലം? ഇവിടെത്ത ഭരണീയരെ ക്ഷോഭിപ്പിച്ചു വിപ്ലവകാരികളാക്കുക എനിക്ക് സാദ്ധ്യമല്ല. പിന്നെ ഭരണക്രമത്തിനുള്ള വരുമാന മാർഗ്ഗങ്ങളിൽ ഏറ്റവും വലിയതാണീ കച്ചവട നികൃതി. അതുപേക്ഷിച്ചിട്ട് എന്നെയും എന്റെ ഭരണക്രമത്തേയും നാശക്രമത്തിൽ തള്ളിയിടുവാനാണോ ഭവതി

യുടെ ശ്രമം? അതാണോ നിന്റെ ആഗ്രഹം?"

മറിയത്തിന്റെ നയനങ്ങൾ അശ്രുപൂർണ്ണങ്ങളായി. പരിഭവത്തോടെ ബഹദൂർഷായെ ഒന്നു നോക്കീട്ട് അവൾ തുടർന്നു. "ഞാൻ ഒരു പോർത്തുഗീസ് വനിതയാണെന്ന് അങ്ങേക്കറിയാമല്ലോ. അങ്ങയിൽനിന്നുള്ള ആനുകൂല്യങ്ങൾ ഉണ്ടെങ്കിൽ മാത്രമെ എനിക്കും എന്റെ സമുദായത്തിനും ഇവിടെ ജീവിക്കാനാവൂ. പിന്നെ അങ്ങയെപ്പോലുള്ളവരുടെ സംഭാവനകൾ കിട്ടീട്ടുവേണം ഞങ്ങളുടെ ജീവിതം ഭാസുരമാക്കുവാൻ.....ഇതിനെല്ലാം പുറമെ ഭർത്താക്കന്മാരോട് പലതും ആവശ്യപ്പെടുകയും അങ്ങനെ അവരെ പരീക്ഷിക്കയും ചെയ്യുന്ന ഒരു പതിവുംകൂടി ഞങ്ങൾക്കുണ്ട്. ഞങ്ങളുടെ പരീക്ഷണങ്ങളിൽ വിജയം കൈവരുത്തുവാൻ സാധിക്കാത്തവരാണ് ഇന്ത്യക്കാരിൽ അധികവും അവരിൽ നിന്നൊരാളാണല്ലോ താങ്കളും. സൗന്ദര്യത്തിനു വിലമതിക്കാനുള്ള കഴിവു നിങ്ങളേപ്പോലുള്ളവർക്കുണ്ടോ? ഇല്ലെന്നാണ് എന്റെ വിശ്വാസം. പ്രേയസിമാരുടെ നയനങ്ങൾ വാർക്കുന്ന ചുടുകണ്ണുനീരിനു യാതൊരു വിലയും നിങ്ങൾ കൽപ്പിക്കുന്നില്ല. നിങ്ങളും നിങ്ങളുടെ പരിസരവാസികളായ ഇന്ത്യക്കാരും ഇത്രകണ്ട് കഠിന ഹൃദയരാണെന്ന കഥ ആദ്യത്തിൽ ഞാൻ ധരിച്ചിരുന്നില്ല. ഈ വസ്തുത ആദ്യം തന്നെ ധരിച്ചിരുന്നെങ്കിൽ....." ഇത്രയും പറഞ്ഞതോടെ അവൾ പൊട്ടികരഞ്ഞുതുടങ്ങി. ഉപ്പുപ്പയുടെ ഒരു തുമ്പുകൊണ്ട് കണ്ണുകൾ രണ്ടും പൊത്തി പൊട്ടിക്കരയുകയാണവൾ. എത്ര സാന്ത്വനപ്പെടുത്തിയിട്ടും യാതൊരു ശാന്തതയും വരുന്നില്ല. ഉസ്മാഫ്രിക്കാരായ തരുണികളുടെ വിലാപത്താനും ചില പ്രത്യേ

കതകളൊക്കെയുണ്ടല്ലോ.

അവളുടെ രോദനം ബഹദ്ദൂർഷായുടെ ഹൃദയകാഠി ന്യത്തിനു തേമാനം ഉളവാക്കി അദ്ദേഹം അവളോട്ട് പറഞ്ഞുതുടങ്ങി. "പ്രിയപ്പെട്ട മറിയം, ഇങ്ങനെയൊക്കെ ശാഠ്യം പിടിച്ചാലെങ്ങനെയാണ്? നിന്റെ ശാഠ്യവും രോദനവും കാണുമ്പോൾ എനിക്കുണ്ടാവുന്ന മനോവേദന എത്ര കഠിനമാണെന്നോ? എന്റെ ഹൃദയവ്യഥയെസ്സംബന്ധിച്ചു ചിന്തിക്കാനുള്ള കഴിവു നിനക്കിനിയും ഉണ്ടായിട്ടില്ലെങ്കിൽ അതു എന്റെ തലയിലെഴുത്തായിരിക്കണം എന്നു തത്വമാണ് നിന്റെ ഈ മർക്കടമുഷ്ടിയിൽക്കൂടി ഞാൻ മനസ്സിലാക്കുന്നത്."

"നിങ്ങളുടെ ഈ വിദ്യകളൊക്കെ എന്തിനാണെന്നു എനിക്കറിയാം. അതൊക്കെ മനസ്സിലാക്കാൻവേണ്ട ബുദ്ധിശക്തി എനിക്കുണ്ട്. ആ കന്യകയിൽ ഒളിഞ്ഞുകിടന്നിരുന്ന അതൃാഗ്രഹം ഫണമുയർത്തി. "നിങ്ങളുടെ ഭരണീയരായ ഗുജറാത്ത് ജനതയുടെ അവകാശങ്ങളെ നൂറ് ശതമാനവും സുരക്ഷിതമാക്കികൊണ്ടുപോവണമെന്നുള്ള അഭിപ്രായക്കാരനാണ് താങ്കൾ. അതേ സമയം എന്റെ സമുദായത്തിന്റെ അഭിലാഷങ്ങളുടെ മേൽ കയ്യിടാനുംകൂടി നിങ്ങൾ ശ്രമിക്കുന്നുണ്ട്. എന്റെ സമുദായമായ പോർത്തുഗീസുകാരുടെ വാണിജ്യത്തിനു വളരാൻ ഇടം നൽകരുതെന്നതാണ് നിങ്ങളുടെ വ്രതം അതിനുവേണ്ടിയാണു ഈ ഭാരിച്ച നികുതിയൊക്കെ അവരുടെ മേൽ വെച്ചു കെട്ടിയിരിക്കുന്നത്. അന്യായമായ ഒരു നികുതി മൂലം ഞങ്ങളെ വളരുവാൻ വിടാത്ത നിങ്ങളോടുകൂടി താമസിക്കുവാൻ ഇടവന്നതിൽ ഞാൻ ഖേദിക്കുന്നു. ഇങ്ങനെ

ഖേദിപ്പിക്കാതെ കഴിയുന്നതുവേഗം ഈ സാധുവിനെ സ്വതന്ത്രയാക്കി വിട്ടയക്കുവാനാണ് ഗുജറാത്ത് സുൽത്താനായ അങ്ങു നോക്കേണ്ടത്. അഭിമാനമില്ലാത്ത ഈ ജീവിതത്തെ അപേക്ഷിച്ച് സ്വതന്ത്ര ജീവിതത്തിനാണ് ഞാൻ പ്രാധാന്യം കല്പിക്കുന്നത്"" ഇതുയും ആയപ്പോഴേക്കു അവളുടെ രോദനത്തിനു ശക്തിക്രൂടി.

മറിയത്തിന്റെ രൂപലാവണ്യത്തിൽ ഭ്രമിച്ചിരിക്കുന്ന ബഹദൂർഷാ നൂറുശതമാനവും അവാംക്ക അടിയറവു പറഞ്ഞിരിക്കയാണ്. അവളുടെ അഭിലാഷങ്ങൾക്ക് വിരുദ്ധമായി ഒന്നും തന്നെ പ്രവത്തിക്കുവാൻ അദ്ദേഹത്തിനു ശക്തിയില്ല. പിന്നെ ആ പാവം എന്തുചെയ്യും? പോത്തുഗീസുകാക്ക് താൻ ചെയ്യുന്ന ആനുകൂല്യങ്ങൾ മൂലം ഗുജറാത്ത് ജനത അപാരമായ നഷ്ടത്തിനു വിധേയരാവേണ്ടിവരുമെന്നു ബഹദൂർഷാക്കറിയാം. എന്നാൽ മറിയത്തോടുള്ള വാത്സല്യം നിമിത്തം ഗുജറാത്തികളുടെ നഷ്ടത്തിനു പരിഗണന നൽകുവാൻ അദ്ദേഹത്തിനു സാധിക്കാതെ പോയി. അദ്ദേഹം തന്റെ തൂവാലകൊണ്ട് അവളുടെ കണ്ണുനീർ തുള്ളികളെ ഒപ്പിയെടുത്തു എന്നിട്ടു ചോദിച്ചു. "ശരി-ഒരു സംവത്സരത്തേക്കുമാത്രം അവരിൽനിന്നീടാക്കി വരുന്ന നികുതി മാപ്പാക്കികൊടുക്കുവാൻ എനിക്ക് കഴിയും. ഇതിൽ ക്രൂടുതലായി യാതൊന്നും ചെയ്യുവാൻ എനിക്കു ശക്തിയില്ല മറിയം, എന്തു പറയുന്നു?" എന്നിങ്ങനെ ചോദിച്ചുകൊണ്ടു അയാൾ അവളുടെ തലയിൽ വാത്സല്യപൂവ്വം തലോടി. എന്നിട്ടുപദേശിച്ചു. "ഇനിയെങ്കിലും ഒന്നിങ്ങോട്ടുനോക്കു. നിന്റെ ഈ മൗനം എന്റെ ഹൃദയത്തെ എത്രകണ്ടു വേദനപ്പെടുത്തുന്നുണ്ടെന്നറി

യാമോ?"

അത്ഥജനകമായി അവഠം അദ്ദേഹത്തെ ഒന്നു കടാക്ഷിച്ചു. എന്നിട്ട് ചോദിച്ചു-"ഇയ്യുള്ള വളെ ഒന്നു പരീക്ഷിക്കയാണോ അങ്ങചെയ്യുന്നത്"? ബഹദ്ദർഷായെ കലക്കി കടിച്ചവളാണീ മറിയം. അങ്ങയുടെ ജാലവിദ്യകളൊന്നും ഇവളോട് വിലപ്പോവില്ല."

അവളുടെ സംസാരം ബഹദ്ദർഷായെ പുളകംകൊള്ളിച്ചു. അദ്ദേഹത്തിന്റെ ഹൃദയത്തിൽ പുളകം ചാർത്തുവാനുള്ള മാസ്മരശക്തി ആ പറങ്കിപ്പെണ്ണിനു സഹജമായിട്ടുള്ളതാണല്ലോ. ആനന്ദ സാഗരത്തിൽ ആറാടുന്ന സുൽത്താൻ അവളുടെ കവിഠത്തടങ്ങളിൽ തിരുപ്പിടിച്ചുംകൊണ്ടിരുന്നു.

മറിയം ഒന്നു ചിരിച്ചു. വെറും ഒരു വേശ്യയെപ്പോലെ പല ചാപല്യങ്ങളും അവഠം കാട്ടികൊണ്ടിരുന്നു. അതിനിടയിൽ വിഷയാസക്തികൊണ്ട് തളർന്നുപോലെ അവഠം അയാളുടെ മടിയിലേക്കു മറിഞ്ഞു. പിന്നെ ബഹദ്ദർഷായുടെ കണ്ണനാളം പിടിച്ചു തന്റെ ചുണ്ടോടടുപ്പിച്ചു. ആ പരുപരുത്ത വദനത്തിൽ അവളുടെ അധരങ്ങഠം അമർന്നു. അതെല്ലാം കാട്ടിക്കൂട്ടുന്നതിനിടയിൽ അവഠം അറിയിച്ചു. "ദാമൻ ഗ്രാമവുംക്രൂടി അവക്കാവശ്യമുണ്ട്. അതുംക്രൂടി കൊടുക്കാമെന്നു സമ്മതിക്കു."

"വല്ലാത്ത കൊതിയാണു നിനക്ക്. എന്തുകിട്ടിയാലും മതിയാവില്ല. നിന്നെക്കൊണ്ടു തോറ്റിരിക്കയാണ് ഞാൻ" അവളെ കിക്കിളിപ്പെടുത്തുന്ന ബഹദ്ദർഷാ പറഞ്ഞു വാത്സല്യം തുളുമ്പുവാക്കുകഠം.

3

പോർത്തുഗീസ് ശക്തി ദൈനംദിനമെന്നപോലെ വർദ്ധിച്ചുവരികയാണ്. അവരുടെ വാണിജ്യത്തിന്മേൽ ചുമത്തപ്പെട്ടിരുന്ന നികുതികളൊക്കെ നിർത്തലാക്കി. ദാമൻ ഗ്രാമവും പരിസരങ്ങളും അവർക്കധീനമായിരിക്കയാണ്. അവിടെ അവരുടെ ഒരു വ്യാപാരകേന്ദ്രംകൂടി സ്ഥാപിച്ചുകഴിഞ്ഞു. പ്രസ്തുത വാർത്ത കാട്ടുതീപോലെ ഗുജറാത്തിൽപരന്നു. ഗുജറാത്ത് ജനത ക്ഷോഭിച്ചിരിക്കയാണ്. അവരിൽ ചിലർ ബഹദൂർഷായെ സമീപിച്ചു നിവേദനം സമർപ്പിക്കാൻ തുനിയുന്നുണ്ട്. ഇനിയും ചിലർ പോർത്തുഗീസുകാർക്കെതിരായ പ്രചരണവേലകളും നടത്തിക്കൊണ്ടിരുന്നു. ഇന്ത്യൻ ജനതയെ കൂത്താടി മനുഷ്യർ എന്നു വിളിച്ചു അപലപിച്ചിരുന്ന പറങ്കികളോട് ഗുജറാത്തികൾക്ക് വൈരം ജനിച്ചെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ലല്ലോ. ഗുജറാത്ത് ജനതക്കു അവരോടുണ്ടായിരുന്ന വൈരം ശതഗുണീഭവിച്ചിരിക്കയാണ്.

നല്ല ഒരു ഭരണതന്ത്രജ്ഞനും ബുദ്ധിമാനുമായ ബഹദൂർഷാ വെറും ഒരു പറങ്കിപ്പെണ്ണിന്റെ വലയിൽ കുടുങ്ങി. ഭരണകാര്യങ്ങളിൽ യാതൊരു ചിന്തയുമില്ലാതെ അന്തഃപുരത്തിൽ കഴിയുകയാണ്. ആയവസരത്തിൽ മറെറാരു സംഭവംകൂടെയുണ്ടായി. എന്താണെന്നോ, ഗുജറാത്തിജനത സംഘടിച്ചു. അവരുടെ ഒരു പ്രതിഷേധമുന്നണി ഉടലെടുത്തു. അവരിൽനിന്നുള്ള ഒരു നിവേദക സംഘം രാജധാനിയിലേക്ക് പുറപ്പെട്ടു, ഗുജറാത്തി വണിക്കുകൾ അനുഭവിക്കുന്ന യാതനകളുടെ ആ നീണ്ട പട്ടിക ബഹദൂർഷായുടെ മുമ്പിൽ വെക്കുവാൻ. ആ നിവേദക സംഘം മുദ്രാവാക്യ

ങ്ങളം മുഴക്കിക്കൊണ്ടു കൊട്ടാര കവാടത്തിൽവന്നുനിന്നു. അകത്തു കടക്കുവാൻ അനുവാദത്തിനുവേണ്ടി അക്ഷമരായി നിൽക്കയാണവർ.

അവരുടെ ആഗമനോദ്ദേശ്യം കാലേക്കൂട്ടിത്തന്നെ മറിയത്തിനു അറിവുകിട്ടിയിരുന്നു. അവർ ബഹദ്ദൂർഷായേ വശീകരിച്ചു. പല ദുരഭിപ്രായങ്ങളും പറഞ്ഞുകേൾപ്പിച്ചു. അങ്ങനെ അദ്ദേഹത്തിന്റെ അഭിപ്രായഗതിയേ തെറ്റായ മാർഗ്ഗത്തിൽക്കൂടി തിരിച്ചുവിടുവാൻ അവർക്കു സാധിച്ചു. അവളുടെ കപടവാക്കുകളെ അദ്ദേഹം സ്വീകരിക്കുകയും ചെയ്തു. "ഞങ്ങളുടെ നാട്ടിലും രാജാക്കന്മാർ ഉണ്ട്. അവരുടെ കല്പനകളെ ചോദ്യം ചെയ്യാൻ പ്രജകൾക്കധികാരമില്ല. അവർ അതിനു ധൈര്യപ്പെടാറുമില്ല. അങ്ങനെ ഒരാൾ ധൈര്യപ്പെട്ടാൽ ഉടൻ തക്കതായ ശിക്ഷ നൽകുന്നതാണ്. അതുപോലൊന്നും ചെയ്യുവാൻ നിങ്ങൾക്ക് സാധിക്കില്ല. അതുകൊണ്ട് ധൈര്യം നിങ്ങൾക്കൊട്ടില്ലതാനും."

അവളാ പറഞ്ഞതെല്ലാം സ്ത്രീ സഹജമായ ചപലതയാണെന്നു കണക്കാക്കി ബഹദ്ദൂർഷാ ഒന്നു പുഞ്ചിരിക്കമാത്രമേ ചെയ്തുള്ളൂ. എന്നിട്ടദ്ദേഹം വിശദമാക്കി. "ഭരണീയരും ഭരണകർത്താക്കളുമായി പിതാപുത്ര ബന്ധമാണുള്ളത്. പിതാവിന്റെ അനീതികളെ ചോദ്യം ചെയ്യാനുള്ള അവകാശം പുത്രനുള്ളതുപോലെ, ഭരണകർത്താക്കളിൽ വരുന്ന വീഴ്ചകളെ ചോദ്യം ചെയ്യാനുള്ള അധികാരം ഭരണീയർക്കുമുണ്ട്. പിന്നെ അവരുടെ സങ്കടം കേൾക്കാൻ ഞാനല്ലാതെ മറ്റാരാണ് അവർക്കുള്ളത്?"

"ഭരണാധിപൻ ദൈവ പ്രതിനിധിയാണെന്നല്ലേ വെപ്പ് അപ്രകാരമുള്ള ഒരാളിൽനിന്ന തെറ്റുകളുണ്ടാവുക സംഭവ്യമല്ല. അങ്ങനെയുണ്ടാവാമെന്ന ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അവർ രാജ്യദ്രോഹികളാണ്." മറിയം വാദിച്ചു.

അവരുടെ വാദപ്രതിവാദം മൂത്തു അവസാനം അവർ ഒരു ഇറങ്ങിപ്പോക്ക് നടത്തി. അവളുടെ ഇറങ്ങിപ്പോക്ക് ബഹദൂർഷായെ കലികൊള്ളിച്ചു. അദ്ദേഹം അവളേയും അവളുടെ സമുദായത്തിനേയും അപലപിച്ചു. താമസം വിനാ പോർത്തുഗീസുകാരേ അവിടെനിന്ന ആട്ടിയോടിക്കണമെന്നപോലും ബഹദൂർഷാക്ക് തോന്നിപ്പോയി.

ബഹദൂർഷായുടെ മുറിയിൽനിന്ന പുറത്തേക്കിറങ്ങിയ മറിയം കേട്ടതു കോട്ടവാതിലിൽ തടിച്ചുകൂടിയിരിക്കുന്ന ജനസഞ്ചയത്തിന്റെ മുദ്രാവാക്യങ്ങളാണ്. ആവേശഭരിതരായി അവിടെ തടിച്ചുകൂടിയിരിക്കുന്ന അവർ പ്രക്ഷോഭരണത്തിനു സന്നദ്ധരായിരിക്കയാണെന്ന അവർ കണ്ടു. അവരുടെ മുദ്രാവാക്യങ്ങൾ അന്തരീക്ഷത്തിൽ മാറ്റൊലികൊണ്ടിരുന്നു. "പറങ്കിപ്പരീഷാ മുർദാബാദ്," "പറങ്കികൾ ഗുജറാത്ത് വിട്ടുപോവണം." "അവകാശ ചൂഷകന്മാരാണവർ, അവരെ ആട്ടിയോടിക്കണം" "ബഹദൂർഷാ സിന്താബാദ്" "മുസ്ലിം ഭരണം ജയിക്കട്ടെ" "ഗുജറാത്ത് രാഷ്ട്രം പാഹിന്താബാദ്."

എട്ടുനാട്ടം പൊട്ടുമാറുള്ള ആ മുദ്രാവാക്യങ്ങൾ മറിയത്തിന്റെ ഹൃദയത്തെ കുത്തിത്തുളച്ചു. അവളുടെ ധൈര്യമെല്ലാം അസ്തമിച്ചു. താൽക്കാലികമായിട്ടാണെങ്കിലും ബഹദൂർഷാ കോപിച്ചിരിക്കയാണ്. ഈ അവസരത്തിൽ,

തനിക്കും പറങ്കികൾക്കും എതിരായി എന്തുചെയ്യാനും അദ്ദേഹം മടിക്കില്ല. അദ്ദേഹത്തിനു തോന്നിയതുപോലെ എന്തെങ്കിലും ചെയ്താൽ പിന്നെ താനിതുവരെ അനുഭവിച്ച പങ്കപ്പാടുകളെല്ലാം. വെള്ളത്തിലാവുകയേയുള്ളൂ. തന്നെയുമല്ല, തന്റെ സമുദായം ഇവിടം വിട്ടോടേണ്ടതായിട്ടും വന്നേക്കും. ഏവം വിധങ്ങളായ കഷ്ടനഷ്ടങ്ങൾക്കും ഇടം നൽകുന്നതു ഒരിക്കലും ശരിയല്ലാ എന്നു് അവൾക്കു് ബോദ്ധ്യമായി. ഇനി എന്താണു് ചെയ്യേണ്ടത്? അവളെസ്സംബന്ധിച്ചേടത്തോളം അതൊരു പ്രശ്നമായിരുന്നു. ഏതായാലും ബഹദൂർഷായുടെ അടുത്തേക്കുതന്നെ തിരിച്ചുപോകുവാൻ അവൾ ഉറച്ചു. അങ്ങിനെ അവൾ ആ മുറിയിലേക്കു കയറിച്ചെന്നു.

ഒരു രാജപത്നിയായി കുറേകാലം ജീവിച്ചിരുന്ന മറിയത്തിന്റെ തോന്ന്യാസങ്ങൾ ബഹദൂർഷായുടെ വ്യളയത്തിൽ തീപ്പിടിപ്പിച്ചിരുന്നു. അവൾ ഇറങ്ങിപ്പോയതു് അദ്ദേഹത്തിനു തീരെ രസിച്ചില്ല. അവജ്ഞയോടെ ആരോടെന്നില്ലാതെ അദ്ദേഹം പറയുന്നുണ്ടായിരുന്നു. "ശപിക്കപ്പെട്ട ക്രൂരാണീ പറങ്കികൾ. അവരിങ്ങനെ വെളുത്തിരിക്കുന്നതു് വെള്ളപ്പാണ്ടുകൊണ്ടായിരിക്കണം. ഈ മഹാവ്യാധിയേയും വ്യാധിക്കാരേയും ഗുജറാത്തിൽനിന്നും തുടച്ചുനീക്കേണ്ട കടമ നമുക്കുണ്ടു്."

അതൊന്നും കേൾക്കാത്തഭാവത്തിൽ, അദ്ദേഹം നില്ക്കുന്ന മുറിയിലേക്കു് കടന്നുവന്ന മറിയം ചെറുതായി മന്ദഹസിക്കുന്നുണ്ടായിരുന്നു. വെറും കൃത്രിമനിറഞ്ഞ മന്ദഹാസം. എന്നാൽ ബഹദൂർഷായുടെ ഭാവഭേദം അവളിൽ ഭീതിയുളവാക്കി. പെട്ടെന്നവൾ തന്റെ സ്വഭാവം ഒന്നു

മാററി. ചെറിയ ഒരു ബാലികയെപ്പോലെ കൊഞ്ചിക്കുഴഞ്ഞുംകൊണ്ട് സുൽത്താന്റെ അടുത്തുചെന്നിരുന്നു. എന്നിട്ട് പരിഭവം കലർന്ന സ്വരത്തിൽ ചോദിച്ചു. "സുന്ദരിയായ പത്നിക്കു കോപം ജനിച്ചാൽ അവളെ സാന്ത്വനപ്പെടുത്തേണ്ട കടമ ഭർത്താക്കന്മാർക്കുള്ളതല്ലേ? അതിനാകുടിയുള്ള സന്മനസ്സ് അങ്ങുക്കുണ്ടായില്ലല്ലൊ? അതാണതിശയം." എന്നുപറഞ്ഞിട്ട് തേങ്ങിത്തേങ്ങി കരഞ്ഞുതുടങ്ങി. അവളുടെ നയങ്ങളിൽനിന്നു കുത്തിയൊഴുകിക്കൊണ്ടിരുന്ന കൊച്ചരുവി ബഹദൂർഷായുടെ ഹൃദയത്തിനു അലിവുണ്ടാക്കി. അവളെ വാരിയെടുത്തയാഠം തെരു തെരെ ചുംബിച്ചു. മുദ്രാവാക്യങ്ങളം മുഴക്കിക്കൊണ്ടിരിക്കുന്ന ജനങ്ങളം അങ്ങനെതന്നെ നിൽക്കയാണ്. ആ കന്യകയുടെ വിഷം ബഹദൂർഷായുടെ രക്തത്തിൽ ലയിക്കയാണ്. ഏതാനും നിമിഷങ്ങൾക്കുശേഷം ഗുജറാത്തി കുതിരപ്പട്ടാളത്തിൽനിന്നു വലിയ ഒരു വിഭാഗം കോട്ട കവാടത്തിൽ പ്രത്യക്ഷമായി യാതൊരു ഭാക്ഷിണ്യവും ക്രൂടാതെ അവരാ ജനാവലിയുടെ മേൽ ചാടിവീണു നിർദ്ദയം മർദ്ദിച്ചു. അവരുടെ മർദ്ദനം അസഹ്യമായതോടെ ആ ജനാവലി നാലുഭാഗത്തേക്കും ഓടിത്തുടങ്ങി; ജീവരക്ഷക്കുവേണ്ടി.

4

ഏതാനും ദിവസത്തിനുശേഷം ഹുമയൂൺ സൈന്യങ്ങളോടുകൂടി ഗുജറാത്തിൽ എത്തി. മുഗഠംചക്രവത്തി ഗുജറാത്തിനെ വിഴുങ്ങുവാൻ പോവുന്ന കഥ ബഹദൂർഷാ മനസ്സിലാക്കിയില്ല. ആ പറങ്കിപ്പെണ്ണിന്റെ ലഹരിയിൽ ലയിച്ചു വെറും മദോന്മത്തനായി കഴിയുകയാണദ്ദേഹം

ബഹദൂർഷായുടെ തോന്ന്യാസങ്ങളും, പോർത്തുഗീസുകാരുടെ കടന്ന കൈകളുംകൂടി ഗുജറാത്ത് ജനതയെ രോഷാകുലരാക്കിച്ചമച്ചിരുന്നു. ഭരണകൂടത്തെ തല്ലിത്തകർക്കുവാൻ സന്നദ്ധരായിരിക്കയാണ് ആ ജനത. അങ്ങിനെ ആ ജനതയിൽ ഭൂരിഭാഗവും ഹുമയൂണിനെ സഹായിക്കാൻ സന്നദ്ധരായികഴിഞ്ഞിരുന്നു. ഇനി ഗുജറാത്ത് ഭടന്മാരുടെ സ്ഥിതിയോ? അവരും ഭരണകൂട വൈരികളായിരിക്കയാണ്. മുഗൾഭടന്മാർ ഗുജറാത്തിനെ ആക്രമിച്ചു കീഴടക്കിയിരിക്കുന്നു എന്ന വാർത്ത കേട്ടാണ് ബഹദൂർഷാ ഉണർന്നത്. താമസം വിനാ ചെറിയ ഒരു ഏറുമുട്ടലുണ്ടായി. സമയം വൈകിയിരുന്നതുകൊണ്ടു മുഗൾപടയൊഴുക്കിനെ ചെറുത്തു നിൽക്കുവാൻ ബഹദൂർഷാക്ക് സാധിക്കാതെ പോയി. ചുരുക്കിപ്പറഞ്ഞാൽ ഗുജറാത്തിന്റെ ഭൂരിഭാഗവും ഹുമയൂണിനു അധീനമായി ബഹദൂർഷാ പരാജിതനായി പലായനം ചെയ്തുതുടങ്ങി. തന്റെ പ്രേയസി മറിയത്തിനേയുംകൂട്ടി പോർത്തുഗീസ് താവളത്തിലേക്കാണദ്ദേഹം ഓടിയത്. അവർ ഗുജറാത്തിനെ ഉപേക്ഷിച്ചു ദിയുവിനെ അഭയം പ്രാപിച്ചു.

മറിയത്തിനുവേണ്ടിയാണ് ഗുജറാത്ത് വിട്ടുവാൻ അദ്ദേഹം നിർബ്ബന്ധിതനായത്. എന്നാൽ ദിയുവിൽ ചെന്നതോടെ ആ കന്യകയുടെ സ്വഭാവം ആകെ മാറി. അദ്ദേഹത്തോട് വല്ലാത്ത അവജ്ഞ കാട്ടിത്തുടങ്ങി. അവർ തന്നെയുമല്ല, പോർത്തുഗീസുകാരുടെ ബദ്ധവൈരിയാണദ്ദേഹമെന്നും അതുകൊണ്ട് ഉടൻതന്നെ അദ്ദേഹത്തെ ബന്ധനത്തിൽ താമസിപ്പിക്കണമെന്നും അവിടത്തെ അധികൃതന്മാരോട് ഉപദേശിക്കയും ചെയ്തു. അങ്ങിനെ അദ്ദേഹം ബന്ധനസ്ഥനായി.

അദ്ദേഹം ബന്ധനത്തിൽ താമസിക്കുന്ന അവസരത്തിൽ ഒരു ദിവസം അവളുവിടെ ചെല്ലുകയുണ്ടായി. എന്നിട്ട് അതീവഹാസ്യമായി ചോദിച്ചു. "ബഹദൂർഷാ! ഞങ്ങളൊക്കെ വളരെ നികൃഷ്ടന്മാരാണ് എന്ന ഒരവസരത്തിൽ നിങ്ങളം പറയുകയുണ്ടായല്ലോ ആ ദിവസം നിങ്ങളുടെ സ്മരണയിൽനിന്നു മാഞ്ഞുപോയോ?"

"ഇല്ല എനിക്കു ഓർമ്മക്കുറവൊന്നുംഇല്ല. പോർത്തുഗീസുകാർ നീചന്മാരാണെന്നുമാത്രമേ ഞാൻ അന്നു പറഞ്ഞിട്ടുള്ളു. അവർ മഹാ നിന്ദ്യന്മാരും ക്രൂടിയാണെന്നു എനിക്കിപ്പോളം ഉറപ്പായിരിക്കുന്നു." ബഹദൂർഷാ തീർത്തു പറഞ്ഞു.

"നിങ്ങളംക്കവരോടിത്ര അവജ്ഞതോന്നാൻ കാരണം.....?" മറിയം ആരാഞ്ഞു.

"ഞാൻ ചെയ്തുകൊടുത്ത സഹായ സഹകരണങ്ങളം ക്ക് ശരിയായ പ്രതിഫലം ഇന്നെനിക്കു കിട്ടിക്കൊണ്ടിരിക്കുന്നുണ്ടല്ലോ. അതുകൊണ്ടുതന്നെ".

മറിയം ഒന്നു പൊട്ടിച്ചിരിച്ചു. വെറും പൈശാചികമായ ചിരി. എന്നിട്ടവൾ തുടർന്നു.

ഞങ്ങളം വെറും കച്ചവടക്കാരാണ്. കച്ചവടം ചെയ്യുകയല്ലാതെ മറ്റു തൊഴിലുകളൊന്നും ഞങ്ങളംക്കറിയില്ല. ഗുജറാത്തു സുൽത്താൻ ബഹദൂർഷായെത്തന്നെ വിലക്കു വാങ്ങിയിരിക്കയാണ് ഞങ്ങളിപ്പോളം. ഇനി അദ്ദേഹത്തിന്റെ തലവിറ്റു പണമാക്കണം. അതു ഹുമയൂൺ ചക്രവർത്തിയുടെ ദർബാറിൽകൊണ്ടുചെന്നു കൊടുത്താൽ നല്ല വില കിട്ടാതിരിക്കില്ല. അങ്ങനെയുംക്രൂടി ഒരു കച്ചവടം

നടത്തിയാൽ പിന്നെ ഞങ്ങൾക്കു തൃപ്തിയായി. ഗുജറാത്തു സുൽത്താനായ താങ്കൾക്കെന്തു തോന്നുന്നു?" ഹാസ്യഭാവത്തിലാണ് അവൾ ചോദിച്ചത്.

നിമിഷങ്ങൾ ചിലതുകഴിഞ്ഞു. ആയുധധാരികളായ ഏതാനും പറങ്കി ഭടന്മാർ അവിടെ കടന്നുവന്നു. മിന്നിതിളങ്ങുന്ന ഖഡ്ഗങ്ങൾ ഊരിപ്പിടിച്ചുംകൊണ്ടാണ് അവർ അവിടെ കടന്നുവന്നത്. അവർ അകത്തുവന്നശേഷം ആ വഞ്ചകി ചോദിച്ചു. "നിങ്ങൾക്കിനി ഈ ലോകത്തു എന്തെങ്കിലും ആഗ്രഹമുണ്ടെങ്കിൽ പറയാം. അതിനുള്ള സമയമാണിത്."

അവജ്ഞയോടെ അവളെ ഒന്നു നോക്കീട്ടു അദ്ദേഹം പ്രതി വചിച്ചു. ഈ നാട്ടിലെ ജനങ്ങൾ എന്റെ ശബ്ദം കേൾക്കുന്നുണ്ടെങ്കിൽ എനിക്കവരോട് രണ്ടു വാക്കു പറയാനുണ്ട്. അതെ, ഇന്ത്യയിൽ വന്നുകൂടിയിരിക്കുന്നോ ഈ പറങ്കിപ്പരിഷകളെ ഇവിടെനിന്നു ആട്ടിയോടിക്കുവാൻ അവരുടെതായ സർവ്വ കഴിവുകളും വിനിയോഗിക്കണമെന്നുമാത്രം."

ബഹദൂർഷായുടെ അന്ത്യവാചകം അന്തരീക്ഷത്തിൽ ലയിച്ചു. ഹുമയൂണിനെ പ്രീതിപ്പെടുത്തുവാനും അദ്ദേഹത്തിൽനിന്നു വാണിജ്യപരമായ ആനുകൂല്യങ്ങൾ കൈവരുത്തുവാനുംവേണ്ടി ഗുജറാത്ത് സുൽത്താനായ ബഹദൂർഷായുടെ ശിരസ്സ് ഉടലിൽനിന്നു വേർപെടുത്തപ്പെട്ടു. പോർത്തുഗീസുകാക്ക് വേണ്ടി തന്റെതായേ സർവ്വസ്വവും പരിത്യജിച്ച ബഹദൂർഷായുടെ ശിരസ്സുംകൂടി ആ ദുഷ്ടന്മാർ എടുത്തുവിറ്റു. അതാണ് ആ പറങ്കി കന്യക ചെയ്തുപണി. പറങ്കികളുടെയും നയം അതുതന്നെ ആയിരുന്നിരിക്കണം.....ആയിരുന്നു.

സഫീരിയാ രാജ്ഞി.

നിശയുടെ ശ്രുക്ഷമായ കരിമ്പട പുതപ്പു ലോകത്തെയാകമാനം മൂടി പുതപ്പിച്ചിരിക്കയാണ്. അന്നത്തെ നിശക്കു അനന്യ സഹജമായ ഭീകരതയുണ്ടായിരുന്നു. യമൻ ഭരണകർത്തിയായ സഫീരിയാ രാജ്ഞി അവരുടെ പള്ളിയറയിൽ നിദ്രയിലാണ്ടു കിടക്കയാണ്. ബോധമറ്റ നിദ്ര! യുവതിയും സൗന്ദര്യനിധിയുമായ അവർ ഉറങ്ങുകയാണെങ്കിൽക്രൂടി ആ വദനത്തിന്റെ സുന്ദരതക്കു മാറ്റുക്രൂടിക്രൂടി വരുന്നതായി തോന്നിയിരുന്നു. അങ്ങനെ ശയനം കൊള്ളുന്ന അവളെ കണ്ടാൽതോന്നും, സൗന്ദര്യ ദേവി സഫീരിയായുടെ ശ്രുപത്തിൽവന്ന് ആ മഞ്ചത്തിൽ ശയിക്കയാണെന്ന്. അത്രക്കുണ്ടാ യുവതീമണിയുടെ ശ്രുപലാവണ്യം.

കവാടത്തിൽ ദാസിജനങ്ങളം കാവലുണ്ട്. നിദ്രാധീനയായ രാജ്ഞിയെ കാത്തുംകൊണ്ടു നില്ക്കയാണവരുടെ ജോലി. രാജ്ഞിയുടെ നിദ്രക്കു ഭംഗം വരാതെ സൂക്ഷിച്ചും കൊണ്ട് അവർ സംസാരത്തിൽ ഏർപ്പെട്ടിരിക്കയാണ്. ഗൗരവതരമായ ഏതോ വിഷയമാണ് അവരുടെ ചർച്ചാ വിഷയം. ദാസീഗണങ്ങളുടെ വദനങ്ങളം വിവർണ്ണമായികൊണ്ടിരുന്നു. ആസന്നമായിരിക്കുന്ന ഏതോ ഒരു വിപത്തിനെ സംബന്ധിച്ചാണ് അവർ സംസാരിച്ചിരുന്നതെന്ന് അവരുടെ മുഖത്തു പ്രകടമായികണ്ട പാരവശ്യം വിളിച്ചോതുന്നുണ്ടായിരുന്നു. എന്തിനെ സംബന്ധിച്ചാണവർ സംസാരിക്കുന്നത്.....? യമൻ ഭരണക്രൂടത്തിന്റെ കുല

വൈരിയായ ഇംറാൻ തുടങ്ങിയിരിക്കുന്ന നിശാസമരത്തിന്റെ ഭീകരതയാണ്. യമൻ ജനതയുടെ സംസാര വിഷയം മറെറാന്നുമല്ല.

യങ്ഫൂരികളുടെ നേതാവാണ് ഇംറാൻ. യമൻജനത നിദ്രയിലാണ്ടിരിക്കുന്ന തക്കം നോക്കി ഒരാക്രമണത്തിനു സന്നദ്ധനായി വന്നിരിക്കയാണയാൾ. വന്നതുമാത്രമല്ല, അന്ധകാരനിബിഡമായ അന്നത്തെ കാളരാത്രി നല്ല ഒരു അവസരമായി ഗണിച്ചുംകൊണ്ട് തന്റെ സവ്വ കഴിവുകളും ഉപയോഗിച്ചു യമൻ പട്ടണത്തെ ആക്രമിച്ചു തുടങ്ങി കഴിഞ്ഞു. രാത്രിയുടെ പകുതികഴിഞ്ഞതിനുശേഷമാണ് പ്രസ്തുത വാത്ത യമൻ ജനത അറിഞ്ഞത്. അതുവരെ അവർ നിദ്രക്കധീനരായിരുന്നു. കൊള്ളയുടെയും കൊലയുടെയും കോലാഹലങ്ങൾ കേട്ടാണ് ആ പട്ടണ വാസികൾ ഉണർന്നത്. അല്പസമയത്തിനുള്ളിൽ ആ വാർത്ത യമനിലാകെ പടർന്നുപിടിച്ചു. ഏതാണ്ടൊരു കാട്ടുതീ കണക്കേ ഭയ വിഹ്വലരായി ഞെട്ടിയുണർന്ന ജനസഞ്ചയം എങ്ങോട്ടെന്നില്ലാതെ ഓടുകയാണ്. അല്ലാതാ പാവങ്ങൾ എന്തുചെയ്യും?

യങ്ഫൂരികളുടെ സൈന്യശക്തി അനന്യസാധാരണമായിരുന്നു. യമൻ പരിസരങ്ങളിൽ അവരുടെ ആക്രമണം തുടങ്ങീട്ട ദിവസങ്ങൾ ചിലതു കഴിഞ്ഞു. കാലെടുത്തുകുത്തുന്ന സ്ഥലമെല്ലാം സ്വാധീനമാക്കികൊണ്ടാണ് യമനിലേക്ക് കടന്നത്. അയൽ രാജ്യങ്ങളിൽ നടന്ന ഭീകരസംഭവങ്ങളുടെ ഏതാണ്ടൊരു വിവരം യമൻ ജനതക്കു കിട്ടീട്ടുണ്ട്. അതാണാസാധുക്കൾ യങ്ഫൂരികളെ ഇത്രകണ്ടു ഭയപ്പെട്ടുവാൻ കാരണം.

യമൻ പട്ടണം വിഭ്രാന്തിയുടെ പുത്ത രംഗമായിമാറിയിരിക്കയാണ്. കഴുകൻമരച്ചുവട്ടിൽ തൂക്കികൊല്ലുവാൻ കൊണ്ടുചെന്ന നിത്തിയിരിക്കുന്ന കൊലപുള്ളിയുടെ സ്ഥിതിയാണ് യമൻ ജനതയിലെ ഓരോ വ്യക്തിയുടെയും ഹൃദയത്തിനുള്ളത്. യങ്ങ്ഫൂരി പ്രവാഹത്തെ തടയുവാൻ നിയുക്തരായ യമൻസേന ആക്രമണ പ്രദേശത്തെ ലക്ഷ്യമാക്കി പായുകയാണു്. കുതിരക്കുളമ്പടിയുടെ ധ്വനിയും. ഭടന്മാരുടെ ആയുധങ്ങൾ കൂട്ടിമുട്ടുന്നതിന്റെ കലകലാരവവും, ഒന്നു ചേർന്നു യമൻ അന്തരീക്ഷത്തെ ശബ്ദായമാനമാക്കി ചമച്ചിരുന്നു. പ്രസ്തുത ശബ്ദകോലാഹലങ്ങൾ കേട്ടാൽ തോന്നും യമൻ നിവാസികളാകമാനം പടക്കളത്തിലേക്കു പുറപ്പെട്ടിരിക്കയാണോ എന്ന്.

കാവൽ ഭടന്മാർ ജാഗ്രതയോടെ കൊട്ടാരം വളഞ്ഞു നില്ക്കുന്നുണ്ട്. എന്തുതന്നെ വന്നാലും കൊട്ടാരം ശത്രുക്കൾക്ക് അധീനമാവരുതല്ലോ. എന്തിനും തയ്യാറായി നില്ക്കുയാണാസന്നാധസേന. കൊട്ടാരത്തിലെ ഡർബാർ മന്ദിരം ജനനിബിഡമായി കഴിഞ്ഞു. മന്ത്രിമാർ, പ്രഭുക്കൾ, ഉദ്യോഗസ്ഥ പ്രമുഖന്മാർ എന്നുവേണ്ട പലരും ഉണ്ടവിടെ. യമൻ രാജ്യം വലിയ ഒരു വിപത്തിന്റെ വായയിൽ കുടുങ്ങിയിരിക്കയാണ്. അതിൽനിന്നു രക്ഷനേടുവാൻ വഴിയുണ്ടോ എന്നാലോചിക്കയാണവർ. എന്നാൽ രാജ്ഞി സഫീരിയായോ, അവിടെ നടക്കുന്ന ഭ്രകമ്പങ്ങളൊന്നും അറിയാതെ നിശയുടെ മടിത്തട്ടിൽ സുഖനിദ്ര കൊള്ളുകയാണു്. ചെറിയ ഒരു കുഞ്ഞു പുത്രവത്സലയായ മാതാവിന്റെ മടിത്തട്ടിൽ നിർഭയം ഉറങ്ങുന്നതുപോലെ. സഫീരിയാ ഒരു യുവതിയാണു്. നിറഞ്ഞയൌവനം. യുവത്വം

നിറഞ്ഞ തരുണീ രത്നങ്ങളുടെ നിദ്രക്കും ഒരു പ്രത്യേകത യുണ്ടല്ലോ.

യമൻ ഭരണക്രൂടം തീരെ ബലഹീനമല്ല. വേണ്ടതിൽ ഒട്ടും കുറവല്ല അവരുടെ സൈനികശക്തി. യഅ്ഫൂരി ആക്രമണത്തെ ചെറുത്തു നില്ക്കുവാനുള്ള ഏതാണ്ടൊരു കഴിവ് അവക്കും ഉണ്ട്. എന്നാൽ ഇന്നത്തെ യഅ്ഫൂരി ആക്രമണം നിശയുടെ കൊടുമയിൽ അവിചാരിതമായിട്ടാണുണ്ടായത്. അതാണ് അതിനെ പ്രതിരോധിക്കുവാൻ യമൻ ഭടന്മാക്ക് സാധിക്കാതെ പോയത് പൊടുന്നനവേയാണല്ലോ ആ ആക്രമണം ഉണ്ടായത്. യമൻ അതിർത്തിയിൽ കാലെടുത്തു കുത്തിയ യഅ്ഫൂരികൾക്ക് അനായാസേന അകത്തു കടക്കുവാൻകഴിഞ്ഞു. നിർബ്ബാധം യമൻ മുഴുവനും അവക്കധീനമായി. യമൻ ഭരണക്രൂടം പരാജയം വരിച്ചിരിക്കയാണ്. അവിടുത്തെ രമ്യഹർമ്മ്യങ്ങളിൽ പലതും വെറും വയ്ക്കോൽ പുര കണക്കെ കത്തിയെരിഞ്ഞുതുടങ്ങി. പാതകൾ കട്ടപിടിച്ച മനുഷ്യ രക്തം കൊണ്ടു നിറഞ്ഞുകിടക്കുന്നു. മൃതദേഹത്തിൽനിന്നും മനുഷ്യ രക്തത്തിൽനിന്നും വമിക്കുന്ന ദുർഗ്ഗന്ധം യമൻ അന്തരീക്ഷത്തിൽ പററിപിടിച്ചു നില്ക്കുയാണ്. സമര മുഖത്തുവെച്ചു മരണമടഞ്ഞ മനുഷ്യദേഹങ്ങൾ കേൾപോരും കേൾവിയുമില്ലാതെ അങ്ങുമിങ്ങുമായി അടിഞ്ഞുകൂടി കിടന്നിരുന്നു. മനുഷ്യാവശിഷ്ടങ്ങളും കട്ടപിടിച്ച രക്തവുമല്ലാതെ മറെറാന്നും ആ പാതകളിൽ കാണുവാനില്ല.

യഅ്ഫൂരികളുടെ കുതിച്ചു കയററം മുമ്പോട്ട് നീങ്ങി നീങ്ങി കോട്ടക്കുപുറത്തെത്തികഴിഞ്ഞു. ഇനി അവരെ തടുത്തുനിർത്തുക അസാദ്ധ്യമെന്ന് തീർച്ചയായികഴിഞ്ഞു.

പരിതസ്ഥിതികവും ആപൽസൂചകമാണെന്നുകണ്ട യമൻ സവ്വ് സൈന്യാധിപൻ ഇബ്നറിയാള് വെകിളി പിടിച്ചതുപോലെ പള്ളിയറയിലേക്ക് ഓടി. ആ അസമയത്തുണ്ടായ സവ്വസേനാനിയുടെ ആഗമനം പള്ളിയറ കാവൽക്കാരികളായ വനിതാ പട്ടാളത്തെ സംഭ്രാന്ത ചിത്തരാക്കി ചമച്ചു. എന്തോ അത്യാപത്തിൻെറ മുന്നറിയിപ്പുംകൊണ്ടാണു് അദ്ദേഹം വന്നിരിക്കുന്നതെന്നു് ആ വനിതാ സൈന്യങ്ങം ഊഹിച്ചു. അദ്ദേഹത്തിൻെറ ആജ്ഞ എന്താണെന്നറിയുവാൻ വെമ്പൽകൊള്ളുന്ന അവർ ആദരവുഭാവിച്ചു തലതാഴ്ത്തിനിന്നു. അദ്ദേഹം അവരോടാജ്ഞാപിച്ചു. "ശത്രുസേന കൊട്ടാരത്തിൽ കടക്കുമെന്നാണതോന്നുന്നത്. രാജ്ഞിയെ പള്ളികുറുപ്പണത്തി വിവരം അറിയിക്കണം." ഇത്രയും പറഞ്ഞിട്ട് ഇബ്നറിയാള് ഇറങ്ങിനടന്നു. നിന്നു സംസാരിക്കുവാൻപോലും ആരണശൂരനു അവസരമില്ല. സൈന്യാധിപനെ യാത്ര അയച്ചുകൊണ്ടു വനിതാ പട്ടാളം അഭിവാദ്യം ചെയ്തു.

ഇബ്നറിയാള് പുറത്തേക്കുപോയ ഉടനെ വനിതാ പട്ടാളത്തിൽനിന്നു ചിലർ പള്ളിയറയിൽകടന്നു. രാജ്ഞി ശയനംകൊള്ളുന്ന മഞ്ചത്തിനടുത്തുചെന്നുനിന്നുകൊണ്ടു് യമൻ രാജാക്കന്മാരെ സ്തുതിക്കുന്ന ഒരു കീർത്തനം ആലാപിച്ചുതുടങ്ങി. കണ്ണാനന്ദകരമായ ഒരു ഗാനമാണത്. യമൻ രാജാക്കന്മാരെ ഉണത്തുന്നത് അങ്ങനെയാണ്.

ഗാനസംകീർത്തനത്തിൻെറ കണ്ണാനന്ദകരമായ ശബ്ദധോരണി നിദ്രക്കധീനയായിരുന്ന രാജ്ഞിയെ ഉണർത്തി. ആ നയനങ്ങളിൽ നേരിയ ചുകപ്പു കാണപ്പെട്ടിരുന്നു. അവളുടെ നിദ്ര ഇനിയും പൂർത്തിയായിട്ടില്ലെന്നു വി

ളിച്ചോതുകയാണ് ചുവപ്പ്. നിദ്രാഭംഗം വന്ന രാജ്ഞി ഉറക്കപിച്ചോടെ എഴുനേറ്റിരുന്നു. എന്നിട്ട് വിളിച്ചുണർത്തിയ ദാസിയുടെ മുഖത്തേക്കു നോക്കി. ഉൽക്കണ്ഠ ഭരിതമായ ആ വീക്ഷണത്തിൽ ഒരു ചോദ്യം ലീനമായികിടന്നിരുന്നു. തന്നെ വിളിച്ചുണർത്തിയതിന്റെ കാരണം ചോദിക്കുംപോലെ. അവരിൽനിന്നു ദാസി ആദരപൂർവ്വം എഴുനേറ്റു നിന്നു. എന്നിട്ട്, യൂറോപ്പിലെ ആക്രമണത്തിന്റെ ഏതാണ്ടൊരു ചരിത്രം വിശദമായി വിവരിച്ചു. രാജ്ഞി അതെല്ലാം ശ്രദ്ധിച്ചു ശ്രവിച്ചു.

ദാസിയുടെ വിശദീകരണം കേട്ടുകൊണ്ടിരുന്ന രാജ്ഞിക്കുതോന്നി ഈ സമയത്തിനുമുമ്പ്വരേ കഴിഞ്ഞ തന്റെ ജീവിത സുഖങ്ങളെല്ലാം വെറും ഒരു സ്വപ്നം മാത്രമായിരുന്നുവോ എന്ന്. അല്ലൽ എന്താണെന്നറിയാതെയാണ് താനിതുവരെ ജീവിച്ചത്. ആ ജീവിതത്തിന്റെ പര്യവസാനം ഏതു വിധത്തിലാവാനാണ് ഭാവിക്കുന്നതെന്ന് അവൾ ഊഹിച്ചു. കഴിഞ്ഞ രാത്രിയിൽ ഉറങ്ങുവാൻ കിടന്നപ്പോൾ താൻ ഒരു രാജ്ഞിയായിരുന്നു. യമൻ ഭരണക്രമം തനിക്കധീനമായിരുന്നു. എന്തിനും അധികാരം ഉണ്ടായിരുന്നു. എന്നാൽ ഉണർന്നതോ, വെറും ഒരു തടവുപുള്ളിയായിട്ട്. തന്റെ പിതാക്കൾ മുതൽ ഇതുവരെ കഴിഞ്ഞ എല്ലാവരും ഈ കൊട്ടാരത്തിൽ ജനിച്ചു വളർന്നു. താനും അവരേപോലെ ഇവിടെതന്നെ ജനിച്ചു. ഇത്രയും കാലം എല്ലാവിധ സുഖ സൗകര്യങ്ങളോടുംകൂടി ജീവിച്ചു. എന്നാൽ ഇന്ന് ഈ കൊട്ടാരത്തിൽതന്നെ താനൊരു തടവുകാരിയായി തീർന്നിരിക്കയാണു്. തനിക്കേറ്റവും പ്രിയം തരമായ ഈ കൊട്ടാരവും, ഇതിനെ കാത്തു

രക്ഷിച്ചുംകൊണ്ടു് തലയെടുപ്പോടുകൂടി നിൽക്കുന്ന കോട്ട യും എല്ലാം യഅ്ഫൂരികൾക്കു സ്വാധീനമായികഴിഞ്ഞു. യഅ്ഫൂരികളുടെ വമ്പിച്ച സൈന്യം കോട്ടയേ വളഞ്ഞു കിടക്കയാണു്. ഏവം വിധങ്ങളായ ചിന്തകൾ ഹൃദയ ത്തിൽ ഉയന്നതോടെ ആ തരുണീമണിയുടെ സുന്ദരവദ നം വിവർണ്ണമായി. ഭാവിയുടെ ഭയാനകതയെ ഓർത്തു വിഷ മിക്കയാണവൾ. ചിന്താ സാഗരത്തിൽ ആണ്ടു അല്പ സമ യം അങ്ങനെയിരുന്നിട്ടു് പെട്ടെന്നു ചാടിയെഴുനേറ്റു. എ ന്തോ ഒരു പോംവഴി കണ്ടെത്തിയതുപോലെ.

2

രാജ കൊട്ടാരത്തിന്റെ കവാടത്തിൽ അശ്വാരൂഢ യായ സഹീരിയ ഒരു യുധിഷ്ഠിരയുവാവിനെപോലെ അങ്ങനെ നിൽപ്പുയാണു്. അവളുടെ വദനം ഗൗരവം കലർന്ന ശ്രുക്ഷതയുടെ പ്രതിഫലനമുളവാക്കിയിരുന്നു. എന്നാൽ അതുകൊണ്ടും ആ സുന്ദര വദനത്തിന്റെ ലാവണ്യത്തിനു മാറ്റുകുടി കുടിവരികയാണുണ്ടായത്. യുവതികൾ പുരു ഷ വേഷം ധരിച്ചു വേഷ പ്രഛന്നരായി പ്രത്യക്ഷപെട്ടാൽ അതിനും ഒരു അഭികാമ്യതയുണ്ടാവുമല്ലോ. ഒരു യുധിഷ്ഠ രനെപോലെ വൈരിയോടു പൊരുതി വീര്യ സ്പർദ്ധം വരിക്കുവാൻ വെമ്പൽകൊള്ളുകയാണാലലനാമണിയുടെ ഹൃദയം. അങ്ങനെയൊരു അന്ത്യതീരുമാനത്തിലാണു് അവൾ എത്തിയിരിക്കുന്നത്. അപമാനത്തോടുകൂടിയു ള്ള ജീവിതത്തെ അപേക്ഷിച്ചു എത്രയും മെച്ചമാണല്ലോ അഭിമാനത്തോടുകൂടിയുള്ള മരണം. പ്രസ്തുത തത്വമാണു് അവൾ കണ്ടെത്തിയിരിക്കുന്നത്.

രാജ്ഞി കൊട്ടാരം വെറും മൂകതയുടെ ഭീതി രംഗമായി മാറിയിരിക്കയാണ്. ദാസീഗണങ്ങളുടെ രോദനങ്ങളും ദീന സ്വരങ്ങളും ഇടക്കിടെ കേൾക്കുന്നുണ്ട്. യജമാന സ്നേഹമുള്ള അവരുടെ ഹൃദയങ്ങൾ വ്യസനംകൊണ്ട് ഉരുകി താഴുകയാണ്. കദനഭാരം അസഹ്യമായിതീർന്നിരിക്കയാണവർക്ക്. മന്ത്രിമാരും പ്രധാന ഉദ്യോഗസ്ഥന്മാരും രജ്ഞിയുടെ ആ സാഹസത്തിൽനിന്നു അവരെ പിന്തിരിപ്പിക്കുവാൻ ശ്രമം ചെയ്യുകയാണ്. എന്നാൽ ശാഠ്യ ബുദ്ധിയും ദുഷ്ട ചിത്തയുമായ ഒരു യുവതിയെ അവളുടെ നിഗ്രഹാശയത്തിൽനിന്നു പിന്തിരിപ്പിക്കുവാൻ ക്ഷിപ്രസാദ്ധ്യമല്ലല്ലോ. അവളുടെ ആന്തരീകാഭിലാഷം സാദ്ധ്യതയിൽ എത്തിതന്നെ തീരണം. തന്റെ അഭിലാഷസിദ്ധിക്കു വേണ്ടി ഏതു ത്യാഗത്തിനും സന്നദ്ധരാവുന്ന സ്വഭാവക്കാരാണ് അവർ. അതിനു മാറ്റം വരുത്തുവാൻ ഒരു ശക്തിക്കും ആവതില്ല. അതുവെറും ലോകനീതിമാത്രമാണ്.

സുവ്വ് സൈന്യാധിപനായ ഇബ്നുറിയാള് ഭയാക്രാന്തനായി ഓടിക്കിതച്ച് എത്തീട്ടുണ്ട്. അസ്വസ്ഥ ഹൃദയനായ അയാൾ കിംകർത്തവ്യതാ മൂഢനായി രാജ്ഞിയുടെ മുമ്പിൽവന്നുനിന്നു. എന്നിട്ട് ഭക്തിബഹുമാനങ്ങളോടെ അറിയിച്ചു— "മഹാ രാജ്ഞി! സാഹസത്തിനൊന്നും തുനിയരുതേ! ജീവൻ അപായം നേരിടാതെ സൂക്ഷിക്കാനുള്ള അവസരമാണിത്. ഈ സമയം പാഴാക്കാതെ തുരങ്കവഴി കോട്ടക്കു പുറത്തുപോയി രക്ഷപ്പെടുകയാണ് ഉത്തമം. അതാണ് ഭവതിയോടെനിക്കു പറയുവാനുള്ളത്. വെറും ഒരു യുവതിയായ ഭവതി രണാങ്കണവുമായി യാതൊരു ബന്ധവും ഇതുവരെ കൈ വരുത്തീട്ടില്ല. പിന്നെ

പടക്കളത്തിൽ ഇറങ്ങി പൊരുതുവാൻ പരിചയിച്ചിട്ടില്ല. അടക്കളത്തിലെ നിട്ടാക്ഷിണ്യ കൃത്യങ്ങളിൽപെട്ട ജീവാപായം വരുത്താതിരിക്കണമെന്ന മാത്രമാണ് ഭവതിയോട് എനിക്കുള്ള അപേക്ഷ."

സുഷ്മ സൈന്യാധിപന്റെ ഉപദേശം ശ്രവിച്ച രാജ്ഞി ഹാസ്യമായി ഒന്നു പുഞ്ചിരിച്ചു. എന്നിട്ട് പ്രതിവചിച്ചു:— "ഇബ്നറിയാളെ! യമൻ സൈന്യങ്ങളുടെ കടിഞ്ഞാൺ പിടിക്കുന്ന നിങ്ങളാണോ ഇങ്ങനെയൊക്കെ പറയുന്നത്?" രാജ്ഞിയുടെ വദനം ആവേശം കൊണ്ട് ചുവന്നിരുന്നു.— "എന്റെ ജീവനെ ആപൽ കുണ്ടിൽ ചാടിക്കാതെ രക്ഷിക്കണം എന്നു നിങ്ങൾ ഉപദേശിക്കുന്നല്ലോ. അതുകൊണ്ടുണ്ടാവുന്ന പ്രയോജനം? യമൻ ജനതയെ നിഷ്ഠുരന്മാരായ യഅ്ഫൂരികളുടെ ഭയാഭാക്ഷിണ്യങ്ങൾക്കായി വിട്ടുകൊണ്ട് ഞാൻ ജീവിച്ചിരിക്കണം എന്നാണോ പറയുന്നത്? ആയിരക്കണക്കായ പ്രജകളുടെ ജീവഹാനിയെ തൃണവൽ ഗണിച്ചുകൊണ്ട് ഏകാകിനിയായി ഞാൻ രക്ഷപ്പെടുക എന്നത് വെറും ഭീരുത്വമായിട്ടാണ് ഞാൻ കരുതുന്നത്. അങ്ങനെ ഭീരുത്വമാവുന്ന കൃത്യം എന്റെ മേൽ അടിച്ചു കാണാനാണോ നിങ്ങൾ ആശിക്കുന്നത്? അതിനു ഈ സഫീരിയായെ കാക്കേണ്ട. ഞാൻ അതിനു ഒരിക്കലും തയ്യാറാവില്ല, നിശ്ചയം."

രാജ്ഞിയെ പിന്തിരിപ്പിക്കുവാൻവേണ്ടി പല അടവുകളും ഇബ്നറിയാൾ എടുത്തു നോക്കി. അദ്ദേഹം എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. അതൊന്നും വകവെയ്ക്കാതെ രാജ്ഞിയുടെ കുതിര മുമ്പോട്ടുകുതിച്ചു. രണാങ്കണത്തെ ലക്ഷ്യമാക്കിപ്പായുന്ന രാജ്ഞിയെ സംബന്ധി

ച്ചേടത്തോളം യമൻ ജനത ഭഗ്നാശയരായിച്ചമഞ്ഞു. കൊട്ടാരത്തിൽനിന്നു രോദനങ്ങളും ഉയർന്നു. യമൻ അന്തരീക്ഷം ശോകമൂകമായി. കോട്ടകവാടം തുറക്കപ്പെട്ടു. യമൻ ഭടന്മാരുടെ അണികളെ തട്ടി നീക്കികൊണ്ടു രാജ്ഞിയുടെ പടക്കുതിര പോക്കളത്തിലേക്കു ചീറിപാഞ്ഞു. ഒരു നിഴൽ കണക്കെ ഇബ്നരിയാളും ക്രൂടെതന്നെയുണ്ട്. ധീരോദാത്തയും ശാഠ്യബുദ്ധിയുമായ രാജ്ഞിയെ രണാങ്കണത്തിൽ തനിയെ വിട്ടിട്ടുപോവാൻ ആ പുരുഷ കേസരി ധൈര്യപെട്ടില്ല. യജമാന സ്നേഹിയും, അംഗരക്ഷകനും ക്രൂടിയായ അദ്ദേഹം തന്റെ ജീവനെ ബലിയർപ്പിച്ചും രാജ്ഞിയെ രക്ഷിക്കുവാൻ സന്നദ്ധനായി നില്ക്കുയാണു്.

രാജ്ഞിയുടെ രണാങ്കണ പ്രവേശനം ഒരു അത്ഭുത വാർത്തയായിരുന്നു. ആ വാർത്ത കാട്ടുതീ കണക്കെ യമൻ ജനതയിൽ പടർന്നുപിടിച്ചു. അല്പസമയംകൊണ്ടു് യമനിൽ ഒട്ടാകെയും, പിന്നെ യമൻപ്പുരികളിലും രാജ്ഞിയുടെ പടക്കള പ്രവേശന വാർത്ത പരന്നു. യമൻ ജനത അത്യാവേശഭരിതരായി ചമഞ്ഞു. സൈന്യങ്ങളം മാത്രമല്ല യമൻ ജനതതന്നെ പോക്കളത്തിലേക്കു പ്രവഹിച്ചു. പരാജയംകൊണ്ടു നിരാശക്കധീനരായിരുന്ന യമൻ ജനതയിൽ അനന്യ സഹജമായ ധീരതയും നവോന്മേഷവും ഉടലെടുത്തു. രാജ്ഞിയുടെ സാന്നിദ്ധ്യത്തിൽ രണാങ്കണത്തിൽ ഇറങ്ങുവാനും അവിടെ വെച്ചു ജന്മഭൂമിക്കുവേണ്ടി ധീരധീരം പോരാടി, വേണ്ടി വന്നാൽ ജീവൻതന്നെ ബലിയർപ്പിക്കുവാനും അവർ ഉറച്ചു. അതോടെ അവരുടെ ധീരോദാത്തത ശത ഗുണീഭവിച്ചു. ആ ജന സഞ്ചയം മരണത്തെ മാടിവിളിച്ചുതുടങ്ങി. രണാവേശംകൊണ്ടു കലിതുള്ളുന്ന

അവർ പോക്കളത്തിലേക്കു കുതിച്ചുചാടി ഒരു ജന സമുദ്രം കണക്കെ.

മരണഭയം തീണ്ടുകപോലും ചെയ്യാത്ത യമൻ ജനതക്കു കൺമുമ്പിൽ നില്ക്കുന്ന പർവ്വതംപോലും വളരെ ചെറുതായി തോന്നിതുടങ്ങി. വലിയ ഒരു സമുദ്രം കണക്കെ പരന്നു കിടക്കുന്ന യഅ്ഫൂരി ഭടന്മാരെ തൃണവൽഗണിച്ചിരിക്കയാണ് യമൻ ജനത. സഫീരിയാ രാജ്ഞിയുടെ ഖഡ്ഗമാവട്ടെ മിന്നൽ പിണർ കണക്കെ ആകാശത്തിൽ ചുഴന്നുകൊണ്ടിരിക്കയാണു്. യഅ്ഫൂരി ഭടന്മാരുടെ ശിരസ്സുകളം പഞ്ഞിക്കായ പെട്ടിതെറിക്കുന്നതുപോലെ ആകാശത്തിലുയർന്നുനിലംപതിച്ചും കൊണ്ടിരുന്നു.

അധികം താമസിയാതെ യഅ്ഫൂരികൾക്ക് മനസ്സിലായി തങ്ങളുടെ ബലം ഇവിടെ ശോഭിക്കയില്ലെന്നു. തന്റെ സൈന്യങ്ങളം മരിച്ചു വീഴുന്നതുകണ്ട് ഇംറാൻ ചിന്താകുലനായിചമഞ്ഞു. പരാജയം വരിച്ചിരുന്ന യമൻ ജനത ക്ഷണനേരംകൊണ്ടു ആവേശം കൊള്ളുവാനും, പിന്നെ തന്റെ സൈന്യങ്ങളിൽ കുതിച്ചു കയറി അവരെ അരിഞ്ഞു വിഴ്ത്തുവാനും സന്ദർഭായതിൽ എന്തോ രഹസ്യം ഉണ്ടെന്നു് അയാൾക്കുണ്ടു. എന്താണാരഹസ്യമെന്നു് യഅ്ഫൂരി നേതാവ് ചിന്തിച്ചു. രാജ്ഞിയുടെ സാന്നിദ്ധ്യമാണു് അവരേകൊണ്ടിങ്ങനെ പൊരുതിക്കുന്നതെന്നു അയാൾക്കുണ്ടു. യുദ്ധാവശങ്ങളെ തരം തിരിച്ചറിയുവാൻ പ്രത്യേക പ്രാപ്തിയുള്ള ഒരു യോദ്ധാവാണു് ഇംറാൻ. ആദ്യം തന്നെ രാജ്ഞിയുടെ പണി തീർക്കണം. പിന്നെ യമൻ ജനതയെ പിന്തിരിപ്പിക്കുവാൻ അനായാസേന സാധിക്കുമെന്നു് അയാൾക്കുറപ്പായി. അങ്ങനെ രാജ്ഞി

യെ സമീപിക്കുവാൻ ഉറച്ചുകൊണ്ടയാൾ തന്റെ കുതിര യെ മുമ്പോട്ടുനയിച്ചു. രാജ്ഞിയെ വധിച്ചിട്ടില്ലാതെ പി ന്മാറുകയില്ല എന്ന നിശ്ചയോടെയാണയാൾ കുതിച്ചു കയ റുന്നത്. രാജ്ഞി ജീവിച്ചിരിക്കുന്നിടത്തോളം കാലം യമ ൻ പടയേകൊണ്ടു അടിയറവു പറയിക്കുക സാദ്ധ്യമല്ലെ ന്നു അയാൾക്കറിയാം.

നിമിഷങ്ങൾക്കുശേഷം ഇംറാന്റെ കുതിര രാജ്ഞി സഫീരിയായുടെ മുൻപിൽ എത്തി. യമൻ പടയാളിക ളുടെ ശിരസുകളെ ആകാശത്തിലിട്ടമ്മാനമാടികൊണ്ട് അവിടെ എത്തുവാൻ അയാളുടെ ഖഡ്ഗം പണിപെട്ട കയായിരുന്നു. നിരവധി യമൻ ഭടന്മാരുടെ ഐഹീക ജീ വിതത്തിനു പൂർണ്ണവിരാമം ഏകുവാൻ ക്ഷണനേരംകൊണ്ട തിനുകഴിഞ്ഞു. അതിനുവേണ്ടി ഇംറാൻ കാട്ടി ക്കൂട്ടിയ ആയുധപാടവം അനിതര സഹജമായിരുന്നു. ധീരോദാത്ത തയുടെ മൂർത്തിയായ ഏതു യുധിഷ്ഠിരനേയും പുല്ലുപോലെ കണക്കാക്കി ധീരധീരം പൊരുതുന്ന ഒരു പരാക്രമശാലി യാണു് ഇംറാൻ. ആരേയും വിലവെക്കാത്ത രണശൂരൻ! രണാങ്കണം വെറുമൊരു കളിപ്പാടമായിട്ടും രണം വെറു മൊരു കളിയായിട്ടും മാത്രമാണു് അയാൾ കണക്കാക്കി യിരുന്നത്. അങ്ങനെയുള്ള ഇംറാനാണു് സഫീരിയായുടെ മുൻപിൻവന്നു നില്ക്കുന്നതു. അവിടെവന്ന രാജ്ഞിയുടെ മുഖത്തു നോക്കിയതോടെ അയാളുടെ സർവ്വശക്തികളും നശിച്ചു. ഏതോ ഒരു വശ്യശക്തി അയാളെ പിടിച്ചു നിർത്തി. അനന്യ സാധാരണമായ ഒരു ആകർഷണശക്തി രാജ്ഞിയുടെ നയനങ്ങൾക്കുണ്ടായിരുന്നു. ഏതോ ഒരു അ ത്ഭുത കാഴ്ച്ചകണ്ടതുപോലെ അയാൾ അങ്ങനെ സ്തംഭിച്ചു

നിന്നുപോയി. ബലിഷ്ഠങ്ങളായ കരങ്ങൾ തളർന്നുവീണു. രാജ്ഞിയുടെ രൂപലാവണ്യം അയാൾക്കു മയക്കുമരുന്നു കൊടുത്തിരിക്കയാണു്. തന്റെ മനോ ബലത്തിനു അവളുടെ സൗന്ദര്യസമരത്തെ ചെറുത്തു നൽക്കുവാനുള്ള ശക്തിയില്ലാതായിരിക്കയാണു്. രാജ്ഞിയുടെ രൂപകാന്തി ഇംറാനെ അടിപ്പെടുത്തുവാൻ വെമ്പൽപൂണ്ടു സമരം നടത്തുകയാണു്. അതിനവസരം നൽകരുതെന്നു് ഇംറാനു് ആശയുണ്ടു്. അങ്ങനെ സൗന്ദര്യവും ധീരോദാത്തതയും തമ്മിൽ ഭീകരമായ സംഘട്ടനം നടക്കുകയാണവിടെ. ചുറ്റുപാടുകളൊന്നും അറിയാതെ അന്തം വിട്ടുനില്ക്കുയാണു് ഇംറാൻ. അതൊരു അവസരമായികണ്ട യമൻ ഭടന്മാരിൽ നിന്നൊരുത്തൻ ഇംറാന്റെ മേൽ ഖഡ്ഗം പ്രയോഗിച്ചു. ഒരു നിമിഷം മുമ്പു് യമൻ ഭടന്മാരെ ആകമാനം കിടുകിടാവിറപ്പിച്ചുകൊണ്ടു അടരാടിയിരുന്ന ആ ധീരകേസരി അറുത്തിട്ട മരക്കൊമ്പു കണക്കെ നിലംപതിച്ചു. അദ്ധ്വപ്രജ്ഞനായ ആ രണ-പടുനിലത്തങ്ങനെ കിടക്കയാണു്. അയാളുടെ ദേഹത്തേറെ വലിയ മുറിവിൽനിന്നു അരുവികണക്കെ രക്തം പ്രവഹിക്കുന്നുണ്ടു്.

പരാജയം വരിക്കത്തക്കവണ്ണം അന്തം വിട്ടുനില്ക്കുവാൻ ഇംറാനു പ്രചോദനമേകിയ ആ സംഗതിയെന്താണെന്നു സഫീരിയാക്കറിയാം. പ്രകൃതിദത്തമായി തനിക്കു കിട്ടീട്ടുള്ള രൂപലാവണ്യമാണയാളെ പരാജിതനാക്കിയതു്. ഏതു പുരുഷ കേസരിയും അടിയറവു പറയുവാൻ നിർബ്ബന്ധിതമാവുന്ന ഒരു പ്രത്യേകവശ്യശക്തി രൂപലാവണ്യത്തിനുണ്ടല്ലോ. ധീരവീര പരാക്രമങ്ങളുടെ

മൂത്തിയായ അയാഥം മുറിവേറു രക്തം പ്രവഹിപ്പിച്ചും കൊണ്ടങ്ങനെ കിടക്കുന്നത് നോക്കികൊണ്ടു നില്ക്കുയാണവഥം. അങ്ങനെയിരിക്കെയാണ് ഒരു യമനി ഭടൻ അയാളുടെ മേൽ കുന്തം പ്രയോഗിച്ചത്. പരുക്കേറു അർദ്ധപ്രജ്ഞനായി കിടക്കുന്ന അയാളെ കുന്തംകൊണ്ടു കുത്തുന്നതുകണ്ടുംകൊണ്ടു നിശ്ചലവാൻ അവഥം ശക്തയായില്ല. കുന്തം അയാളുടെ മേൽ തട്ടുന്നതിനുമുമ്പ് തന്നെ രാജ്ഞി അതിനെ തടഞ്ഞു. എന്നിട്ടാജ്ഞാപിച്ചു. ഇംറാനെ വധിക്കാതെ ബന്ധനത്തിലാക്കുക.

ഇംറാൻ തടവിലായി സൈന്യാധിപതിയുടെ അഭാവം കാരണം യഅ്ഫുരി മുന്നേറ്റം പാടെനിലച്ചു. അവർ രണാങ്കണത്തിൽനിന്നു പിന്മാറിതുടങ്ങി. പരാക്രമശാലികളെന്ന് സ്വയം അഭിമാനം കൊണ്ടിരുന്ന അവരുടെ ശൌര്യമെല്ലാം അസ്തമിച്ചു. സായാഹ്നത്തിനു മുമ്പുതന്നെ തങ്ങഥംക്ക് നഷ്ടപ്പെട്ട യമൻ രാജ്യം വീണ്ടെടുക്കുവാൻ അവിടുത്തെ ജനങ്ങഥംക്കു സാധിച്ചു. സഫീരിയായുടെ രണാങ്കണപ്രവേശം കൊണ്ടാണ് അത്രയും കാര്യങ്ങഥം സാദ്ധ്യതയിൽ എത്തിയത്. എന്നു അവക്കൊക്കെ അറിയാം.

ആ നിമിഷം മുതൽ രാജ്ഞിയുടെ ധീരോദാത്തതയും രണപാടവവും യമനിലാകെയൊരു സംസാര വിഷയമായി. അവളുടെ നിയന്ത്രണം കൊണ്ടാണ് തങ്ങഥംക്കീ വിജയമൊക്കെ കൈവന്നത്. എന്നാണ് യമൻ ജനം ധരിച്ചുവശായിരിക്കുന്നത്. അവരിൽ ഓരോ വ്യക്തിയും സഫീരിയായുടെ ഗുണഗണങ്ങളെ വാഴ്ത്തുകയാണ്. വെ

ും കന്യകമാത്രമായ അവർ ഇത്രക്കു ധീരയാണെന്നോർത്തപ്പോൾ യമൻ നിവാസികൾ അത്ഭുത പരതന്ത്രരായിച്ചമഞ്ഞു. ഇത്ര രണപടുവായ മറെറാരു സ്ത്രീയെ അവർ ഇതുവരെ കണ്ടിട്ടും കേട്ടിട്ടുമില്ല. രണാങ്കണത്തിൽ അവർ കാട്ടിക്കൂട്ടിയ പരാക്രമങ്ങൾ അവിടത്തെ ജനതക്ക് ഒരു പാട്ടായിതീർന്നു. ആ കഥ എത്രതവണ മടക്കിപറഞ്ഞിട്ടും അവർക്കുമതിവരുന്നില്ല. എങ്ങനെ മതിവരും. അത്രക്കു മഹത്തായ ഒരു സേവനമല്ലേ അവളിൽനിന്നു യമനു കിട്ടിയത്. പ്രസ്തുത സമരത്തിനുശേഷം അവിടത്തെ ജനതക്കു രാജ്ഞിയോടുണ്ടായിരുന്ന ഭക്ത്യാദരവുകൾ ശത ഗുണീഭവിച്ചു. എന്നാൽ ആ വിജയത്തിന്റെ ഉള്ളിൽ ഒളിച്ചു കിടക്കുന്ന രഹസ്യം ശ്രുഭന്മാരായ അവരിൽ ആരും തന്നെ ധരിച്ചില്ല. ആ രഹസ്യം ഇംറാനും രാജ്ഞിക്കുമല്ലാതെ മററാർക്കും കണ്ടുപിടിക്കാനാവുകയുമില്ല. അവരുടെ അന്തക്കരണങ്ങളിൽ ഒളിഞ്ഞിരിക്കുന്ന ഒരു അജ്ഞാത രഹസ്യമാണത്.

3

ആ സംഭവം കഴിഞ്ഞിട്ട ഒരു ആഴ്ച കഴിഞ്ഞു. തങ്ങളുടെ വിജയത്തിൽ അഭിമാനം കൊള്ളുന്ന യമൻ ജനത വിജയവൈജയന്തി മഹാമഹം കൊണ്ടാടുകയാണ്. അവരുടെ ആനന്ദത്തിനു അതിരില്ല. അവിടത്തെ ജനങ്ങളും ആകമാനം ആനന്ദ തുന്ദിലരായി കാണപ്പെട്ടിരുന്നു. മരണത്തിന്റെ കടുവായയിൽനിന്നു രക്ഷപ്പെട്ട അവർ ആഹ്ലാദിക്കുന്നതിൽ അത്ഭുതപെടാൻ അവകാശമില്ലല്ലോ.

എന്നാൽ രാജ്ഞിയോ—? അതീവ പരവശയായി തീർന്നിരിക്കയാണ്. തന്നെ അലട്ടികൊണ്ടിരുന്ന ഉൽക്കടമായ വ്യസനത്തിനു കാരണം എന്താണെന്നു അവളല്ലാതെ മറ്റാരും അറിയുകയില്ല. രാജ്ഞിയിൽ കണ്ടഭാവഭേദം കൊട്ടാരത്തിലെ ഓരോ വ്യക്തിയേയും ചിന്താധീനരാക്കിചമച്ചിരുന്നു. തന്നെ വലയം ചെയ്തിരിക്കുന്ന മനോ വ്യഥയെ പ്രകടമാക്കാതെ മൂടിവെക്കുവാൻ പങ്കപ്പാടു നടത്തുകയാണാ സാദ്ധ്വി. രാജ്ഞിയിൽ എന്തോ ചില പരിവർത്തനങ്ങൾ കണ്ടു തുടങ്ങിയെന്നു സംശയം അവിടുത്തെ ഓരോ വ്യക്തിയിലും തലയുയർത്തി. അരമന രഹസ്യം അങ്ങാടി പരസ്യം എന്നു പറഞ്ഞതുപോലെ രാജ്ഞിയുടെ ആലസ്യം പരിസരവാസികൾക്ക് ഒരു സംസാര വിഷയമായിരൂപം പൂണ്ടു. കൊട്ടാര വാസികൾ സംശയത്തോടെയാണ് അവളെ വീക്ഷിക്കുന്നത്. എന്നാൽ അതിന്റെ കാരണം എന്താണെന്ന് ഏതുതന്നെ ആലോചിച്ചിട്ടും അവർക്കു മനസ്സിലാവുന്നില്ല. രാജ്ഞിക്കല്ലാതെ മറ്റാർക്കും അറിവില്ലാത്ത ഒരു പരമ രഹസ്യമാണല്ലോ അത്. യമൻ രാജ്യത്തിനു കൈവന്ന വിജയം തന്റെ പരാജയമായിട്ടാണ് അവൾ കണക്കാക്കുന്നത്. പരമാർത്ഥവും അങ്ങനെതന്നെയാണ്.

യഅ്ഫൂരി നേതാവിനു് അധീനമായിക്കഴിഞ്ഞ യമൻ രാജ്യം വീണ്ടെടുക്കുവാൻ അവൾക്കു സാധിച്ചു എന്നതു ഒരു പരമാർത്ഥം മാത്രമാണ്. എന്നാൽ അതെങ്ങനെ സാധിച്ചു.? അതൊരു ചോദ്യചിഹ്നമായി തലയുയർത്തി നില്പുയാണവളുടെ മുമ്പിൽ. തന്റെ ദേഹത്തെ അങ്ങനെതന്നെ ഇംറാനു് അടിയറവുവെച്ചിട്ടാണ് ആ കാര്യം

സാധിച്ചതു എന്ന വാസ്തവം വിസ്മരിക്കാൻ എത്രതന്നെ ശ്രമിച്ചിട്ടും അവർക്കു കഴിഞ്ഞില്ല. പുരുഷന്മാരുടെ ധീര പ്രവർത്തികളെ ആദരിക്കുന്ന സ്വഭാവം സ്ത്രീ ജനങ്ങൾക്കു സഹജമാണ്. ഇറാന്റെ ധീരത സഫീരിയായുടെ ഹൃദയത്തിൽ സ്ഥലം പിടിച്ചു കഴിഞ്ഞു. ആ പരാക്രമശാലിയുടെ പ്രതിരൂപം തന്റെ ഹൃദയാന്തർഭാഗത്തു അവൾ പ്രതിഷ്ഠിച്ചു. അവൾ അറിയാതെതന്നെ അതങ്ങ് സംഭവിച്ചു. രണാങ്കണത്തിൽവെച്ച് ആ യോദ്ധാവ് അവളുടെ വദനത്തിലേക്കയച്ച ആ നോട്ടം അവളുടെ ഹൃദയത്തെ കവന്നെടുക്കത്തക്ക വശ്യശക്തിയുണ്ടായിരുന്നു അതിനു. അയാളുടെ ആ വീക്ഷണത്തെ ഓർത്ത് അയവിറക്കുകയാണ് അവളിപ്പോൾ. ആ നോട്ടത്തിൽക്കൂടി അയാളുടെതായ ചില അഭ്യർത്ഥനകൾ അവളുടെ ഹൃദയത്തിലേക്കു എറിഞ്ഞുകൊടുക്കുകയാണ് ആ യുധിഷ്ഠിരൻ ചെയ്തത്. അയാൾ എറിഞ്ഞുകൊടുത്ത ആ അഭ്യർത്ഥന മൂർത്തിമത്തായി അവളുടെ ഹൃദയത്തിൽപറ്റി പിടിച്ചു നില്ക്കുയാണ്. പറിച്ചെറിയാൻ കഴിയാത്തവണ്ണം ഉറച്ചുപോയിരിക്കയാണത്. അതോടെ ഇറാന്റെ ശൂരതകൾ മരവിച്ചുപോയി. അങ്ങനെ തരിച്ചുനിന്ന അയാൾ കിംകർത്തവ്യതാമൂഢനായിചമഞ്ഞു. അപ്പോഴാണ് അയാൾക്ക് മുറിവേറ്റത്. പരുക്കു അല്പം വലുതായിരുന്നു. എങ്കിലും അതിനെയാളെ മരണ കവാടം കടത്തിവിടുവാൻ കഴിഞ്ഞില്ല. ഏവം വിധങ്ങളായ ചിന്താശകലങ്ങൾ സഫീരിയായുടെ ഹൃദയത്തിൽക്കൂടി പാഞ്ഞുപോയികൊണ്ടിരിക്കയാണ്.

വീണ്ടും അവൾ ഓർത്തു. "ഈ വിപത്തുകൾക്കൊക്കെ കാരണഭൂതയായിതീർന്നിരിക്കയാണ് ഞാൻ. ഞാനാ രണാങ്കണത്തിൽ കാലെടുത്തു കുത്താതിരുന്നെങ്കിൽ പിന്നെ

ധീരതയുടെ മൂർത്തിയായ ഇംറാൻ ബന്ധനസ്ഥനാവുകയോ പരാജയം വരിക്കയോ ചെയ്യുമായിരുന്നില്ല. തന്നെയുമല്ല എന്റെ മുഖത്തുനോക്കാതെ രണാങ്കണനയം മാത്രമാണ് അദ്ദേഹം കൈകൊണ്ടിരുന്നതെങ്കിൽ അയാളുടെ ഖഡ്ഗത്തിനു ഇരയായി എന്റെ ജീവിതം അപ്പോഴംതന്നെ അവസാനിക്കുമായിരുന്നു. എന്റെ ജീവിതത്തിനു പൂർണ്ണ വിരാമം നൽകുവാനുള്ള സമയം ആസന്നമായിരുന്നു. അതിനിടം നൽകാതെ എന്നെ രക്ഷിക്കയും അങ്ങനെ ഈ ജീവിതത്തെ ലോകത്തവശേഷിപ്പിക്കയും ചെയ്തത് ഇംറാൻ ആണ്. വെറും ഒരു അബലയായ തന്നോട് പൊരുതുന്നതു ശൂരനായ അദ്ദേഹത്തിന്റെ പുരുഷത്വത്തെ ക്ഷതപ്പെടുത്തുന്നതാണെന്ന് ആ രണകേസരിക്കു തോന്നീട്ടുണ്ടാവണം. അതാണ് എന്നോട് പൊരുതാതെ സ്വയം പരാജിതനായതെന്നുവേണം അനുമാനിക്കുവാൻ. ധീരപുരുഷന്റെ ലക്ഷണമാണത്. യുധിഷ്ഠിരന്മാരായ തന്റെ സമുദായത്തെ പരാജയ ഗർത്തത്തിൽ തള്ളിയിട്ടുംകൊണ്ട് അദ്ദേഹം ചെയ്തതെന്താണു്.? പരാജയ രാക്ഷസിയുടെ വക്ത്രത്തിൽനിന്നു യമനെ രക്ഷപ്പെടുത്തി. ധീരതയുടെ മൂർത്തിയാണദ്ദേഹം. യുധിഷ്ഠിരൻ എന്ന സംബോധന ചെയ്യുവാനുള്ള അർഹത ഏതു പ്രകാരത്തിലും അദ്ദേഹത്തിനുണ്ട്—സംശയമില്ല.

ഏവം വിധങ്ങളായ സ്മരണകൾ അവളുടെ ഹൃദയത്തെ കുത്തിമറിച്ചുംകൊണ്ട് കടന്നുപോയി. അതോടൊപ്പം അവളുടെ ചിന്താഗതി വലിയ ഒരു കൊടുങ്കാറ്റിൽ പെട്ടനട്ടം തിരിഞ്ഞുതുടങ്ങി. അസ്വാസ്ഥ്യം അവളെ വിഭ്രാന്തമനസ്സുയാക്കിച്ചമച്ചിരുന്നു. പെട്ടെന്ന് ഏതോ

ഒരു പ്രവചനം അവളുടെ വായിൽ ഫണം ഉയർത്തി യതുപോലെ സഫീരിയാ ചാടിയെഴുന്നേറ്റു. ആ കാലുകൾ തനിയെ ചലിച്ചുതുടങ്ങി. യാതൊരു ഉദ്ദേശവുമില്ലാതെ അവ ചലിക്കുന്നുണ്ട്. നിമിഷങ്ങൾ കഴിഞ്ഞു. യുദ്ധത്തിൽ പരുക്കേറ്റവരെ ചികിത്സിക്കുന്ന ഭിഷഗ്വരാലയത്തിന്റെ കവാടത്തിൽ എത്തിയിരിക്കയാണ് സഫീരിയാ. അവിടെയാണ് ഇംറാനും കിടക്കുന്നത്. അയാളോട് പലതും പറയാനുണ്ടവൾക്ക്. അയാളോട് തനിക്കുള്ളതായ കൃതജ്ഞതയെ തുറന്നു പ്രകടമാക്കണം. അതല്ലാതെ മറ്റു ഭിലാഷങ്ങളൊന്നും അപ്പോളില്ല. തനിക്കുവേണ്ടി സ്വജീവനെപോലും തൃണവൽഗണിച്ച ഇംറാനോട് കടപ്പെട്ടവളാണവൾ.

മുന്നറിയിപ്പുകളൊന്നും നൽകാതെയാണ് അവൾ അവിടെ ചെന്നിരിക്കുന്നത്. ചില്ലറ കാര്യമൊന്നുമല്ല അത്. രാജ്ഞിയുടെ ആഗമനം അവിടത്തെ ഭരണാധികാരികളെ വല്ലാതെ അമ്പരപ്പിച്ചു. ഭയം കൊണ്ടവർ കിടുകിടാ വിറക്കുകയാണ്. അവർ ഭക്തയാരേവുകൾ ഭാവിച്ചു കൈക്രൂപ്പിനിന്നു. എന്നാൽ സഫീരിയായുടെ വദനത്തിൽ ഗൗരവത്തിന്റെ ലാഞ്ഛനപോലും ഉണ്ടായിരുന്നില്ല. പാരവശ്യംകൊണ്ടു വിവർണ്ണമായിരിക്കയാണത്. അല്പസമയം അവിടെനിന്നിട്ട് അവൾ അകത്തേക്കുകടന്നു. ജിജ്ഞാസയോടുകൂടിയ പ്രസന്നത അവിടെമൊട്ടിട്ടുനിന്നിരുന്നു. ആ വദനത്തിന്റെ നിറം നിമിഷം തോറും മാറിമാറിക്കൊണ്ടിരിക്കയാണ്. ഇംറാന്റെ മഞ്ചത്തിനടുത്തെത്തിയ അവൾക്ക് അയാളോട് പലതും സംസാരിക്കണമെന്നുണ്ട്. എന്നാൽ നാവനങ്ങുന്നില്ല. ശബ്ദം പുറത്തേക്കു വരുന്നില്ല.

അങ്ങിനെ ഗത്യന്തരമില്ലാതായ അവർ അയാളുടെ വിരിപ്പിനടുത്തുകൂടിനടന്നുപോയി. നിരാശാഭരിതമായ പതിഞ്ഞനടത്തം.

ഇംറാന്റെ അടുത്തെത്തിയ സഫീരിയാക്കതോന്നി അവിടെ അപ്പമൊന്നു നില്ക്കണമെന്നു. എന്നാൽ പരിതസ്ഥിതി അനുകൂലമല്ലെന്നു കണ്ട അവർക്ക് അവിടെ നില്ക്കുവാൻ ധൈര്യം വന്നില്ല. തന്റെ സിൽബന്ധികളും സേവകന്മാരും ചുറുപാടും നില്ക്കുന്നുണ്ട്. അവർക്ക് വല്ല സംശയവും ജനിപ്പിക്കുമെന്നുഭയന്നാണ് അവർ ആ ഉദ്യമത്തിൽനിന്നു വിരമിച്ചത്.

തന്റെ തൊട്ടടുത്തുകൂടി മന്ദമന്ദം നടന്നുകളുന്ന സഫീരിയായെ കണ്ടപ്പോൾ ഇംറാനു രോമാഞ്ചമുണ്ടായി. അയാളുടെ ഹൃദയം ശക്തിയായി മിടിക്കുകയാണ്. പടയങ്കി ധരിച്ചു രണാങ്കണത്തിൽ നില്ക്കുന്ന അവസരത്തിൽ ഏതൊരു പരാക്രമശാലിയെ കണ്ടാലും അല്പംപോലും ഉൾക്കിടിലം ഉണ്ടാവാത്ത ഉറച്ച ഹൃദയമാണയാളുടെത്. എന്നാൽവെറും ഒരു അബലയായ സഫീരിയായെ കണ്ടതോടെ അയാളുടെ ഹൃദയത്തിനുണ്ടായ ആ പരിവർത്തനം അയാളെ തന്നെ അത്ഭുതത്തിൽ ആറാടിച്ചു. തന്റെ ഒരു പരാജയമായിട്ടാണ് അയാൾ അതിനെ കണക്കാക്കിയത്. പരാജയങ്ങൾ ഒന്നിനു പിറകെ മറെറാന്നായി വരിക സാധാരണയാണല്ലോ.

ഇംറാന്റെ തൊട്ടടുത്തുകൂടികടന്നുപോയ സഫീരിയ കുറച്ചകലെയെത്തി. അവിടെ കിടക്കുന്ന രോഗികളോട് കുശലം ചോദിക്കയാണ്. അതുകണ്ട ഇംറാൻ ഭഗ്നാശയനായി ഒരു ദീർഘശ്വാസം വിട്ടു. താനൊരു ഹതഭാഗ്യ

നാണെന്ന് അയാൾംക്കുതോന്നി. മറ്റുള്ളവരെ പോലെ രാജ്ഞിയോട്ടുറന്ന സംസാരിക്കാനുള്ള ഭാഗ്യം തനിക്കി ല്ലാതായിപോയതിൽ പരിതപിക്കയാണയാൾ. അങ്ങനെ അവിടെ കിടക്കുന്ന രോഗികളിൽ ചിലരോടൊക്കെ സം സാരിച്ചുകൊണ്ട് ഇംറാൻ ശയിക്കുന്ന ഭാഗത്തേക്കുതന്നെ രാജ്ഞി തിരിഞ്ഞു. അയാളുടെ അടുത്തെത്തി നിലയുറ പ്പിച്ചു. സഫീരിയായുടെ അപ്പോഴത്തെ മുഖഭാവം കണ്ടാ ൽതോന്നും, ഗൗരവതരമായ ഏതൊ ഒരു വിഷയത്തെ സംബന്ധിച്ചു സംസാരിക്കാൻ ഭാവിക്കയാണ് അവളെ ന്ന്. വാസ്തവവും അങ്ങനെതന്നെയാണ്. തന്റെ ഹൃദയ ത്തിൽ ഒളിഞ്ഞുകിടക്കുന്ന പലതും അയാളോട്ട് തുറന്നു പറയണമെന്നുണ്ട്. എന്നാൽ ഏതോ ഒരു അജ്ഞാത ശ ക്തി അന്തക്കരണത്തിൽ ഇരുന്നുംകൊണ്ടു അവളെ പി ന്തിരിപ്പിക്കുകയാണ്. ലജ്ജാഭാരം കൊണ്ടോ എന്തോ അല്പസമയം അയാളെതന്നെ നോക്കികൊണ്ടു അവൾം അവിടെനിന്നു.

മനുഷ്യ ഹൃദയങ്ങളിൽ നടക്കുന്ന കോളിളക്കങ്ങളെ പ്രതിബിംബിപ്പിച്ചുകാണിക്കുന്ന ഒരു മുഖക്കണ്ണാടിയാണ ല്ലേ മുഖം. രാജ്ഞിയുടെ മുഖം പരവശമായിരുന്നു. ആ നയനങ്ങൾം വികാരാവേശങ്ങളുടെ നൃത്ത രംഗമായിരുന്നു. ഇംറാനിലും ചില ഭാവഭേദങ്ങളൊക്കെ കാണാനുണ്ട്. പ്ര സ്തുത സംഗതികളെല്ലാം വെള്ളിതിരിയിലെന്നപോലെ പൊതുജനങ്ങൾം വീക്ഷിക്കുന്നുണ്ടായിരുന്നു. അവരിൽ കാ ണപ്പെടുന്ന പരിവർത്തനങ്ങൾംക്കു കാരണം, അവരുടെ ഹൃദ യത്തിൽ നാമ്പെടുത്തിരിക്കുന്ന അജ്ഞാത രഹസ്യങ്ങളാ ണെന്നു ധരിക്കുവാൻ ആ ജനതക്കു അനായാസേന സാധി

ച്ചു. അങ്ങനെ അവർ സംശയത്തോടെ സഫീരിയായേയും ഇംറാനേയും മാറി, മാറി വിക്ഷിച്ചുതുടങ്ങി. അവർ ആ അഭിപ്രായത്തെ സൂചിപ്പിച്ചുംകൊണ്ട് പരസ്പരം നോക്കിച്ചിരിച്ചു. അതിനെ സംബന്ധിച്ചു ഒരു ചച്ച് നടത്തണമെന്നു അവക്കാശയുണ്ട്. എന്നാൽ രാജഭക്തിയാവുന്ന പൂട്ടുകൊണ്ടു അവരുടെ വക്ത്രങ്ങളെ അടച്ചു പൂട്ടിയിരിക്കയാണ്. അതുകാരണം മൗനം പാലിച്ചുകൊണ്ടിരിക്കുവാൻ അവർ നിർബ്ബന്ധിതരായി. അതിൽ ക്രുദ്ധലായി ഒന്നുംതന്നെ ചെയ്യുവാൻ ആ ജനസഞ്ചയത്തിനു അപ്പോഴം കഴിഞ്ഞില്ല.

അല്പം ഒരു അനാസ്ഥ തനിക്കുവന്നുപോയിട്ടുണ്ടെന്നു സഫീരിയാ അനുമാനിച്ചു. അവളുടെ ഹൃദയം ശക്തിയായി മിടിച്ചുതുടങ്ങി. താൻ രഹസ്യമായി ചെയ്ത മോഷണവാർത്ത പരസ്യമായിപോയെന്നു സംശയിച്ചു ഭയപ്പെട്ടുന്ന ഒരു തസ്കരന്റെതിനു തുല്യമായിരുന്നു അവളുടെ ഹൃദയമിടിപ്പു. തന്നിൽ വന്ന ഭാവവിത്യാസങ്ങളെ നിയന്ത്രിച്ചടക്കുവാൻ ബദ്ധപ്പെട്ടുകയാണ് രാജ്ഞി. എന്നാൽ ഇംറാനെ സംബന്ധിച്ച ചിന്ത അവളുടെ ഹൃദയത്തെ അലട്ടികൊണ്ടിരിക്കയാണപ്പോഴും. എത്രതന്നെ ശ്രമിച്ചിട്ടും അതിൽനിന്നു മുക്തിനേടുവാൻ അവർക്കു കഴിയുന്നില്ല. അങ്ങനെ അയാളെകുറിച്ചുള്ള ചിന്തക്കു കാഠിന്യം ഏറിവന്നപ്പോൾ അവർക്കു തോന്നി ആ ഭിഷഗ്വരാലയത്തിൽ മറാരും ഇല്ലാതെ താനും ഇംറാനും മാത്രമായിരുന്നെങ്കിൽ.....എന്നു. എന്നാൽ സഫീരിയാ രാജ്ഞി അവിടെ എഴുന്നള്ളിയിരിക്കുന്ന ആ വേളയിൽ മറാരും അവിടില്ലാതിരിക്കുക. അസംഭവ്യമായ ഒരു

സംഗതിയല്ലേ. അവളുടെ പ്രജകൾക്ക് രാജ്ഞിയെ കാണുവാൻ കിട്ടിയ ഒരു സുവർണ്ണാവസരമാണല്ലോ അത്. അതിനെ അവർ പാഴാക്കുമോ.?

"യമൻ ഭരണ ക്രൂടത്തിന്റെ ഏറ്റവും വലിയ ശത്രുവാണ് ഇംറാൻ. അങ്ങനെയുള്ള ഒരാളോട് യമൻ രാജ്ഞിയായ തനിക്കു സ്നേഹം ജനിച്ചിരിക്കുന്നു എന്നു വാർത്ത പരസ്യമായാലത്തെ കഥ എന്തായിരിക്കും?" രാജ്ഞിയുടെ ഹൃദയത്തിൽനിന്ന് ആരോടെന്നില്ലാത്ത ഒരു ചോദ്യം ഉയർന്നു. "യമൻ ജനതയിലെ ഓരോ വ്യക്തിയും തന്റെ വൈരികളായിത്തീരും. അപമാനം കൊണ്ടുതല ഉയർത്തുവാൻ സാധിക്കാതാവും. പിന്നെ അതിനെ തുടർന്നു പല ഭീകര സംഭവങ്ങളും ഉണ്ടായി എന്നുവരാം.?" അവൾ സ്വയം സമാധാനിക്കാൻ ശ്രമം ചെയ്യുകയാണ്. എന്നാൽ അവളുടെ അന്തരാളം കത്തിക്കാളുവാനാണ് ഭാവിച്ചത്. പാവം രാജ്ഞി കിംകർത്തവ്യതാ മൂഢയായി ചമഞ്ഞു. അങ്ങനെ അന്തംവിട്ട അവൾ നിരാശ്രയയായിത്തീർന്നു. അവളുടെ നയനങ്ങൾ അശ്രുപൂർണ്ണങ്ങളായി. പിടിച്ചുനിർത്താനാവാത്ത കദനഭാരം അവളെയിട്ടു പമ്പരം ചുറ്റിക്കയാണ്. അപ്പോൾ അവൾക്ക് മനസ്സിലായി. തന്നേക്കാൾ എത്രയോ മെച്ചമായ സ്ഥാനം ഒരു സാധു സ്ത്രീക്കുണ്ടെന്നു. അതെങ്ങനെ? സാധുവാണെങ്കിൽക്കൂടി അവൾക്ക് സ്വതസിദ്ധമായ അഭിലാഷങ്ങൾ ഉണ്ടാവുകയും, അവയെ പ്രവർത്തി രൂപത്തിൽകൊണ്ടുവരുവാൻ പരിപൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കയും ചെയ്യുമല്ലോ. താൻ ചെയ്ത ഏതുമഹാപാപത്തിന്റെ ഫലമായിട്ടായിരിക്കും രാജ്ഞീ പദത്തിലേക്കുതന്നെ വലിച്ചിട്ടത്. പട്ടം കെട്ടി സിംഹാസനത്തി

ലിരുന്നുകൊണ്ട് ഭരണം നടത്തിയതുതന്നെ ഒരു പാപമായിരിക്കുമോ? ആയിരിക്കാം. അധികാര സ്ഥാനത്തിരിക്കുമ്പോൾ പലതും ചെയ്യേണ്ടതായി വരുമല്ലോ. അതിനിടയിൽ ചില മദ്ധ്യനങ്ങളും നടത്തേണ്ടതായിവന്നിട്ടുണ്ട്. അതിലേതെങ്കിലുമായിരിക്കണം തന്റെ അഭിലാഷങ്ങൾക്ക് വിലങ്ങു തടിയായിതീർന്നത്. ഇതിൽനിന്നെല്ലാം വിശേഷമായിട്ടുള്ളത് മന്ത്രിസഭയുടെ ആനുകൂല്യം കൂടാതെ ഒന്നുംതന്നെ ചെയ്യുവാൻ തനിക്കു അധികാരം ഇല്ലെന്നുള്ളതാണ്. സ്വഅഭിലാഷത്തെ അടിസ്ഥാനമാക്കി താൻ എന്തെങ്കിലും പ്രവർത്തിച്ചുപോയാൽ മന്ത്രിസഭ അതിനെ ആക്ഷേപിക്കാതിരിക്കില്ല. ഏവം വിധങ്ങളായ പലതും ചിന്തിച്ചുംകൊണ്ടു അവൾ അവിടെനിന്നുനടന്നു.

രാജ്ഞി പിൻവാങ്ങുകയാണ്. ആ ഭിഷഗ്വരാലയത്തിൽനിന്നു പെട്ടന്നിങ്ങുപോരുവാൻ അവളുടെ മനസ്സനുവദിക്കുന്നില്ല. ഏതോ ഒരു അദൃശ്യശക്തി അവളുടെ കാലുകളെ പിടിച്ചു പിന്നോട്ടു വലിക്കയാണ്. അങ്ങനെ അവിടം വിട്ടുന്നതിന്റെ സൂചനയായി ഇംറാനെ ഒന്നുംകൂടി നോക്കി. വിട ചോദിക്കുന്ന ഒരു പ്രതീതി ആ വീക്ഷണത്തിനുണ്ടായിരുന്നു. ഇംറാൻ അതുകണ്ടു-അയാളുടെ നയനങ്ങളും ചലിച്ചു. രാജ്ഞിയുടെ ചോദ്യത്തിനു ഉത്തരമായിരുന്നു അത്. മൂകമായ മറുപടി-അവൾ മെല്ലെമെല്ലെ നടന്നകന്നു. ഗാഢമായ ചിന്തയിൽ ആണ്ടിരിക്കയാണ് ഇംറാൻ. അവഗാഹമായി ചിന്തിക്കുന്നുണ്ട്. ചിന്തയുടെ മദ്ധ്യതരണ്യാഴിയിൽ മുങ്ങിപൊങ്ങുകയാണ്. എത്തും പിടിയുമില്ലാതെ ഉഴലുകയാണാ—രണശൂരൻ. യമൻ രാജ്യത്തിന്റെ ബദ്ധശത്രുവായ തന്നോട്ട് യമൻ

സിംഹാസനം അലങ്കരിച്ചിരിക്കുന്ന രാജ്ഞി സഫീരിയാക്ക സ്നേഹം ജനിക്കുകപോയിട്ട് സഹതാപം ജനിക്കപോലും ഉണ്ടായില്ല. അങ്ങനെ വല്ല സംശയവും ജനിച്ചിട്ടുണ്ടെങ്കിൽ അതുവെറും മിഥ്യയല്ലാതെ മറെറാന്നുമാവാൻ തരമില്ല. എന്നാൽ ദുഷ്ടികോണകൊണ്ടുള്ള അവളുടെ ആ നോട്ടത്തിൽക്കൂടി എന്തോ ചിലതൊക്കെ സ്പുരിക്കുന്നുണ്ടതാനും.

4

പ്രസ്തുത സംഭവം കഴിഞ്ഞിട്ട് മാസം ഒന്നായി. അതു കുറഞ്ഞ കാലത്തിനിടയിൽ രാജ്ഞിയുടെയും ഇംറാന്റെയും സ്വഭാവങ്ങൾക്കു പല മാറ്റങ്ങൾ സംഭവിച്ചു. പല തവണ അവളാ-വൈദ്യാലയത്തിൽ പോയിരുന്നു. അവളുടെ ആ പര്യടനം ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരായ പലരിലും പലവിധ സംശയങ്ങൾ ഉളവാക്കി. അവർ തങ്ങളുടെ സംശയ നിവാരണത്തിനായി സർവ്വസൈന്യാധിപനെ സമീപിച്ചു. ഇബ്നരിയാളിന്റെ വീട്ടിൽ അവരുടെതായ ഒരു ചർച്ചായോഗം സമ്മേളിച്ചിരിക്കയാണ്. അവരുടെ സംശയം എന്താണെന്ന് സേനാനിക്കറിയാം. അദ്ദേഹം അവരോടായിതുടർന്നു.

"നമ്മുടെ രാജ്ഞിക്കു ഇംറാനെന്ന ആ നായയോട് സ്നേഹം ജനിച്ചിരിക്കുന്നതായി നിങ്ങൾ ശങ്കിക്കുമാത്രമാണ് ചെയ്യുന്നത്. എന്നാൽ നേരെ മറിച്ചാണ് എന്റെ സ്ഥിതി. അവരുടെ സ്നേഹം രഹസ്യമായ ഒരു പരമാർത്ഥമാണെന്ന് ദൃഢമായി വിശ്വസിക്കയാണു ഞാൻ ചെയ്യുന്നത്. എന്റെ ആ വിശ്വാസം ശരിയാണെങ്കിൽ പിന്നെ നമുക്കും നമ്മുടെ നാട്ടിനും ഇതിൽ പരമായിട്ടൊരു അപമാനം ഉണ്ടാവേണ്ടതില്ല."

ഭരണാധിപന്മാരിൽ ചിലർ അതിനു് അനുകൂലമായി സംസാരിച്ചു.

"രാജ്ഞിയുടെ ആത്മാർത്ഥ സ്നേഹത്തിനു് വിധേയനായിരിക്കയാണു് ഇംറാൻ എന്നാണല്ലോ സുപ്രസിദ്ധ ന്യായാധിപതിയുടെ പക്ഷം. അതു വാസ്തവമാണെങ്കിൽ പിന്നെ അയാൾ മരണ ശിക്ഷയിൽനിന്നു രക്ഷപ്പെടുമെന്നാണു് എനിക്കറിയുള്ളതു്"

"അതുണ്ടാവാത്ത ഒരു കാര്യം തന്നെ." ഇബ്നരിയാളു് ആവേശം കൊണ്ടു. "അവനെ തൂക്കികൊല്ലാൻ നാം വിധിക്കയും ഏതു വിധവും അതു നടപടിയിൽ വരുത്തുകയും ചെയ്യും, നിശ്ചയം."

"വിധി പ്രസ്താവിക്കാൻ നമുക്കധികാരം ഉണ്ടു് എന്നാൽ ആ വിധിയെ സ്ഥിരപ്പെടുത്തുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യാനുള്ള അധികാരം രാജ്ഞിയിലാണല്ലോ നിലകൊള്ളുന്നതു്. എന്നിരിക്കെ വേണമെന്നു തോന്നിയാൽ അവനെ മോചിപ്പിക്കാനും അവക്കധികാരമുണ്ടല്ലോ." ഉദ്യോഗസ്ഥന്മാരിൽ ഒരാൾ വാദിച്ചു.

"സ്വാർത്ഥതയെ മുൻനിർത്തികൊണ്ടു നമ്മുടെ തീർപ്പിനെ ഖണ്ഡിക്കുവാൻ അവർ മുതിരുമോ—?" സദസ്യരിൽ ഒരാൾ ചോദിച്ചു. "അങ്ങനെ നമ്മുടെ അഭിപ്രായത്തെ അവഗണിക്കാൻ അവർ സന്നദ്ധയായാൽ പിന്നെ ഇംറാനോടൊപ്പം രാജ്ഞിയുടെ കഥയുംകഴിക്കുവാൻ യമൻജനത നിർബ്ബന്ധിതരാവുന്നതാണു്".

"രാജ്ഞിയുടെ അനുഭാവികൾ അവളെ സഹായിക്കയും, തുടർന്നുകൊണ്ടു് രാജ്യത്തു് ഒരു വിപ്ലവം ഉടലെടുക്ക

യും ചെയ്യില്ലെന്ന അതുകണ്ട." മറെറാരാൾ സംശയഗ്രസ്ത നായി.

"അങ്ങനെയൊന്നും ഉണ്ടാവാൻ പോവുന്നില്ല—" സൈന്യാധിപൻ തീർത്തുപറഞ്ഞു. "രാജ്ഞിയും ഇംറാനുമായിട്ടുള്ള ഈ അനുരാഗം ജനങ്ങൾക്കിടയിൽ ഒരു സംസാര വിഷമായി പരിണമിച്ചിട്ടുണ്ട്. അതുകാരണം രാജ്ഞിയോട് പകരം ചോദിക്കുവാൻ സമയം പാർത്തിരിക്കയാണ് ജനങ്ങൾ. അങ്ങനെയുള്ള ജനത നമ്മെ അനുകൂലിക്കയല്ലാതെ നമ്മുടെ തീരുമാനത്തിനെതിരായി വിപ്ലവത്തിനൊന്നും മുതിരുവാൻ പോവുന്നില്ല....."
അങ്ങനെ അവരുടെ കൂടിയാലോചനയും വാദപ്രതിവാദവും നീണ്ടുപോയി. അവസാനം അതൊരു തീർപ്പിൽ എത്തി. ഇംറാനെ പിന്താങ്ങികൊണ്ടുള്ള ഒരു വിധിയാണ് രാജ്ഞി പ്രസ്താവിക്കുന്നതെങ്കിൽ ആ നായയുടെ ശിക്ഷ തന്നെയാണ് അവർക്കും നൽകേണ്ടത്. അതായിരുന്നു ആ ഋച്ചായോഗത്തിന്റെ അന്ത്യതീരുമാനം.

5

രാജകൊട്ടാരത്തിന്റെ കവാടത്തിൽ വലിയ ഒരു ജനസമുദ്രം അലതല്ലുകയാണ്. യമൻ ജനതയിൽ ഭൂരിഭാഗവും അവിടെ എത്തീട്ടുണ്ട്. ആ ജനസഞ്ചയത്തെ അങ്ങോട്ടാകർഷിച്ച സംഗതി എന്താണ്? യമൻ രാജ്യത്തിന്റെ ബദ്ധവൈരിയായ ഇംറാൻ ആ ജനസഞ്ചയത്തിന്റെയും ശത്രുവാണ്. അവൻ ഈ ലോകത്തിനിയും ജീവിച്ചിരിക്കുമോ ഇല്ലയോ എന്ന തീരുമാനം ചെയ്യുന്നത് അന്നാണ്. അവന്റെ ജീവിത മരണങ്ങളെ സംബ

ന്ധിച്ച് യമൻ മന്ത്രിസഭ വിധി പ്രസ്താവിക്കാൻ പോകയാണ്. അതു കേൾക്കുവാൻ വന്നിരിക്കയാണവർ. അതിനോടൊപ്പം രാജ്ഞിയും അവനുമായി സ്നേഹ ബന്ധത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്നു വാർത്തയുടെ പരമാർത്ഥവശവുംകൂടി വെളിവാകാൻ പോവുന്നുണ്ട്. രാജ്ഞി പുറപ്പെടുവിക്കുന്ന അന്ത്യതീരുമാനം ശ്രവിക്കുവാൻ വെമ്പൽകൊള്ളുകയാണ് അവരുടെ കണ്ണുപൂടങ്ങാം.

സുഫീരിയാ രാജ്ഞി ചിന്താകുലയായി തന്റെ പള്ളിയറയിൽ ഇരിക്കയാണ്. മൗനം അവലംബിച്ചിരിക്കുന്ന അവരെ ഇതികർത്തവ്യതാ മൂഢയായി കാണപ്പെട്ടിരുന്നു. ഇവരാനെ ഏതുവിധവും രക്ഷപ്പെടുത്തണമെന്നുണ്ടവർക്ക്. അതിനെ സംബന്ധിച്ചാണ് അവർ ആലോചിക്കുന്നതും. അയാളെ മോചിപ്പിക്കുവാൻ തുനിയുന്നതുകൊണ്ട് തനിക്കുണ്ടാകാവുന്ന വിപത്തുകളെ സംബന്ധിച്ചും അവർ പരാമർശിക്കുന്നുണ്ട്. യമൻ രാജ്യത്തു നിരവധി വിപ്ലവങ്ങൾ സൃഷ്ടിച്ചുവിട്ടുന്ന ഒരു സാഗതിയാണത്.

രാജകൊട്ടാരത്തിലെ വിശാലമായ മുറിയിൽ ജനങ്ങൾ തിങ്ങിക്കൂടീട്ടുണ്ട്. മന്ത്രിമാരും പ്രഭുക്കന്മാരും സമ്മേളിച്ചിരിക്കയാണവിടെ. മന്ത്രിമാരും വിധികർത്താക്കളും വട്ടം കൂടിയിരുന്നു എന്തോ ചില രഹസ്യങ്ങളൊക്കെ പറയുന്നുണ്ട്. അതിനിടയിൽ രാജ്ഞിയുടെ ആഗമനത്തെ പ്രതീക്ഷിക്കുന്നുമുണ്ട്. രാജ്ഞി ഇനിയും എത്തിയിട്ടില്ല. അവർ സിംഹാസനത്തിലേക്കു വരാനുള്ള സമയം ആവുന്നേയുള്ളൂ.

ഇംറാന്റെ മുറിവുകളൊക്കെ ഉണങ്ങി. പൂർണ്ണാരോഗ്യം കൈവന്നകഴിഞ്ഞു. തടവ് മുറിയിൽനിന്നു പുറത്തുകൊണ്ടുവന്ന അയാളുടെ കൈ കാലുകൾ മിന്നി തിളങ്ങുന്ന ഇരുമ്പു ചങ്ങലകൊണ്ടുബന്ധിച്ചു. ഡർബാർ മുറിയുടെ ഒരു ഭാഗത്തങ്ങനെ നിത്തിയിരിക്കയാണ്. എന്തോ ചില പ്രത്യാശകൾ അയാളിൽ നാമ്പെടുത്തിട്ടുണ്ടെന്നു ആ വദനം വിളിച്ചുപറയുന്നുണ്ടായിരുന്നു. തന്നോടല്പമെങ്കിലും സ്നേഹം ജനിച്ചിട്ടുള്ള രാജ്ഞി മോചനമല്ലാതെ തനിക്കു വധ ശിക്ഷ വിധിക്കില്ലെന്നാണ് അയാളുടെ ഉറച്ച വിശ്വാസം എന്നാൽ ഭരണ സമിതിയുടെ തീരുമാനം തനിക്ക് ഒരു പ്രകാരത്തിലും അനുകൂലമാവില്ലെന്നു അയാൾക്കു റപ്പുണ്ട്. തന്റെ ബദ്ധവൈരികളാണവർ. തന്നോടുള്ള പകപോക്കുവാൻ ഈ അവസരം അവർ ഉപയോഗപെടുത്താതിരിക്കില്ല. തന്നെ വധിക്കണമെന്നു അവർ ശാഠ്യം പിടിക്കുക തന്നെ ചെയ്യും. ഏവം വിധങ്ങളായ ചിന്താകുഴം ഒന്നിനു പുറകെ മറെറാന്നായി അയാളുടെ ഹൃദയത്തിൽ ഫണം ഉയർത്തികൊണ്ടിരുന്നു. മരണത്തിന്റെയും ജീവിതത്തിന്റെയും ഇടയ്ക്കിടക്കയാണയാളുടെ അന്തക്കരണത്തിൽ ജീവിത മരണങ്ങളുടെ ആ ദ്വന്ദ യുദ്ധത്തിൽ ഏതു ഭാഗമാണ് ജയിക്കുന്നതെന്നു കണ്ടുതന്നെ അറിയണം.

അനുപമനായ ഒരു ധീരയോദ്ധാവാണ് ഇംറാൻ. മരണത്തെ വെല്ലുവിളിച്ചുകൊണ്ടാണ് അയാളിതുവരെ ജീവിച്ചത്. വെറും ഒരു മരണക്കളിയായിരുന്നു അയാളുടെ അതുവരെയുള്ള ജീവിതം. മൃത്യുവിനെ തൃണവൽഗണിച്ചുംകൊണ്ട് ജീവിച്ചിരുന്ന അയാൾ ജീവിക്കാൻ ആശി

ക്കയാണിന്ന. ഇപ്പോൾ മരണത്തെ ഭയപ്പെടുകയാണയാൾ. ജീവിക്കാനുള്ള ആശമുഴുത്തുവരികയാണ്. മരിക്കാതെ ജീവിക്കണം. ജീവിച്ചിരിക്കുന്നതിന്റെ ആവശ്യകത അയാൾക്ക മനസ്സിലായിട്ടുണ്ട്. ദാമ്പത്യ ജീവിതം കൈകൊണ്ടങ്ങനെ കഴിയണം. അതാണ് ജീവിതത്തിന്റെ പരമോദ്ദേശം. ചിന്താശകലങ്ങളുമായി മല്ലടിച്ചുംകൊണ്ട് അങ്ങനെ സമയം തള്ളിനീക്കുകയാണ് ഇംറാൻ. വിചാര പരമ്പരകൾ അയാളുടെ ഹൃദയ വീഥിയിൽക്കൂടി പാഞ്ഞു കളുകയാണ്.

അപ്സര സ്ത്രീകളുടെ ആഗമനം പോലെ ഒരു ക്രൂട്ടം തരുണികൾ ആ ദർബാർ ഹാളിലേക്കുകടന്നുവന്നു. രാജകീയ വസ്ത്രങ്ങൾ അണിഞ്ഞ സഫീരിയാ പരിവാരങ്ങളോടെ എഴുന്നള്ളുകയാണ്. ദാസീഗണങ്ങളുടെ അകമ്പടിയോടുകൂടിവന്ന അവൾ സിംഹാസനത്തിൽ ചെന്നിരുന്നു. അവളുടെ സൗന്ദര്യധോരണി കണ്ടന്തംവിട്ട ഇംറാൻ തന്നെ മറന്നങ്ങനെ നിന്നുപോയി. മന്ത്രി സഭാംഗങ്ങൾ ഉപചാരപൂർവ്വം എഴുനേറ്റുനിന്നു അവളെ സ്വീകരിച്ചു. അവൾ ഗൗരവ സമേതം രാജ സിംഹാസനത്തിൽ ഉപവിഷ്ടയായി. ഏന്നിട്ട് സർവ്വ സൈന്യാധിപനോടാജ്ഞാപിച്ചു. "ഇംറാനെ സംബന്ധിച്ച് നിങ്ങൾ എഴുതികൊണ്ടുവന്നിട്ടുള്ള വിധി പത്രം വായിക്കുക."

ഒരു ന്യായാധിപന്റെ ഗാംഭീര്യത്തോടെ എഴുന്നേറ്റുനിന്ന സർവ്വ സൈന്യാധിപൻ വിധിപത്രം ഉറക്കെ വായന തുടങ്ങി:— "യമൻ ഫൂരി നേതാവായ ഇംറാൻ അകാരണമായിട്ടാണ് യമൻ പട്ടണത്തെ ആക്രമിച്ചത്. ഇയാളുടെ പടയോട്ടം മൂലം യമൻ ഭരണ കൂടത്തിന്റെ രണപടുക്ക

ളായ ഒട്ടേറെ യുവാക്കൾ മരണപ്പെട്ടു. അവരുടെ മരണം യമൻ ജനതക്ക് ഒരു തീരാ നഷ്ടമായിട്ടാണിരിക്കുന്നത്. അതിനും പുറമെ അക്രമികളായ ഇവരുടെ പീഡനങ്ങൾ ഏറ്റു സാധു ജനങ്ങളിൽ വളരെ പേർ അകാല മൃത്യുവിന്നിരയായിട്ടുണ്ട്. ഇവിടത്തെ വീടുകളിൽ വളരെയെണ്ണം ഇയ്യാളുടെ സിൽബന്ധികൾ അഗ്നിക്കിരയാക്കി. അങ്ങനെ കൊത്തിയെരിയുന്ന ഭവനങ്ങളിൽപെട്ട ഒട്ടുവളരെ സ്ത്രീകളും കുട്ടികളും മരണം അടഞ്ഞിട്ടുണ്ട്.....
.....അങ്ങനെ എണ്ണിയെണ്ണിപ്പറയുന്നതായാൽ നിരവധി കഠോര കൃത്യങ്ങൾ ഇയ്യാൾ ചെയ്തിട്ടുണ്ട്. ഓരോ കുറ്റത്തിനും പ്രത്യേകം പ്രത്യേകം ശിക്ഷിക്കുക എന്നുവെച്ചാൽ ഇയ്യാളുടെ ആയുസ്സുതിവരെ തടവു ശിക്ഷ അനുഭവിച്ചാലും പിന്നെയും ശിക്ഷാ കാലം അവശേഷിക്കയേയുള്ളൂ. അതിനിടം നൽകാതെ ഇവിടത്തെ ജനതയുടെ പ്രീതിക്കുവേണ്ടി അവരുടെ മുമ്പിൽവെച്ചു ഇംറാനെ തൂക്കി കൊല്ലണമെന്നാണ് യമനിലെ ന്യായാധിപന്മാരുടെ അഭിപ്രായം. ഈ വിവരം ഒരു വിളംബരം മൂലം പൊതുജനങ്ങളെ അറിയക്കയും അവരുടെ സന്നിധിയിൽവെച്ചു അതായത് നാളെ പ്രഭാതത്തിൽ ഈയാളെ തൂക്കികൊല്ലുകയുമാണ് വേണ്ടത്. അതുകൊണ്ട് മാത്രമെ യമൻ ജനത സംതൃപ്തരാവുകയുള്ളൂ."

വിധി പത്രം വായിച്ചു തീർത്ത സുപ്രീം സൈന്യാധിപൻ ആ കടലാസ്സ് റാണിയുടെ മുമ്പിൽവെച്ചു. അവർ അതുനോക്കി കയ്യൊപ്പുവെച്ചിട്ടുവേണം ആ വിധി സ്ഥിരപെടുത്തുവാൻ. ഡർബാർ ഹാളിലിരിക്കുന്ന ഓരോ വ്യക്തിയും ഉൽക്കണ്ഠാകുലരായി രാജ്ഞിയുടെ മുഖത്തുതന്നെ

നോക്കിക്കൊണ്ടിരിക്കയാണ്. അവരുടെ വിധിയാണ് അന്ത്യതീരുമാനം. സഫീരിയായുടെ ഒരു വാക്കിനു് ഇംറാനെ രക്ഷിക്കാനും ശിക്ഷിക്കാനും കഴിയും. അവർ ആ ഭാഗത്തേക്കു നോക്കുകപോലും ചെയ്യാതെ തന്റെ മുമ്പിലിരിക്കുന്ന വിധി പത്രം കയ്യിലെടുത്തു വായിച്ചുനോക്കി. പിന്നെ ഒരു ഭാഗത്തു നിൽക്കുന്ന ഇംറാന്റെ മുഖഭാവം ഒന്നു പരിശോധിച്ചു. അങ്ങനെ ഒരു താരതമ്യ പഠനം നടത്തിയശേഷം യമൻ രാജ്ഞി അരുളി. "യങ്ഫൂരി നേതാവേ! യമൻ ഭരണകൂടം നിങ്ങളുടെ മേൽ ആരോപിച്ചിട്ടുള്ള കുറ്റങ്ങളും അതിനു അവർ വിധിച്ചിരിക്കുന്ന ശിക്ഷയും കുറ്റപത്രം വായിച്ചതിൽനിന്നു നിങ്ങൾ കേട്ടിരിക്കുമല്ലോ. മന്ത്രി സഭയുടെ തീരുമാനത്തെ ആദരിക്കയാണ് ഞാനും ചെയ്യുന്നത്. അതിൽ യാതൊരു വിധമാറ്റവും വരുത്തേണ്ടതില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഇനി ഈ വിധിക്കെതിരായി വല്ല ആക്ഷേപവും നിങ്ങൾക്കുണ്ടെങ്കിൽ അതിനുവേണ്ടി കുറച്ചു സമയം വിട്ടുതന്നിരിക്കുന്നു. ആക്ഷേപം ബോധിപ്പിക്കാതെ വെറും മൗനം അവലംബിക്കുന്നതായാൽ-മൗനം അനുവാദമെന്നു കണക്കാക്കി ഈ വിധിയെ സ്ഥിരപ്പെടുത്തുവാൻ ഞങ്ങൾ നിർബ്ബന്ധിതരായിതീരുന്നതാണ്."

രാജ്ഞിയുടെ ആ വാക്കുകൾ കേട്ട ഇംറാൻ ഇടിവെട്ടേറ്റതുപോലെ തരിച്ചുങ്ങനെനിന്നുപോയി. തന്നെ മരണശിക്ഷക്കു വിധിച്ചിരിക്കുന്നു. ആ വിധിയിന്മേൽ തനിക്ക് യാതൊരാക്ഷേപവും ഇല്ല എന്നതോന്നും ആ ഉറച്ച നിലപാടുകണ്ടാൽ രാജ്ഞിയുടെ അഭിപ്രായം അയാളെ ചിന്താസാഗരത്തിൽ മുക്കിത്താഴ്ത്തി. രാജ്ഞിതന്നെ സ്നേഹിക്കുന്നു

ണ്ടെന്നു കരുതിയത് വെറും ഒരു സ്വപ്നം മാത്രമായിരുന്നോ. അങ്ങനെയാണെങ്കിൽ പിന്നെ നാളെ പ്രഭാതത്തിൽ തന്നിക്കു തരുവാൻ വെച്ചിരിക്കുന്ന മരണ ശിക്ഷ ഇപ്പോഴും തന്നെ കിട്ടുകയായിരുന്നു ഭേദം. അയാളുടെ വദനം വിവർണ്ണമായികൊണ്ടിരുന്നു. അതൊന്നും രാജ്ഞി കണ്ടില്ല. അവൾ ആ വിധി പത്രം മേശ പുറത്തുവെച്ചു. അതനുസരിച്ചുള്ള വിധി ഇംറാന്റെ മേൽ സ്ഥിരപ്പെടുത്തിയിരിക്കുന്നതായി ഏഴുതി തന്റെ ഒപ്പുവെച്ചു.

ഏതോ ഒരു സ്വപ്ന ലോകത്തുനിന്നുണർന്നതുപോലെ അന്തം വിട്ടങ്ങനെ നിൽക്കുകയാണ് ഇംറാൻ. താൻ ബന്ധനസ്ഥനായത് മുതൽ ഇതുവരെ കഴിഞ്ഞ സംഭവങ്ങളും എല്ലാം വെറും സ്വപ്ന സമാനമായിതോന്നുകയാണയാൾക്ക്. മന്ത്രിസഭാംഗങ്ങളും അത്ഥ ജനകമായി പരസ്പരം നോക്കി തുടങ്ങി. അവരുടെ അനുമാനങ്ങളും വെറും അസ്ഥാനത്താണെന്ന് ആ വീക്ഷണം വിളിച്ചോതുന്നുണ്ട്. ഇംറാനെ വധിക്കുവാൻ വിധിച്ച വിവരം ഒരു വിളംബരം മൂലം പ്രസിദ്ധപ്പെടുത്തി. ആ വാർത്ത കേട്ട ജനങ്ങളും മൂക്കത്തുവിരൽ വെച്ചു. രാജ്ഞിയെ സംബന്ധിച്ച് കേട്ടിരുന്ന വാർത്തകളും വെറും അപവാദം മാത്രമായിരുന്നെന്ന അവർക്കുറപ്പായി. അങ്ങനെ യമൻ ജനതയുടെ സംശയങ്ങളും പാടെ നീങ്ങി.

6

നിശയുടെ അന്ധകാര കുപ്പായം അന്തരീക്ഷത്തെ ആവരണം ചെയ്തിരിക്കയാണ്. ലോകം നിദ്രയിലാണ്ടു കഴിഞ്ഞു. യമൻ പട്ടണം മൂകതയുടെ ഭീതരംഗമായിരിക്കയാണ്. ഇരുട്ടു നിറഞ്ഞ തടവുമുറിയിൽ കിടക്കുന്ന

ഇംറാൻ ഇനിയും ഉറങ്ങിട്ടില്ല. അടുത്ത പ്രഭാതത്തിൽ തന്നെ ആശ്ലേഷിക്കാനിരിക്കുന്ന മരണ ദേവതയുടെ ഭീകരതകളോർത്തു കിടുകിടാ വിറക്കയാണയാൾ. നിദ്രാദേവി അയാളെ സമീപിക്കപോലും ചെയ്യാതെ അകന്നകന്നു പോവുകയാണ്. വിചാര പരമ്പരകൾ ഒന്നിനുപുറകെ മറെറാന്നായി അയാളുടെ ഹൃദയത്തിലേക്കു തള്ളിക്കയറുകയാണ്. ഹൃദയാന്തർഭാഗത്തു കെട്ടിപിണഞ്ഞു കിടക്കയാണാവിചാരപരമ്പരകൾ. അവയുടെ കൂട്ടുകെട്ടു അഴിച്ചുനിവർത്താൻ എത്രതന്നെ പണിപെട്ടിട്ടും അയാൾക്കു സാധിക്കുന്നില്ല. മന്ത്രി സഭയിൽപോവുന്നതുവരെ ജീവിക്കാനാശിക്കയായിരുന്നു അയാൾ. എന്നാൽ അവിടെനിന്നു മടങ്ങിയതു മരണ ദേവതയെ പ്രതീക്ഷിച്ചും കൊണ്ടാണ്. തന്റെ കാമുകിയുടെ ആഗമനത്തെ പ്രതീക്ഷിച്ചിരിക്കുന്ന ഒരു കാമുകനെപ്പോലെ മരണത്തെ കാത്തുകൊണ്ടങ്ങനെ നിമിഷങ്ങൾ തള്ളിനീക്കുകയാണ് ഇംറാൻ.

അവിചാരിതമായി ആ തടവു മുറിയുടെ കവാടത്തിൽ ഒരു ശബ്ദം കേട്ടു ചിന്തയിൽനിന്നുണർന്ന ഇംറാൻ ആ ഭാഗത്തേക്കു നോക്കി. കവാടം ബന്ധിച്ചിരുന്ന ഇരുമ്പു ചങ്ങല അഴിഞ്ഞു. കവാടം തുറക്കപ്പെട്ടു. താൻ അനുഭവിക്കുന്ന തടവു ശിക്ഷയുടെ അന്ത്യയാമം ആസന്നമായതുപോലെ അയാൾക്കുതോന്നി. തന്നെ കഴുകുമരമുവട്ടിലേക്കുകൊണ്ടു പോകുവാൻ ആരോ വന്നതായിരിക്കണമെന്ന് അയാൾ ഊഹിച്ചു. അടുത്ത നിമിഷത്തിൽ അയാൾക്കു കാണുവാൻ കഴിഞ്ഞ ആ സംഭവം ഇംറാനെ അത്ഭുതസ്തബ്ധനാക്കിചമച്ചു. ആ മുറിയിലേക്കു ഒരു രൂപം നിഴൽ

കണ്ണക്കെ കടന്നുവരുന്നു. ശബ്ദം ഉണ്ടാക്കാതെ കടന്നുവരുന്ന ആ രൂപം കറുത്ത വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. തടവ് മുറിയുടെ കാവൽക്കാർ അങ്ങനെയുള്ള വസ്ത്രങ്ങളല്ല ധരിക്കാറുള്ളത്. ജയിൽ ഉദ്യോഗസ്ഥന്മാർ ആരുമല്ലെങ്കിൽ പിന്നെ ഈ അസമയത്ത് അവിടെ കടന്നുവരുന്നതാരായിരിക്കണം. ആഗതനെ തിരിച്ചറിയുവാൻ വെമ്പൽ കൊള്ളുകയാണയാൾ. അയാൾ അങ്ങനെനിന്നും കൊണ്ട് ആഗതനെ സൂക്ഷിച്ചു പഠിക്കയാണ്. നിഴലിന്റെ ഭംഗം വരുത്താതെതന്നെ ആഗതൻ അകത്തുകടന്നു. എന്നിട്ട് വളരെ സൂക്ഷിച്ച് ആ കാവടം ബന്ധിക്കയും ചെയ്തു. എന്നിട്ട് മെല്ലെ മെല്ലെ നടന്ന് ഇംറാന്റെ സമീപത്തേക്കുവന്നു. വളരെ പതിഞ്ഞ നടത്തം. ഒരു കരിങ്കൽ പ്രതിമ കണക്കെ തരിച്ചുങ്ങനെ നില്ക്കുന്ന ഇംറാൻ ആഗതൻ ആരാണെന്നറിയാതെ നില്ക്കയാണ്.

ഇംറാന്റെ തൊട്ടടുത്തുവന്നുനിന്ന ആഗതൻ മുഖമൂടി നീക്കി. കാർമേഘപടലങ്ങളകം നീങ്ങിയ ആകാശത്തിൽ പൂർണ്ണ ചന്ദ്രൻ ഉദിച്ചുയരുപോലെയാണ് ഇംറാനു അപ്പോൾ തോന്നിയത്. അയാൾ ആ വദനത്തിലേക്കു സൂക്ഷിച്ചുനോക്കി. തന്റെ കണ്ണുകളെ അയാൾക്കുതന്നെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. രാജ്ഞി സഫീരിയാ! അയാളുടെ അന്തരാളത്തിൽനിന്നു ഒരു ശബ്ദം ഉയർന്നു. തന്നോടുള്ള സ്നേഹം കൊണ്ടായിരിക്കണം ഈ അസമയത്തു അവൾ അവിടെ വന്നിരിക്കുന്നത്. ഇംറാൻ സ്വയം അഭിപ്രായപ്പെട്ടു.

ഇംറാന്റെ അത്ഭുതം ദ്വിഗുണീഭവിച്ചു. താൻ സ്വപ്നം കാണുകയാണോ.? അയാൾ സംശയിച്ചു. രാജ്ഞി

യുടെ ആഗമനത്തെ പറ്റിപിടിച്ചുംകൊണ്ടു പല വിധ സംശയങ്ങളും അയാളിൽ കുരുന്നെട്ടത്തു. അജ്ഞാതമായ ഒരു വശ്യശക്തി അയാളെ പിടിച്ചു മുമ്പോട്ടു വലിക്കയാണു്. ഇംറാൻ മുമ്പോട്ടുവന്നു രാജ്ഞിയുടെ പാദങ്ങളിൽ വീണു. എന്നിട്ടതുടൻ— "മരണത്തിൽ എനിക്കിനി ദുഃഖമില്ല. ഈ ലോക ജീവിതത്തെ സംതൃപ്തിയോടെ സമാപിക്കാൻ ഭവതിയുടെ ഈ ആഗമനം പ്രചോദനമേകുന്നു. അസഹ്യമായിരുന്ന എന്റെ ഹൃദയത്തെ തണിപ്പിക്കയും ശാന്തതയും ആനന്ദവും പ്രദാനം ചെയ്യുകയുമാണു് ഭവതി ഇപ്പോൾ ചെയ്തതു്."

രാജ്ഞിയുടെ നീലലോചനങ്ങൾ ചെറിയ ഒരു തടാകമായിമാറി. അതിൽനിന്നു പുറപ്പെട്ട ഒരു നീർച്ചാൽ അവളുടെ കവിളുകളിൽക്കൂടി ഒഴുകി മാറിൽപതിച്ചു. തന്റെ പാദങ്ങളിൽ വീണു കിടക്കുന്ന ഇംറാനെ പിടിച്ചെഴുനേല്പിച്ചും കൊണ്ടവൾ തുടർന്നു. "ഞാൻ ഒരു പാപിയാണു്. തെറ്റുകാരിയാണു്. എന്നിൽ വന്ന അപരാധങ്ങളെ നിങ്ങൾ പൊറുത്തുതരണം. നിങ്ങളുടെ വധ ശിക്ഷ രേഖപ്പെടുത്തിവെച്ചിരുന്ന ആ വിധി പത്രം ഞാൻ കണ്ടു. യാതൊരു ആലോചനയും കൂടാതെ അതിൽ ഞാൻ ഒപ്പു വെച്ചു. അങ്ങനെ ഞാൻ ചെയ്തതു് മഹാ പാതകമായിപ്പോയി. എന്നാൽ ഗത്യന്തരമില്ലാത്തതുകൊണ്ടാണു് എന്റെ കൈകൾ അതിനു സന്നദ്ധമായതെന്നു് നിങ്ങൾ ധരിച്ചാലും. ഞാൻ അറിഞ്ഞുംകൊണ്ടു ചെയ്ത ആ തെറ്റുകളെ നിങ്ങൾ ക്ഷമിച്ചുതരണം."

അവളുടെ ആ വാക്കുകൾ ഇംറാനെ ആവേശം കൊള്ളിച്ചു. സ്നേഹമസൃണമായി അവളുടെ വദനത്തിൽ നോ

ക്കികൊണ്ട് അയാൾ പ്രതിവചിച്ചു. "എന്റെ ഹൃദയത്തിൽ വലിയ ഒരു വടംവലി നടക്കയായിരുന്നു. അതിൽനിന്നു ഭവതി എന്നെ രക്ഷിച്ചു. ഇതുതന്നെ ഭവതി എനിക്കുവേണ്ടി ചെയ്ത ഏറ്റവും വലിയ ഒരു ത്യാഗമായിട്ടാണ് ഞാൻ കരുതുന്നത്. ഭവതിയുടെ കരുണാകടാക്ഷത്തിനുവേണ്ടി ഞാനിതുവരെ കാത്തിരിക്കയായിരുന്നു."

"എന്നിൽവന്ന കഴിവുകേടിനേയും തദ്ഫലമായുണ്ടായ തെറ്റുകളേയും നിങ്ങളോട് പറയുകയും അവയെ പൊരുത്തപ്പെടീക്കയും ചെയ്യാനാണ് ഞാനിപ്പോൾ ഇങ്ങോട്ടു വന്നത്. പിന്നെ ഇനിയും ഇവിടെ താമസിച്ചുകൊണ്ടിരിക്കുവാൻ നിങ്ങളെ വിട്ടുന്നതുശരിയല്ല. അതിനു എന്റെ ഹൃദയം അനുവദിക്കുന്നില്ല. വേഗം തന്നെ എന്നോടുക്രൂടി പുറപ്പെട്ടുക. രാജകീയമായ ഈ ജീവിതം ആർഭാടവും ആനന്ദവും നിറഞ്ഞതാണെങ്കിൽക്രൂടി ഈ നിമിഷം മുതൽ അതിനു പൂർണ്ണവിരാമം ഇടുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇനി എനിക്കു വേണ്ടതു സമാധാനവും സ്വാതന്ത്ര്യവും നിറഞ്ഞ ഒച്ചപാടില്ലാത്ത ഒരു ജീവിതമാണു. സാധുതപ്തോടുക്രൂടിയുള്ള ജീവിതത്തിലാണ് ഞാനത് കാണുന്നത്. ഈ നിമിഷം മുതൽ അങ്ങനെയൊരു ജീവിതം കൈക്കൊള്ളുവാൻ ഞാൻ ഉറച്ചുകഴിഞ്ഞു. അതല്ലാത്ത ഒരു പന്ഥാവിൽക്രൂടി ഈ ജീവിതത്തെ നയിക്കുവാൻ എനിക്കിനി ശക്തിയില്ല."

എന്നിങ്ങനെ പറഞ്ഞുംകൊണ്ടവർ ആ കവാടത്തിലേക്കുനടന്നു. ഒരു നിമിൽ കണക്കെ ഇംറാനും അവളെ അനുഗമിച്ചു. ശബ്ദം ഉണ്ടാക്കാതെ അവർ പുറത്തുകടന്നു. ജയിലിന്റെ ഒരു ഭാഗത്ത് വൃക്ഷങ്ങൾ തിങ്ങി നിൽക്കുന്ന

ണ്ട്. അന്ധകാര നിബിഡമായ അതിന്റെ നിഴലിനെ ലക്ഷ്യമാക്കിയാണവർ പ്രയാണം ചെയ്യുന്നത്. പാത്തും പതുങ്ങിയും വളരെ സൂക്ഷിച്ചങ്ങനെ പോവുകയാണ്. വൃക്ഷങ്ങളുടെ മറവിൽ എത്തിയതോടെ അവരുടെ നടത്തത്തിനു വേഗതക്കുടി. രണ്ടുപേരും പരസ്പര ബന്ധത്തോടെ നയിക്കുവാൻ ഉദ്ദേശിക്കുന്ന ഒരു സ്വതന്ത്ര ജീവിതത്തെ സ്വപ്നം കണ്ടുകൊണ്ട് ത്വരിതഗമനം ചെയ്യുകയാണവർ.

പെട്ടെന്നു അവരുടെ കണ്ണുപടങ്ങളിൽവന്നു മുഴങ്ങിയ ഒരു പാദ വിന്യാസം അവരെ ഭയചകിതരാക്കിച്ചമച്ചു. ഭയാശങ്കകാം അവരുടെ കാലുകളെ സ്തംഭിപ്പിച്ചുകളഞ്ഞു. നിമിഷങ്ങൾകഴിഞ്ഞു. ഞെട്ടിപ്പിക്കുന്ന ഒരു കാഴ്ചയാണവർ കണ്ടത്. സുവ്വൈനെന്യാധിപനായ ഇബ്നരിയാള് അവിടെ നില്ക്കുന്നു. അയാൾ ഒരു കാഹളം വിളിച്ചു. നാലു ഭാഗത്തുനിന്നും സൈനൃങ്ങൾ ഓടിയെത്തി അവരെ വളഞ്ഞു. പരസ്പരം സ്നേഹിച്ചതാണവർ ചെയ്ത കുറ്റം. ഒട്ടും തന്നെ താമസിച്ചില്ല. ആ കാമുകീ കാമുകന്മാർ തടവുമുറിയിലേക്ക് ആനയിക്കപ്പെട്ടു. തൂക്കികൊല്ലുവാൻ വിധിക്കപ്പെട്ട ഇംറാനും വിധി കർത്താവായ സഫീരിയായും ഒരേ സമയത്തു രണ്ടു മുറികളിലായി അടക്കപ്പെട്ടു. അങ്ങനെ അവരുടെ ജീവിതം ഇരുമ്പഴി കൂട്ടിനുള്ളിലായി.

7

സഫീരിയാ ചെയ്ത ആ കൃത്യം അവഗണിക്കാവതല്ല. തന്റെ കാമുകനെ രക്ഷിക്കുവാൻവേണ്ടി അവർ ജനിച്ച വളർന്ന യമൻ രാജ്യത്തോടു കൃതഘ്നത കാണിക്കയാണ് ചെയ്തത്. കൃതഘ്നയായ രാജ്ഞിയെ രാജദ്രോഹി

യായി കണക്കാക്കി. അവളുടെ കമിതാവായ ഇംറാനോട്ട് ക്രൂടി തൂക്കി കൊല്ലുവാനാണ് യമൻ ഭരണകൂടം വിധിച്ചിരിക്കുന്നത്. അതുകൊണ്ട് പാമര ജനത്തിനു ഒരു പാഠമായി തീരത്തക്കവണ്ണം യമൻ ജനതയുടെ കൺമുമ്പിൽവെച്ചു അവരെ രണ്ടു പേരേയും തൂക്കികൊല്ലാനാണ് നിശ്ചയം. രാജ്യദ്രോഹികളായ ഇംറാന്റെയും രാജ്ഞിയുടെയും പര്യവസാനം കണ്ടറിയുവാൻ വെമ്പൽകൊള്ളുന്ന യമൻ ജനം, വലിയ ഒരു മനുഷ്യ സമുദ്രം കണക്കെ കോട്ടക്കട്ടെത്തുള്ള മൈതാനത്തിൽ തടിച്ചുകൂടീട്ടുണ്ട്. ആ ജനത ആവേശംകൊണ്ടു കലിതുള്ളുകയാണ്. ഇംറാനോട് പകയുണ്ടെങ്കിലും അതത്ര ഗണ്യമായി തോന്നുന്നില്ല. അവക്ക് നേരെമറിച്ചു തങ്ങൾ സ്നേഹിച്ചാരാധിച്ചിരിക്കുന്ന സഫീരിയയെ എന്തു ചെയ്താലും അവക്ക് മതിവരികയില്ല. അവരിൽ നിന്നൊരാൾ വിളിച്ചുപറഞ്ഞു:—

"സഫീരിയാ എന്തു ചെയ്യും.? യമൻ രാജ്യത്തിന്റെ അഭിമാനം വിറ്റുതിന്നു."

"ലോകാന്ത്യംവരെ നശിക്കാത്ത ഒരു ദുഷ്പേരാണവളുടെ ഭരണംകൊണ്ട് യമനു കിട്ടിയത്."

"അബലകൾക്ക് ഭരണം കൊടുത്താൽ ഇങ്ങനെയുള്ള ചപലതകളൊക്കെയുണ്ടാവും."

"ആ കുലടയെ എന്തു ചെയ്യണം?"

"അവളെ കല്ലെറിഞ്ഞു കൊല്ലണം."

ആവേശ ഭരിതരായ യമൻ ജനതയുടെ മുദ്രാവാക്യങ്ങൾ അന്തരീക്ഷത്തിൽ മാറ്റൊലികൊണ്ടു. അല്പം മുമ്പ് അവളുടെ മുമ്പിൽ ഓച്ഛാനിച്ചുനിന്നിരുന്ന ജനങ്ങളുടെ

ദൃഷ്ടിയിൽ വെറും നീചയും നിന്ദ്യയുമായി ചമഞ്ഞിരിക്കയാണ് അവളിപ്പോഠം.

ഇംറാനും രാജ്ഞിയും തുക്കു മരച്ചുവട്ടിലേക്കാനയിക്കപ്പെട്ടു. കൈകാലുകഠം ആമം വെച്ചു മറവു തടവുപുള്ളികളെപ്പോലെ പട്ടാളക്കാരുടെ അകമ്പടിയോടെയാണ് അവരേയും കൊണ്ടുവന്നിരിക്കുന്നത്. അവരെ ഒരേ സമയത്തു കണ്ടതോടെ ആ ജനസഞ്ചയത്തിൽ നീറിപ്പിടിച്ചുംകൊണ്ടിരുന്ന കോപം ആളികത്തി. അവരുടെ ക്ഷമയുടെ നെല്ലിപ്പടി കണ്ടുകഴിഞ്ഞു. ക്ഷുഭിതരായ ജനങ്ങഠം കോമരങ്ങളെപോലെ കലിതുള്ളികൊണ്ട് അവരുടെ മേൽ ചാടിവീണു. പാറാവുകാക്ക് ആ മനുഷ്യ സമുദ്രത്തിന്റെ കോളിളക്കത്തെ തടുത്തു നിർത്തുവാൻ സാധിക്കാതെപോയി. ആ കാമിനീ കാമുകന്മാർ ജനങ്ങളുടെ അധീനതയിലായി. തങ്ങളുടെ കൈകൊണ്ടു അവരെ ശിക്ഷിക്കണം. എങ്കിലെ ആ ജനത സംതൃപ്തരാവു. പാറാവുകാരുടെ പരിശ്രമങ്ങഠം അസ്ഥാനത്തായി. ജനങ്ങഠം ആ തടവു പുള്ളികളെ നിർദ്ദയമായി വലിച്ചിഴച്ചു. മൈതാനത്തിലേക്കു കൊണ്ടുവന്നു. ഇംറാനും സഹീരിയായും ഭയപ്പെട്ടു വിറക്കയാണ്. വമ്പിച്ച പുരുഷാരത്തോടു് എന്തു ചെയ്യാനാവും. ഒന്നും ചെയ്യാൻ കഴിവില്ല. ജനങ്ങളുടെ കോളിളക്കം കണ്ട അവർ അന്തം വിട്ട തരിച്ചങ്ങനെ നിന്നതെയുള്ളു. അതിനിടയിൽ ആ ജനത്തിൽനിന്നു ഒരു മുദ്രാവാക്യം ഉയർന്നു.

"രാജ ദ്രോഹികളാണിവർ. കൊടാ കൊടന്മാരാണ്. കല്ലുകഠംകൊണ്ടെറിഞ്ഞുവേണം ഇവരെ കൊല്ലുവാൻ."

പ്രസ്തുത മുദ്രാവാക്യത്തോടൊപ്പം ജനങ്ങളുടെ ആരവ

ശത്തിനും ശക്തിയേറിവന്നു. ജനങ്ങൾ ഓരോ ഭാഗത്തേക്കും തിരിഞ്ഞു. കണ്ട കിട്ടിയേടത്തോളം കല്ലുകളും കട്ടകളും അവർ ശേഖരിച്ചു. പിന്നത്തെ അവസ്ഥ അവർണ്ണനീയംതന്നെ. നാലു ഭാഗത്തുനിന്നും കല്ലുകളുടെ ഒരു പേമാരി ചൊരിഞ്ഞു. ഇംറാനും രാജ്ഞിയും അദ്ധ പ്രജ്ഞരായി നിലം പതിച്ചു. താമസം വിനാ അവരുടെ മേൽ കല്ലുകൂമ്പാരം കൂന്തക്കൂടി. സാധുക്കളായ ഇംറാനും രാജ്ഞിയും കല്ലുക്കൂമ്പാരത്തിന്റെ അടിയിലായി. അവർ തിരോധാനം ചെയ്തതോടെ ജനസഞ്ചയത്തിന്റെ കോപത്തിനു അല്പമൊരു ശാന്തതവന്നു. എന്നാൽ അതുയും ആയിട്ടും ആ മനുഷ്യസമുദ്രം അവിടെനിന്നു പിൻവാങ്ങിയില്ല. തങ്ങൾ സൃഷ്ടിച്ചതും കല്ലു കഷണങ്ങൾകൊണ്ടുള്ളതുമായ ആ കൂന്നിനെ നോക്കി സംതൃപ്തരാവുകയാണ്. അല്പ സമയത്തിനുശേഷം വലിയ ഒരു ആരവം കേൾക്കയുണ്ടായി. ജനാവലി പരിഭ്രമിച്ചു. പിന്നോക്കം തിരിഞ്ഞുനോക്കി. വലിയ ഒരു സൈന്യം ആർത്തു വിളിച്ചുംകൊണ്ട് വരികയാണ്. ആ മൈതാനത്തിലേക്കു വരുന്ന സൈന്യ സമുദ്രത്തെ കണ്ട യമൻ ജനത ഭയവിഹ്വലരായിതീർന്നു. അവർ വിളിച്ചുപറഞ്ഞു.

"യഅ്ഫൂരി സൈന്യങ്ങളാണാവരുന്നത്."

യഅ്ഫൂരികൾ അവരുടെ നേതാവായ ഇംറാനെ വീണ്ടെടുക്കുവാൻ വന്നിരിക്കയാണ്. എന്നാൽ അവിടെ എത്തി ചേരുവാൻ അല്പം പാഴ്ത്തുപോയി. അവർവന്നു ചേരുന്നതിനു കുറച്ചു മുമ്പാണ് ഇംറാൻ കല്ലുകൂമ്പാരത്തിനടിയിലായത്. തങ്ങളുടെ നേതാവിനെ കണ്ടുപിടിക്കുവാൻ ധൃതിപ്പെടുകയാണ് യഅ്ഫൂരി ഭടന്മാർ. യമൻ ജനതയെ തട്ടിനീക്കിക്കൊണ്ടവർ മുമ്പോട്ട് കുതിച്ചു. മല പോലെ

കിടക്കുന്ന കല്ലുകൾ വാരിനീക്കി. അതിനടിയിൽനിന്ന് ഇംറാനെ പുറത്തെടുത്തു. യങ്ഫൂരി നേതാവിനോടൊപ്പം കണ്ടെത്തിയ മറെറാരു ദേഹവും പുറത്തുകൊണ്ടുവന്നു.

യങ്ഫൂരി സൈന്യത്തിലെ ഭിഷഗ്വരന്മാരുടെ പരിശോധനക്കു ആ ദേഹങ്ങൾ വിധേയമായി.

"മരിച്ചിട്ടില്ല"— ഭിഷഗ്വരന്മാരുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായമായിരുന്നു അത്.

യങ്ഫൂരി ഭടന്മാർ ആഹ്ലാദംകൊണ്ടു തുള്ളിച്ചാടി. "നമ്മുടെ നേതാവ് മരിച്ചിട്ടില്ല. രാജ്ഞിയും മരിക്കുന്ന ലക്ഷണമല്ല."

മുറിവേറ്റ കാമുകീ കാമുകന്മാരെ യങ്ഫൂരി താവളത്തിലേക്കുകൊണ്ടുപോയി. അവിടെ ചികിത്സയിൽ ഇരിക്കയാണവർ. യങ്ഫൂരി ഭടന്മാരാവട്ടെ യമൻ സ്വാധീനമാക്കുന്നതിൽ വ്യാപൃതരായിരിക്കയാണ്. അന്ന് സൂര്യാസ്തമനം ആയിട്ടില്ല. അതിനു മുമ്പ് തന്നെ യമൻ മുഴുവനും അവർക്കധീനമായി.

ഇംറാനും രാജ്ഞിയും കിടപ്പിലാണ്. മരണം അവരെ വിഴുങ്ങുന്നില്ലെന്ന് ഉറപ്പായി. മുറിവുകൾ നിരവധിയുണ്ടെങ്കിലും മരണകവാടം കടത്തിവിടത്തക്ക കഠിനമായ പരുക്കുകളൊന്നും അവരിൽ കാണപ്പെട്ടിരുന്നില്ല.

ദിവസങ്ങൾ—മാസങ്ങളായി മാറി. ഇംറാനും സഫീരിയായും പൂർണ്ണാരോഗ്യം പ്രാപിച്ചു. താമസംവിനാ യമൻ രാജാവായി ഇംറാൻ അഭിഷേകം ചെയ്യപ്പെട്ടു. സഫീരിയാ റാണിയും അങ്ങനെ—രാജ്ഞി പിന്നെയും രാജ്ഞിയായി തന്നെ വാണു. അതാണ് സഫീരിയായുടെ കഥ.

(തവാരീഖെ യമനിൽനിന്ന്.)

ബുക്ക് തൃശൂർ-1

മറ്റു പ്രസിദ്ധീകരണങ്ങൾ.

1. ബദർ യുദ്ധം.	0–12—
2. ഇബ്രാഹീമുബ്നു അദ്ഹം.	0–10—
3. ലൈലാമജ്നൂൻ.	0—7—
4. നാല് ചെറുകഥകൾ.	0—7—
5. സുൽത്താൻ സലാഹുദ്ദീൻ.	0—8—
6. ഹസ്രത്ത് ഉസ്മാൻ.	0—7—
7. ചേരമാൻ പെരുമാൾ.	0–12—
8. ബദരിങ്ങനിർ ഉസ്നൽജമാൽ (മാപ്പിളപ്പാട്ട്.)	1—4—
9. ഹസ്രത്ത് അലി.	0— —(
10. നമസ്കാരക്രമം ചെറുത് (ഫോട്ടോ സഹിതം.)	0—3—(

താമസിയാതെ.

1. ഹസ്രത്ത് അബൂബക്കർ.
2. ഉഹദ് യുദ്ധം.
3. പരലോകത്തിലെ ഒരു രാത്രി.

C. H. MUHAMED & SONS,
AMIRUL ISLAM LITHO POWER PRESS,
TIRURANGADI, Kerala State.
Ry. Station: PARPANAGADI.

മറ്റു പ്രസിദ്ധീകരണങ്ങൾ.

1. ബദർ യുദ്ധം.	0–12–
2. ഇബ്രാഹീമുബ്നു അദ്ഹം.	0–10–
3. ലൈലാമജ്നൂൻ.	0—7—
4. നാല് ചെറുകഥകൾ.	0—7—
5. സുൽത്താൻ സലാഹുദ്ദീൻ.	0—8—
6. ഹസ്രത്ത് ഉസ്മാൻ.	0—7—
7. ചേരമാൻ പെരുമാൾ.	0–12—
8. ബദരീങ്ങളിൽ ഉസ്മാൻരജിയല്ലാഹു (മാപ്പിളപ്പാട്ട്.)	1—4—
9. ഹസ്രത്ത് അലി.	0— —0
10. നമസ്കാരക്രമം ചെറുത് (ഫോട്ടോ സഹിതം.)	0—3—0

താമസിയാതെ.

1. ഹസ്രത്ത് അബൂബക്കർ.
2. ഉഹദ് യുദ്ധം.
3. പരലോകത്തിലെ മരു രാത്രി

C. H. MUHAMED & SONS,
AMIRUL ISLAM LITHO POWER PRESS.
TIRURANGADI, Kerala State.
Ry. Station: PARPANAGADI.